# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

പുസ്തകം 73
ലക്കം 7
ജൂലൈ 2004
വഫാ 1383
ജ. അവ്വൽ – ജ. ആഖിർ 1425

**ചീഫ് എഡിറ്റർ**
മുഹമ്മദ് ഉമർ എച്ച്. ഏ.

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**അഡീഷണൽ സെക്രട്ടറി**
**പബ്ലിക്കേഷൻ**
പി. എം. അഹ്മദ് ഹസ്സൻ

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

വരിസംഖ്യ – 100 ക.
ഒറ്റപ്രതി – 10 ക.

*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ: 2721609**
e-mail: sathyadoothan@ahmadiyya.com

**സ്ഥാപിതം**
**1925**

## ഉള്ളടക്കം

4 യുഗശബ്ദം
5 മുഖക്കുറിപ്പ്

**ലേഖനം**

6 ***ഖുർആൻ : അതുല്യഗ്രന്ഥം***
വിശുദ്ധഖുർആനെപ്പറ്റി വാഗ്ദത്ത മസീഹ്

7 ***ഖുർആൻ: സംരക്ഷിക്കപ്പെട്ട വിശുദ്ധ ഗ്രന്ഥം***
ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

9 ***കാലത്തിന്റെ സാക്ഷ്യം***
മുഹമ്മദ് ഉമർ എച്ച്. എ.

13 ***ദൈവപ്രകർഷണവും ആത്മീയ സഞ്ചാരവും***
ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

14 ***ക്രിസ്തുവിന്റെ സത്യവും സെന്റ് പോളിന്റെ ത്രിത്വവും***
ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റ)

18 ***മുനീർ കമ്മീഷൻ റിപ്പോർട്ടും ജമാഅത്തെ ഇസ്‌ലാമിയും***
ഏ. എം. മുഹമ്മദ് സലിം

23 ***അസ്ഹാബുൽ കഹ്ഫ് മുന്നൂറ് കൊല്ലം ഉറങ്ങിയോ – II***
ഏ. പി. കുഞ്ഞാമു

27 ***വിശുദ്ധ ഖുർആൻ പാരായണ മുറകൾ***
ഇബ്നു മൊഹ്‌യിദ്ദീൻ, കോഴിക്കോട്.

35 ***മനുഷ്യജീനും കുത്തകാവകാശങ്ങളും***
നൂറിൻ അജ്മൽ

36 ***മഹാത്മാ ശ്രീകൃഷ്ണൻ (അ)***
മൗലാനാ ബശീർ അഹ്മദ് സാഹിബ് ദഹ്‌ലവി

**അഭിമുഖം**

17 ***ജമാഅത്തെ ഇസ്‌ലാമി നടത്തിയ അഹ്മദിയ്യാ വിരുദ്ധ കലാപം***
***അസ്ഗർ അലി എഞ്ചിനീയർ പ്രതികരിക്കുന്നു***

**കവിത**

22 ***അവൻ ഏകൻ***
കെ. പി. ഏ. പുന്നോൽ

**യാത്രാവിവരണം**

29 ***ഖാദിയാൻ.... വിണ്ണിന്റെ വിശുദ്ധിയുള്ള മണ്ണിലെ ദേശം***
ബി. മൻസൂർ കോഴിക്കോട്.

കുറിപ്പുകൾ
വാർത്തകൾ, അനുസ്മരണം,

**മുഖചിത്രം : സമർക്കന്ദിലെ അമീർ തിമൂറിന്റെ മഖ്ബറ.**

Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, CLT - 1.

## ഖുർആനിൽ നിന്ന്

'ജ്ഞാനസമ്പൂർണ്ണമായ ഖുർആനെ നാം തെളിവായി അവതരിപ്പിക്കുന്നു..... പ്രതാപവാനും അത്യധികം കരുണ ചെയ്യുന്നവനുമായ അല്ലാഹുവിൽ നിന്ന് അവതരിച്ചതാണിത്. നീ ഒരു ജനതയ്ക്ക് മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടി.'

(36: 3-7)

## നബിവചനം

'അല്ലയോ ജനങ്ങളെ! ഞാനൊരു മനുഷ്യൻ മാത്രമാണ്. അല്ലാഹുവിൽ നിന്നും അവന്റെ ദൂതൻ (മലക്ക്) എന്റെ അടുത്ത് വന്നേക്കാം. അപ്പോൾ ഞാൻ ഈ ലോകത്തെ വിട്ടുപിരിയും. നിങ്ങൾക്കായി ഞാൻ രണ്ടു സുപ്രധാന വസ്തുക്കൾ വിട്ടുപോകുന്നു. മാർഗ്ഗദർശനവും പ്രകാശവുമടങ്ങിയ അല്ലാഹുവിന്റെ ഗ്രന്ഥമാണ് ഒന്ന്. അല്ലാഹുവിന്റെ ആ ഗ്രന്ഥത്തെ നിങ്ങൾ മുറുകെ പിടിക്കുക.

(മുസ്‌ലിം)



# ഓരോ സമുദായത്തിലും പ്രവാചകൻ

**ഹസ്‌റത്ത് മിർസാ ഗുലാം അഹ്‌മദ് (അ)**

വിശുദ്ധ ഖുർആൻ ഒരു ദിവ്യാത്ഭുതമാകുന്നു. അതിനു തുല്യമായ മറ്റൊരത്ഭുതം ഇതിനുമുമ്പുണ്ടായിട്ടില്ല. ഇനിയുണ്ടാവുകയുമില്ല. അതിന്റെ അനുഗ്രഹങ്ങളുടെയും ഔദാര്യങ്ങളുടെയും സമ്പത്ത് എന്നും നിലനില്ക്കുന്നതാകുന്നു. തിരുനബി (സ)യുടെ കാലത്ത് എപ്രകാരമായിരുന്നുവോ അപ്രകാരം തന്നെ അതു എല്ലാ കാലങ്ങളിലും തുറന്നതും ഒളിചിതറുന്നതുമായിരിക്കുന്നു. ഓരോ ആളുടെയും ഭാഷണം അയാളുടെ മനക്കരുത്തിനനുസരിച്ചിരിക്കുമെന്ന് ഓർക്കേണ്ടതാണ്. ഒരാളുടെ മനക്കരുത്തും നിശ്ചയദാർഢ്യവും ലക്ഷ്യങ്ങളുടെ ശ്രേഷ്ഠത്വവും എത്രയുണ്ടോ അത്രകണ്ടായിരിക്കും അയാളുടെ ഭാഷണത്തിന്റെ വീര്യം. ദൈവിക വെളിപാടുകളുടെ നിലയും ഇതുതന്നെ. എതൊരാളിലേക്ക് അവന്റെ വെളിപാട് ഇറങ്ങുന്നുവോ അയാൾ എത്തരത്തിലുള്ള ആളാണോ അതേ തരത്തിലുള്ള ഭാഷണമാണ് അദ്ദേഹത്തിനു ലഭിക്കുക. ആകയാൽ, അവിടത്തേക്ക് ലഭിച്ചിട്ടുള്ള ഭാഷണമുണ്ടല്ലോ അത് അങ്ങേയറ്റം ഉയർന്ന തരത്തിലുള്ളതത്രെ. അത്തരം മനോവീര്യവും നിശ്ചയദാർഢ്യവും മനസ്സുറപ്പുമുള്ള മറ്റൊരു വ്യക്തി ഇനി ജന്മമെടുക്കുകയില്ല.

*(മൽഫൂസാത്ത് വാല്യം 3. ഭാഗം 57)*

മുഖക്കുറിപ്പ്

# വിശുദ്ധ ഖുർആൻ ഒരു ദിവ്യാത്ഭുതം!

ദൈവത്തെ അറിയുകയും ആരാധിക്കുകയും ചെയ്യലാണ് മനുഷ്യന്റെ ജീവിതലക്ഷ്യമെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു. ദൈവാന്വേഷകൻ ദൈവബോധന (ഇൽഹാം)ത്താൽ പ്രബുദ്ധനാവുമെന്നും ഇതിന് തെളിവായി ഖുർആൻ പറയുന്നു. " സത്യദൈവത്തിൽ വിശ്വസിക്കുകയും പൂർണ്ണ ഭക്തിയോടും സ്ഥിരതയോടും കൂടി വർത്തിക്കുകയും ചെയ്യുന്നവരിൽ സ്വർഗ്ഗദൂതരായ മലക്കുകൾ ഇറങ്ങി അവർക്ക് ഇപ്രകാരം സന്ദേശം നൽകുന്നു: 'നിങ്ങൾ ഭയപ്പെടുകയോ മനഃസ്താപപ്പെടുകയോ അരുത്. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗ്ഗം നിങ്ങൾക്കുള്ളതിനാൽ സന്തോഷിക്കുവീൻ' (41:31). 'ദൈവത്തിൽ അനുരക്തരായ ഭക്തജനത്തിനു അവന്റെ വിശുദ്ധ ബോധനം മുഖാന്തിരം ഐഹിക ജീവിതത്തിലും അനന്തര ജീവിതത്തിലും ശുഭവാർത്ത ലഭിക്കുന്നതാണ് ' (10:65). ഭൂമിയിൽ വെച്ച് ദൈവത്തിൽ നിന്നുള്ള ഈ ഭാഷണ വരങ്ങൾ ലഭിക്കുവാനുള്ള ജീവിത പദ്ധതി ഖുർആൻ നിർദ്ദേശിക്കുകയും അതിനുള്ള സമ്പൂർണ്ണ ജീവിത മാതൃകയായി ഹസ്റത്ത് മുഹമ്മദ് നബി (സ) യെ ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. ഈ ആത്മീയ വരപ്രസാദം ലഭിച്ച കോടാനുകോടി മഹാത്മാക്കളെ ഇസ്‌ലാം മതം സംഭാവന ചെയ്തിട്ടുണ്ട്. വിശുദ്ധ ഖുർആൻ ഉന്നയിക്കുന്ന ഈ ദിവ്യ പ്രതിഭാസത്തിന്റെ ഇക്കാലത്തെ സജീവ ദൃഷ്ടാന്തമാണ് ഹസ്റത്ത് അഹ്മദ് (അ). അദ്ദേഹം രചിച്ച 'ഇസ്‌ലാം മത തത്ത്വജ്ഞാനം' എന്ന ഗ്രന്ഥത്തിൽ ഖുർആന്റെ ഈ ആത്മീയ ജ്ഞാനാന്വേഷണ മാർഗ്ഗം വ്യക്തമായി വിവരിക്കുന്നു.

ആദ്ധ്യാത്മിക ജ്ഞാനത്തിന്റെ അക്ഷയനിധിയായ വിശുദ്ധ ഖുർആൻ യുക്തിജ്ഞാനത്തിന്റെ ഒരു മുഅ്ജിസ (ദിവ്യാത്ഭുതം) കൂടിയാണ്. പ്രപഞ്ചത്തിലെ സ്ഥൂല വസ്തുക്കളിലേക്കും പ്രതിഭാസങ്ങളിലേക്കും മനുഷ്യശ്രദ്ധ ക്ഷണിച്ചുകൊണ്ട് ദൈവാസ്തിത്വത്തിന്റെ സൂക്ഷ്മ യാഥാർത്ഥ്യങ്ങളിലേക്ക് അനുവാചകനെ ഖുർആൻ ആനയിക്കുകയും അനുധ്യാനനിരതനാക്കുകയും ചെയ്യുന്നു.

"സൂര്യന് ചന്ദ്രനെ എത്തിപ്പിടിക്കാൻ കഴിയുകയില്ല. രാത്രിക്ക് പകലിനെ മറികടക്കാനും സാധ്യമല്ല. എല്ലാ ഗ്രഹങ്ങളും അതിന്റെ നിശ്ചിത പരിപഥങ്ങളിൽ സഞ്ചരിക്കുന്നു.' (36:41). വീണ്ടും ഖുർആൻ പറയുന്നു "ബുദ്ധിമാന്മാരും ജ്ഞാനികളും ഭൂമിയുടേയും ആകാശഗോളങ്ങളുടേയും സൃഷ്ടിയെക്കുറിച്ചു ചിന്തിക്കുകയും ദിനരാത്രങ്ങളുടെ അന്തരത്തിനുള്ള കാരണങ്ങൾ നിരീക്ഷിക്കുകയും ചെയ്യുമ്പോൾ പ്രപഞ്ചത്തിലെങ്ങും നിറഞ്ഞു കാണുന്നു സംവിധാനത്തിലും വ്യവസ്ഥയിലും സർവ്വോന്നതനായ ദൈവത്തിന്റെ സത്തയെ തെളിയിക്കുന്ന യുക്തികളും ന്യായങ്ങളും അവർക്കു ലഭിക്കുന്നതാണ്" (3:191)

ഭൗതിക ശാസ്ത്രത്തിന്റെ വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ 750 വചനങ്ങളിലൂടെ ഖുർആൻ നമ്മെ ആഹ്വാനം ചെയ്യുന്നു. ഇത് ഖുർആന്റെ എട്ടിലൊന്നോളം വരും. മറ്റൊരു മത ഗ്രന്ഥത്തിലും പ്രകൃതിയെ സംബന്ധിച്ച് പഠിക്കാനും ചിന്തിക്കാനും ഇത്രയേറെ അനുജ്ഞകളുള്ളതായി കാണാൻ സാധ്യമല്ല. ശാസ്ത്ര പ്രബുദ്ധമായ ആധുനിക ലോകത്തെ സ്വാഗതം ചെയ്യാൻ ഖുർആൻ സന്നദ്ധമാണ് എന്നാണ് ഇതിലെ സന്ദേശം. ഏകീകൃതപൂർണ്ണമായ പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് എന്ന നിലക്ക് ദൈവത്തിന്റെ സൂക്ഷ്മമായ സൃഷ്ടി വൈഭവങ്ങൾ വിവരിക്കുന്ന നിരവധി വചനങ്ങൾ ഖുർആനിലുണ്ട്. വിശേഷവത്ക്കരണത്തിന് വിധേയമായി വിശ്ലേഷിതമായി പുരോഗമിക്കുന്ന ശാസ്ത്രജ്ഞാനങ്ങളെ ഉദ്ഗ്രഥിക്കാൻ കൂടി പ്രപഞ്ചം പോലെ സമഗ്രമായ ഖുർആന് കഴിയും. ഖുർആന്റെ അർത്ഥപൂർണ്ണമായ വായനക്കും ആ പവിത്ര ഗ്രന്ഥത്തെ അഗാധമായി സ്നേഹിക്കാനും അല്ലാഹു നമ്മെ തുണക്കട്ടെ.

■

ലേഖനം

# ഖുർആൻ : അതുല്യഗ്രന്ഥം

## ഹസ്റത്ത് അഹ്മദ് (അ)

### വിശുദ്ധ ഖുർആനെപ്പറ്റി വാഗ്ദത്ത മസീഹ്

ഇന്നു ഭൂമുഖത്ത് ദൈവികഗ്രന്ഥങ്ങളിൽ പരിശുദ്ധ ഫുർഖാൻ മാത്രമാണ് ദൈവ വാക്യങ്ങളെന്നു ഖണ്ഡിതമായ തെളിവുകളാൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. അതിന്റെ മോക്ഷതത്ത്വങ്ങൾ സത്യത്തിന്റെയും മനുഷ്യപ്രകൃതിയുടെയും ചോദനങ്ങൾക്ക് തികച്ചും അനുയോജ്യമായിട്ടുള്ളതാകുന്നു. ശക്തിയുക്തവും അനിഷേധ്യങ്ങളുമായ സാക്ഷ്യങ്ങളുടെ പൂർണമായ പിൻബലമുള്ള സിദ്ധാന്തങ്ങളാണ് അത് മുന്നോട്ടുവെച്ചിട്ടുള്ളത്. അതിന്റെ കല്പനകളെല്ലാം സത്യാധിഷ്ഠിതമാണ്. അതിന്റെ പാഠങ്ങൾ പൊയ്ദൈവഭാവനയുടെ കലർപ്പുകളിൽ നിന്നും അനാചാരങ്ങളിൽ നിന്നും സൃഷ്ടിപൂജയിൽ നിന്നും തികച്ചും പരിശുദ്ധമാകുന്നു. 'തൗഹീദും' പൂർണമായ ദൈവമഹിമ വെളിപ്പെടുത്താനുള്ള ആത്യന്തികമായ ത്വരയും അതിൽ കാണാം. ആമൂലാഗ്രം ദൈവത്തിന്റെ ഏകതാപാഠങ്ങളാൽ നിർഭരവും അത്യുന്നതനായ ദൈവത്തിന്റെ സത്തയെ സംബന്ധിച്ചിടത്തോളം ന്യൂനതയുടെ കറയോ പോരായ്മകളോ അയോജ്യ ഗുണങ്ങളോ ആരോപിക്കാത്തതും ആണെന്ന ശ്രേഷ്ഠതയും അതിനുണ്ട്. അത് യാതൊരു വിശ്വാസവും ബലാൽക്കാരേണ അടിച്ചേല്പിക്കാൻ ആഗ്രഹിക്കുന്നില്ല. മറിച്ച്, അതു നൽകുന്ന പാഠങ്ങളുടെ സത്യനിദാനങ്ങൾ ആദ്യം വിവരിച്ചുകാട്ടുന്നു. എല്ലാ ഓരോ ലക്ഷ്യവും അത് പ്രമാണങ്ങളും സാക്ഷ്യങ്ങളും കൊണ്ട് സ്ഥാപിച്ചുറപ്പിച്ചിരിക്കുന്നു. ഓരോ തത്ത്വത്തിന്റെയും യാഥാർഥ്യം വ്യക്തമായ പ്രമാണങ്ങളാൽ വിവരിച്ചുകാട്ടിക്കൊണ്ട് പൂർണമായ ദൃഢവിശ്വാസത്തിന്റെയും പരമജ്ഞാനത്തിന്റെയും പടവിലോളം എത്തിക്കുകയും ചെയ്യുന്നു. ജനങ്ങളുടെ വിശ്വാസങ്ങളിലും കർമങ്ങളിലും വാക്കിലും പ്രവൃത്തിയിലും കടന്നുകൂടുന്ന കൊള്ളരുതായ്മകളും വൃത്തികേടുകളും ക്രമഭംഗങ്ങളും കുഴപ്പങ്ങളുമെല്ലാം തിളങ്ങുന്ന ദൃഷ്ടാന്തങ്ങളാൽ ദൂരീകരിക്കുകയും മനുഷ്യനെ മനുഷ്യനാക്കുന്നതിനു അത്യാവശ്യങ്ങളായിട്ടുള്ള സകല സംസ്കാരമര്യാദകളും അതു പഠിപ്പിക്കുകയും ചെയ്യുന്നു. ഇക്കാലത്ത് എത്ര ഊക്കോടെ തിന്മ പ്രചരിച്ചിട്ടുണ്ടോ അതേ ഊക്കിൽ തന്നെ അതിനെ പ്രതിരോധിക്കുകയും ചെയ്യുന്നു. അതിന്റെ അധ്യാപനങ്ങൾ പ്രകൃതിനിയമങ്ങളുടെ ദർപ്പണമെന്നോണം പ്രത്യക്ഷവും സുശക്തവും സമതുലിതവുമാകുന്നു. അത് നൈസർഗികമായ നിയമങ്ങളുടെ ഒരു ദർപ്പണവും പ്രകൃതി നിയമങ്ങളുടെ ഒരു ഛായാചിത്രവുമാകുന്നു. ഖുർആൻ ഹൃദയദൃഷ്ടികൾക്കും മനോനേത്രങ്ങൾക്കും പ്രകാശം ചൊരിയുന്ന പ്രത്യക്ഷസൂര്യനായി പ്രശോഭിക്കുന്നു.

(റൂഹാനീ ഖസായിൽ, വാള്യം 1, ഭാ. 81, 82; ബറാഹീനെ അഹ്മദിയ്യ, രണ്ടാം ഖണ്ഡം. ഭാ. 91, 92 ഒന്നാം പതിപ്പ്.)

### സമഗ്രത

സത്യം ഗ്രഹിക്കുന്നതിന്ന് വിശുദ്ധ ഖുർആനിൽ മൂന്ന് വാതിലുകൾ തുറന്നു കിടക്കുന്നുണ്ട്. ഒരു വാതിൽ യുക്തിജ്ഞാനത്തിന്റെതാണ്. അതായത് ദൈവത്തിന്റെ അസ്തിത്വം സ്രഷ്ടാവ് ഏകൻ, ശക്തൻ, ദയാനിധി, നിരാശ്രയൻ, എല്ലാറ്റിനും കഴിവുള്ളവൻ എന്നീ ഗുണങ്ങൾ യുക്തിയുടെ രീതി ശാസ്ത്രം ഉപയോഗിച്ചു ഖുർആനിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. യുക്തി ഉപയോഗിച്ചു കൊണ്ടുള്ള ഈ രീതി ശാസ്ത്രത്തിൽ തർക്ക ശാസ്ത്രം, വാഗ്മിത്വം, ഭൗതിക ശാസ്ത്രം, വൈദ്യ ശാസ്ത്രം, ഖഗോള ശാസ്ത്രം, ഗണിത ശാസ്ത്രം, തത്വശാസ്ത്രം, വിവാദങ്ങളുടെ രീതി ശാസ്ത്രം മുതലായവ എല്ലാം തന്നെ സമുചിതമായി ഉദ്ധരിച്ചുകൊണ്ടാണ് പ്രയാസകരമായ സമസ്യകൾ നിർദ്ധരിച്ചിരിക്കുന്നത്. ഈ രീതി അസാധാരണമാണ്. ഇത് യുക്തിയുടെ ഒരു ദിവ്യാത്ഭുതമാകുന്നു.

തർക്കശാസ്ത്രങ്ങൾക്ക് ജന്മം നൽകുകയും, തത്ത്വശാസ്ത്രത്തിന്റെ നിയമങ്ങൾ ആവിഷ്കരിക്കുകയും, ഭൗതിക ശാസ്ത്രത്തിലും, ഖഗോള ശാസ്ത്രത്തിലും അവ ആരോപിക്കുകയും അവയിൽ സ്വയം വ്യാപരിക്കുകയും ചെയ്യുന്ന മഹാന്മാരായ തത്ത്വശാസ്ത്രജ്ഞൻമാർക്ക് അവരുടെ വിശ്വാസത്തിലെ യുക്തിഭംഗങ്ങൾ നികത്തുവാൻ അവരുടെ ജ്ഞാനങ്ങൾക്ക് സാധിക്കുന്നില്ല. അവരുടെ തെറ്റുകൾ തന്നെ സ്വയം തിരുത്താനോ, മറ്റുള്ളവർക്ക് എന്തെങ്കിലും മതപരമായ നേട്ടം കൈവരുത്തുവാനോ അവരെക്കൊണ്ടാ

*(ശേഷം 22 -ാം പേജിൽ)*

# ഖുർആൻ: സംരക്ഷിക്കപ്പെട്ട വിശുദ്ധ ഗ്രന്ഥം

**മുസ്‌ലിം ജനലക്ഷങ്ങൾ എല്ലാ കാലത്തും സമ്പൂർണ്ണമായും ഹൃദിസ്ഥമാക്കിക്കൊണ്ടാണ് ഖുർആൻ സംരക്ഷിച്ചുവരുന്നത്. ഇത്രയധികം ആളുകൾ വായിക്കുന്നതും മനപ്പാഠമാക്കുന്നതുമായ മറ്റൊരു ഗ്രന്ഥവും ഭൂലോകത്തില്ല.**

ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്

ഖുർആൻ ഓതുന്നതും പകർത്തെഴുതുന്നതും പ്രസിദ്ധീകരിക്കുന്നതും ഇസ്‌ലാമിൽ വലിയ പുണ്യങ്ങളായിട്ടാണ് കരുതിപ്പോന്നിട്ടുള്ളത്. മുസ്‌ലിം ദിവ്യന്മാരും ചക്രവർത്തിമാർ പോലും ഖുർആൻ പകർത്തെഴുതുന്നതു ഒരു പുണ്യജോലിയായി സ്വീകരിച്ചിട്ടുണ്ടായിരുന്നുവെന്നു ചരിത്രം പറഞ്ഞുതരുന്നു. അറബിഭാഷ നടപ്പില്ലാത്ത ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത് തിരുനബിയുടെ ചരമത്തിനു നൂറ്റാണ്ടുകൾ ശേഷവും – മുസ് ലിംകൾ ഹിന്ദു ആചാരങ്ങളും സമ്പ്രദായങ്ങളും സ്വീകരിച്ചു തുടങ്ങിയിരുന്ന കാലത്തുപോലും – മുഗൾ ചക്രവർത്തിയായിരുന്ന ഔറംഗസേബ് വിശുദ്ധ ഖുർആൻ പകർത്തെഴുതിയാണ് തന്റെ വിശ്രമവേള കഴിച്ചുകൂട്ടിയിരുന്നത്. അദ്ദേഹം പൂർണ്ണമായ ഏഴു കയ്യെഴുത്തുപ്രതികൾ തയ്യാറാക്കിയിട്ടുള്ളതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

ഖുർആൻ ഹൃദിസ്ഥമാക്കുന്ന സമ്പ്രദായം തിരുനബിയുടെയും ആദ്യ ഖലീഫമാരുടെയും കാലത്ത് മാത്രം നടപ്പുണ്ടായിരുന്നതല്ല, ഖുർആന്റെ കയ്യെഴുത്തു പ്രതികൾ പെരുകുകയും സുലഭമായിത്തീരുകയും ചെയ്ത ശേഷവും എല്ലാ കാലത്തും മുസ്‌ലിംകൾ ധാരാളമായി ഖുർആൻ മനഃപാഠമാക്കിക്കൊണ്ടിരുന്നു. മുസ്‌ലിം ചരിത്രത്തിലെ വിവിധ ഘട്ടങ്ങളിലെല്ലാം കൂടി ഒരു ലക്ഷത്തിനും രണ്ടു ലക്ഷത്തിനുമിടയിൽ ആളുകൾ ഖുർആൻ ഹൃദിസ്ഥമാക്കിയവരുണ്ടായിരുന്നുവെന്നു ഒരു മതിപ്പുകണക്ക് കൊണ്ടു കാണുന്നു. എന്നാൽ, ഇതിലുമെത്രയോ അധികം പേർ ഖുർആൻ ഹൃദിസ്ഥമാക്കിയവരുണ്ടായിരുന്നിരിക്കണം. മുസ്‌ലിംകളുടെ വികാരങ്ങളെയും മുസ്‌ലിം ഹൃദയങ്ങളിൽ ഖുർആൻ ഉളവാക്കിയ സ്നേഹഭക്ത്യാതിരേകങ്ങളെയും നല്ലവണ്ണം മനസ്സിലാക്കിയിട്ടില്ലാത്ത യൂറോപ്യൻ എഴുത്തുകാർ ഈ വിധത്തിലെല്ലാം ഖുർആനെ സ്വച്ഛരൂപത്തിൽ സംരക്ഷിച്ചുപോന്നിട്ടുണ്ടെന്നു വിശ്വസിക്കാൻ തയ്യാറില്ലായിരുന്നു. ബൈബിൾ മുഴുവനും ഹൃദിസ്ഥമാക്കിയ ഒരൊറ്റ ആളെക്കുറിച്ചും ചരിത്രത്തിൽ രേഖപ്പെട്ടു കാണാത്തതിനാൽ, ഓരോ തലമുറയിലും വലിയൊരു വിഭാഗമാളുകൾ ഖുർആൻ ആമൂലാഗ്രം മനഃപാഠമാക്കിപ്പോന്നിട്ടുണ്ടെന്നു വിശ്വസിക്കാൻ അവർക്ക് കഴിഞ്ഞില്ല. ഖുർആന്റെ ഭാഷ അത്യന്തം താളാത്മകമാണെന്നും പ്രയാസമെന്യേ മനഃപാഠമാക്കാവുന്ന വിധത്തിലാണ് അതിന്റെ ഘടനയെന്നുമുള്ളതു ആ പവിത്രഗ്രന്ഥത്തിന്റെ ഒരതിശയമാണെന്ന വസ്തുത പ്രത്യേകം ഓർമ്മിക്കേണ്ടിയിരിക്കുന്നു, എന്റെ സീമന്തപുത്രനായ ഹാഫിസ് മിർസാ നാസിർ അഹ്മദ് * (ഇദ്ദേഹം പഞ്ചാബ് യൂനിവർസിറ്റിയിലെ ബി.എ. ഓണേഴ്സ് ബിരുദവും ഓക്സ്ഫോർഡ് യൂനിവർസിറ്റിയിൽ നിന്നും എം.എ. ബിരുദവും എടുത്ത ഒരാളത്രെ) എന്റെ നിർദ്ദേശപ്രകാരം, ലൗകിക വിദ്യാഭ്യാസം ആരംഭിക്കുന്നതിന്നു മുമ്പായിട്ടുതന്നെ ഖുർആൻ ഹൃദിസ്ഥമാക്കിയിട്ടുണ്ടായിരുന്നു. ഖാദിയാനെപ്പോലുള്ള ചെറിയൊരു സ്ഥലത്തുതന്നെ രണ്ടു ഡോക്ടർമാരും അനേകം ബിരുദധാരികളും ഖുർആൻ മനഃപാഠമാക്കിയവരായുണ്ട്. അവരിലൊരാളാകട്ടെ, നാലോ അഞ്ചോ മാസത്തിനുള്ളിലാണ് ഖുർആൻ ഹൃദിസ്ഥമാക്കിയത്. ഇന്ത്യൻ ഫെഡറൽ കോർട്ട് ജഡ്ജ് സർ മുഹമ്മദ് സഫ്‌റുല്ലാഹ് ഖാന്റെ * പിതാവ് അമ്പതു വയസ്സു പൂർത്തിയായതിൽ പിന്നെ ഏതാനും മാസങ്ങൾക്കകമാണ് ഖുർആൻ മനഃപാഠമാക്കിയത്. മോറീഷ്യസിൽ ഞങ്ങളുടെ മിഷ്യനറിയായിരുന്ന ഹാഫിസ് ഗുലാം മുഹമ്മദ് സാഹിഹ് മൂന്നുമാസങ്ങൾക്കകമാണ് ഖുർആൻ ഹൃദിസ്ഥമാക്കിയത് ഈ ഗ്രന്ഥകാരൻ

ഹജ്ജിന്നായി മക്കത്തേയ്ക്കു യാത്ര ചെയ്തയവസരത്തിൽ മുൻഷി ജമാലുദ്ദീൻഖാന്റെ (കുറെക്കാലം ഇദ്ദേഹം ഭോപാലിലെ മന്ത്രിയായിരുന്നു) പൗത്രനെ കണ്ടുമുട്ടിയപ്പോൾ താൻ ഒന്നൊരമാസംകൊണ്ടു ഖുർആൻ ഹൃദിസ്ഥമാക്കിയതായി എന്നോടു പറയുകയുണ്ടായി. ഖുർആന്റെ മൂലവാചകങ്ങൾ എളുപ്പത്തിൽ മനഃപാഠമാക്കാവുന്ന ഭാഷയിലാണെന്നാണ് ഇതെല്ലാം തെളിയിക്കുന്നത്. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകരുടെ പ്രപിതാമഹനായ മിർസാ ഗുൽമുഹമ്മദ് – മുഗൾചക്രവർത്തിയായിരുന്ന ആലംഗീർ രണ്ടാമന്റെ സമകാലീനനാണിദ്ദേഹം – ഖുർആൻ മുഴുവനും ഹൃദിസ്ഥമാക്കിയിരുന്ന അഞ്ഞൂറോളമാളുകളെ തന്റെ കൊട്ടാരത്തിൽ പാർപ്പിച്ചിരുന്നതായി പറഞ്ഞു കേട്ടിട്ടുണ്ടെന്നു ചില വയോവൃദ്ധന്മാർ ഈ ഗ്രന്ഥകാരനോടു പറയുകയുണ്ടായിട്ടുണ്ട്. ഇരുന്നൂറ്റി അമ്പതു ചതുരശ്രനാഴിക വിസ്തീർണ്ണമുള്ള ഒരു പ്രദേശത്തിന്റെ അധിപനായിരുന്നു മിർസാ ഗുൽമുഹമ്മദ്. അറബിഭാഷ വിപുലമായി അറിയപ്പെടാത്ത ഇന്ത്യയിലെ ചില ഭാഗങ്ങളിൽ ഖുർആൻ മനഃപാഠമാക്കുന്ന സമ്പ്രദായം ഒരു വിഭാഗം മുസ്‌ലിംകൾക്കിടയിൽ നൂറ്റാണ്ടുകളായി നിലനിന്നു വന്നിട്ടുള്ളതായി കാണാം.

ഖുർആന്റെ മൂലപരിശുദ്ധി സംരക്ഷിക്കുന്നതിനുവേണ്ടി സ്വീകരിച്ചുവന്നിട്ടുള്ളതും നൂറ്റാണ്ടുകളായി തുടർന്നുവന്നിട്ടുള്ളതുമായ മറ്റൊരു ഏർപ്പാട് ജന്മനാ അന്ധരായിട്ടുള്ളവരും ശൈശവത്തിൽതന്നെ കുരുടന്മാരായിപ്പോയിട്ടുള്ളവരുമായ കുട്ടികളെ ഖുർആൻ ഹൃദിസ്ഥമാക്കുന്നതിന്നു പ്രോത്സാഹിപ്പിച്ചുപോന്നിട്ടുണ്ടെന്നതത്രെ. ഒരു കുരുടൻ സാധാരണ ജോലിയൊന്നും ചെയ്യാൻ പ്രാപ്തനല്ലാത്തതിനാൽ, ഖുർആന്റെ ഒരു സംരക്ഷകനായിത്തീർന്നുകൊണ്ട് അയാൾക്ക് തന്റെ കഴിവുകേടിനെ പരിഹരിക്കാവുന്നതാണെന്ന വിചാരമാണ് ഇത്തരം ഏർപ്പാടിനു പ്രചോദനം നൽകിയത്. അങ്ങനെ, അന്ധനായ ഒരു മുസ്‌ലിമിന്നു ഹാഫിസ് (സംരക്ഷകൻ) എന്ന ബഹുമതിപ്പേർ സ്വയം വന്നുചേരുമാറ് ഈ സമ്പ്രദായം സർവ്വസാധാരണമായിത്തീർന്നു.

റമസാൻ മാസത്തിൽ ലോകത്തിലെങ്ങുമുള്ള പ്രധാന പള്ളികളിലെല്ലാം നടക്കുന്ന സംഘനമസ്കാരങ്ങൾക്കിടയിൽ ഖുർആൻ മുഴുവനുമായി ഉറക്കെ ചൊല്ലിക്കേൾപ്പിക്കപ്പെടുന്നു. ഇമാം ഉറക്കെ ഖുർആൻ ഓതുന്നു. അദ്ദേഹത്തിന്റെ തൊട്ടു പിന്നിലായി മറ്റൊരു ഹാഫിസ് ഉണ്ടായിരിക്കും. ഇമാം ഓതുന്നതിൽ വല്ല തെറ്റുമുണ്ടോ എന്നു അയാൾ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയും തെറ്റുമ്പോൾ ഉണർത്തുകയും ചെയ്യുന്നു. ഇങ്ങനെ, റമസാൻ മാസത്തിൽ ലോകത്തെങ്ങുമുള്ള ലക്ഷക്കണക്കിലുള്ള പള്ളികളിൽവെച്ചു ഖുർആൻ മുഴുവനുമായി ഓതപ്പെടുന്നുണ്ട്.

## അമുസ്‌ലിം വിദ്വാന്മാർ സാക്ഷിക്കുന്നു

ഖുർആൻ വാക്യമൂലങ്ങളുടെ പരിശുദ്ധിയും സ്വച്ഛതയും നിലനിർത്തിവന്ന വിവിധങ്ങളായ മാർഗ്ഗങ്ങളും മുൻകരുതലുകളും ഇതെല്ലാമായിരുന്നു. ഇതിന്റെയെല്ലാം ഫലമായി, തിരുനബിയുടെ കാലംതൊട്ടുതന്നെ ഖുർആന്റെ മൂലരൂപം പൂർണ്ണമായും സംരക്ഷിക്കപ്പെട്ടു വന്നിട്ടുണ്ടെന്നു ഇസ്‌ലാമിന്റെ ബദ്ധവൈരികൾക്ക് പോലും സമ്മതിച്ചുപറയേണ്ടിവന്നു. ആകയാൽ, തിരുനബി ലോകത്തിന്നു ഖുർആൻ എപ്രകാരം നൽകിയോ അതേപ്രകാരം തന്നെ അതു ഇന്നും നിലനിൽക്കുന്നുണ്ടെന്നു പൂർണ്ണമായ വിശ്വാസത്തോടുകൂടി നമുക്കുറപ്പിച്ചു പറയാം. ഇതുസംബന്ധിച്ചു ചില പാശ്ചാത്യഗ്രന്ഥകാരന്മാർ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങൾ ചുവടെ ഉദ്ധരിക്കട്ടെ.

സർ വില്യം മുയിർ Life of Muhammad എന്ന തന്റെ ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു: "അദ്ദേഹം (മുഹമ്മദ് നബി) കുറെയൊക്കെ ശരിപ്പെടുത്തിയിട്ടുണ്ടാകാമെങ്കിലും നമ്മുടെ കയ്യിൽ കിട്ടിയിട്ടുള്ളതു അദ്ദേഹത്തിന്റേതായ ഖുർആൻ തന്നെയാണ്..." (P. XXVIII). "ഖുർആനിലുള്ള ഓരോ വാചകവും അസ്സലായിട്ടുള്ളതും മുഹമ്മദ് രചിച്ചിട്ടുള്ളതിൽ നിന്നും ഒട്ടും വ്യത്യാസപ്പെട്ടിട്ടില്ലാത്തതുമാണെന്നു അങ്ങേയറ്റം ശക്തിയോടുകൂടി നമുക്കുറപ്പിച്ചു പറയാൻ കഴിയും.'' (P. XXVIII). ''മുഹമ്മദ് താൻ തന്നെ നൽകിയതും ഉപയോഗിച്ചതുമായ മൂലഗ്രന്ഥം തന്നെയാണ് നമ്മുടെ പക്കലുള്ളതെന്നു ഉറച്ചുവിശ്വസിക്കാവുന്നവിധം ബാഹ്യവും ആന്തരിയവുമായ സകല രക്ഷയും അതിനു ലഭിച്ചിരിക്കുന്നു." പിന്നെയും പറയുന്നു: ''ഖുർആനെ ദൈവവചനമെന്നു മുഹമ്മദീയർ എത്രകണ്ടു വിശ്വസിക്കുന്നുവോ അത്രകണ്ടു അതു നിശ്ചയമായും മുഹമ്മദിന്റെ വചനം തന്നെയാണെന്നു നമുക്കും വിശ്വസിക്കാൻ കഴിയും എന്നു വോൺ ഹാമർ അഭിപ്രായപ്പെട്ടിട്ടുള്ളതിനോടു ഏതാണ്ടു തികച്ചും യോജിച്ചുകൊണ്ടുതന്നെ നമുക്കും അഭിപ്രായപ്പെടാം" (P. XVIII).

നോൾഡിക്ക് പറയുന്നു: "നിസ്സാരമായ കൈത്തെറ്റുകൾ ഉണ്ടായിരിക്കാം. എന്നാൽ, ഉസ്മാന്റെ ഖുർആനിലെ ഉള്ളടക്കം ചിലപ്പോൾ വളരെ അത്ഭുതാവഹമായി തോന്നുംവിധം തന്നെ അസ്സൽ വാക്യങ്ങളാണെന്നു കാണാം. ഖുർആനിൽ പിൽക്കാലത്തു കയ്യേറ്റങ്ങളുണ്ടായിട്ടുണ്ടെന്നു തെളിയിക്കാൻ യൂറോപ്യൻ വിദ്വാന്മാർ നടത്തിയ എല്ലാ ശ്രമങ്ങളും പരാജയമടയുകയാണുണ്ടായത്" (Enc. Brit, 9th Edition-Quran).

## ക്രമപ്പെടുത്തിയതാര്?

ഖുർആനിലെ അദ്ധ്യായങ്ങൾ ഹസ്രത്ത് ഉസ്മാനാണ് ക്രമപ്പെടുത്തിയതെന്നു ചിലർ തറപ്പിച്ചു പറയാറുണ്ട്. എന്നാലതു ശരിയല്ല. റമസാൻ മാസത്തിൽ തിരുനബി(സ) തന്നെ ഖുർആൻ മുഴുവനും ഓതിത്തീർക്കാറുണ്ടായിരുന്നുവെന്നതു പ്രസിദ്ധമാണ്. സഹാബാക്കളിൽ ചിലരും അങ്ങനെ ചെയ്യാറുണ്ടായിരുന്നു. റമസാൻ മാസം ഖുർആൻ മുഴുവനും തന്നെ നബി(സ) ജിബ്രീലിന്നു ഓതിക്കേൾപ്പിക്കാറുണ്ടായിരുന്നുവെന്നും ഹദീസിൽ വന്നിട്ടുണ്ട് (ബുഖാരി). ഇപ്പറഞ്ഞതു ഒരു അമുസ്‌ലിം സമ്മതിച്ചുതരികയില്ലായിരിക്കാം. എന്നാലും, അദ്ദേഹം ഖുർആൻ മുഴുവനുമായി ഓതിവന്നിരുന്നു എന്ന

*(ശേഷം 12 -ാം പേജിൽ)*

ലേഖനം

# കാലത്തിന്റെ സാക്ഷ്യം

മുഹമ്മദ് ഉമർ എച്ച്.എ.

**ആത്മീയാന്ധകാരം നിറഞ്ഞ കാലഘട്ടത്തിൽ പ്രവചനങ്ങളുടെ നിറവിൽ വാഗ്ദാനം ചെയ്യപ്പെട്ട പരിഷ്കർത്താവ് സമുചിതം ആഗതനായി.**

ഒരു ദൈവ നിയുക്ത വാദിയുടെ സത്യസാക്ഷ്യത്തിന്ന് ആധാരമായും നിദാനമായും വിശുദ്ധ ഖുർആനിൽ നിന്ന് ലഭ്യമാകുന്ന ഒരു മാനദണ്ഡം കാലത്തിന്റെ ആവശ്യകതയാണ്. വിശുദ്ധ ഖുർആൻ ഹസ്റത്ത് റസൂൽ തിരുമേനി(സ)യുടെ ആഗമനത്തിന്നു മുമ്പുള്ള കാലത്തെക്കുറിച്ച് അരുൾ ചെയ്തിരുന്നത് കരയും കടലും ഒരുപോലെ ദുഷിച്ചുപോയിരുന്നു (30:42)വെന്നാകുന്നു. ഈ ദൈവവചനത്തിന്റെ വ്യാഖ്യാനാർഥമായി, വേദം ലഭിച്ചവരും അല്ലാത്തവരും ദുഷിച്ച് സത്യമാർഗത്തിൽ നിന്നും വളരെ വിദൂരപ്പെട്ടുപോയിരുന്നുവെന്നാണ് വ്യാഖ്യാതാക്കൾ എഴുതിയിരുന്നത്. ചരിത്രകാരന്മാർ ആ കാലത്തിന്ന് ഇരുണ്ടകാലം എന്നു നാമകരണം ചെയ്തിരുന്നു. ആ ആത്മീയാന്ധകാര നിബിഢമായ കാലത്തവതരിച്ച ഹസ്റത്ത് മുഹമ്മദു നബി(സ) ലോകത്ത് വരുത്തിവെച്ച ആത്മീയ വിപ്ലവം നിസ്തുല്യവും വർണനാതീതവുമായിരുന്നു.

അപ്രകാരം ആ പുണ്യാത്മാവിന്റെ വരിഷ്ടദാസനും ആത്മീയ സുതനുമായ ഹസ്റത്ത് അഹ്മദുൽ ഖാദിയാനി(അ) താൻ ഈ നൂറ്റാണ്ടിലെ മതപരിഷ്കർത്താവു മാത്രമല്ല, ഹസ്റത്ത് റസൂൽ കരീം തിരുമേനി (സ)യാൽ സുവാർത്ത അറിയിക്കപ്പെട്ട വാഗ്ദത്ത മഹ്ദീ മസീഹാണെന്നും വാദിച്ചു. ഇസ്ലാമിക ശരീഅത്തായ വിശുദ്ധ ഖുർആൻ ഒരു വള്ളിക്കോ പുള്ളിക്കോ ഒരു വ്യത്യാസവും ഇല്ലാതെ നിലനിൽക്കുകയും ധാരാളം ഹദീസ് ഗ്രന്ഥങ്ങളും അവ പഠിപ്പിക്കുന്നതിന്നായി ധാരാളം മതപണ്ഡിതന്മാരും ദീനീ മദ്രസകളും അറബിക് കോളേജുകളും നിലനിൽക്കുന്നു എന്നിരിക്കെ ഒരു മതപരിഷ്ക്കർത്താവിന്റെ ആവശ്യകതയെന്താണെന്നു മുസ്ലിം പണ്ഡിതന്മാർ വിമർശനമുയർത്തുകയുണ്ടായി.

എന്നാൽ വിമർശനങ്ങളും എതിർപ്പുകളും റസൂൽ തിരുമേനി (സ)യുടെ പ്രവചനങ്ങൾക്കും മുന്നറിയിപ്പുകൾക്കും എതിരാണ്. കാരണം, വിശുദ്ധ ഖുർആന്റെയും ഹദീസുകളുടെയും മതപണ്ഡിതന്മാരുടെയും അവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സാന്നിധ്യത്തിൽത്തന്നെ മുസ്ലിംകൾ അവസാനകാലത്ത് യഹൂദി നസാറാക്കളെ ചാണിന്നു ചാണായും മുഴത്തിന്നു മുഴമായും അനുഗമിക്കുകയും ഇസ്ലാമിൽ അതിന്റെ പേരും ഖുർആനിൽ അതിന്റെ ലിപിയും മാത്രം അവശേഷിക്കുകയും അവരുടെ പള്ളികൾ ജനനിബിഢമായിരിക്കുമെങ്കിലും ഹിദായത്ത് ഇല്ലാത്ത വെറും കെട്ടിടങ്ങളായിരിക്കുമെന്നും അവർക്ക് നേരായ പാത കാണിച്ചു കൊടുക്കേണ്ട അവരുടെ മതപണ്ഡിതന്മാർ ആകാശത്തിനുകീഴിൽ ഏറ്റവും നികൃഷ്ട ജന്തുക്കളായിത്തീരുമെന്നും എല്ലാ കുഴപ്പങ്ങളും അവരിൽ നിന്നുതന്നെ പുറപ്പെട്ടു അവരിൽത്തന്നെ മടങ്ങുന്നതായിരിക്കുമെന്നും യഹൂദികൾ 72 കക്ഷികളായിപ്പിരിഞ്ഞിട്ടുണ്ടെങ്കിൽ തന്റെ സമുദായം 73 കക്ഷികളായിപ്പിരിയുമെന്നും അവയിൽ ഒരേ ഒരു ഇമാമിന്റെ കീഴിൽ സംഘടിക്കുന്ന 'അൽ ജമാഅത്ത്' ഒഴികെ ബാക്കി 72 ഫിർഖകളും നരകത്തിൽ പതിക്കുന്നതാണെന്നും ഈ അവസ്ഥ സംജാതമാകുമ്പോൾ മുസ്ലിംകളുടെ ഹൃദയത്തിൽ നിന്നും കാർത്തികാ നക്ഷത്രത്തോളം ഉയർന്നുപോയ ഈമാനെ ഒരു ഫാർസി വംശജൻ വീണ്ടും കൊണ്ടുവന്നു ജനഹൃദയങ്ങളിൽ രൂഢമൂലമാക്കുമെന്നും ഹസ്റത്ത് നബി കരിം (സ) പ്രവചിക്കുകയുണ്ടായി.

പ്രസ്തുത എല്ലാ പ്രവചനങ്ങളും മുന്നറിയിപ്പുകളും ഈ കാലത്ത് അക്ഷരാർഥത്തിൽ പൂർത്തിയായിരിക്കുന്നതായി കാണുവാൻ സാധിക്കുന്നു.

ഇന്നത്തെ തങ്ങളുടെ അനാഥവും അധഃപതിതവും ആയ ശോചനീയാവസ്ഥയെക്കുറിച്ച് മുസ് ലിംകളും അവരുടെ പ്രസിദ്ധീകരണങ്ങളും തന്നെ ഏറ്റു പറയുന്നു.

മുസ്ലിംകൾ ഒരു ഭാഗത്ത് ആന്തരികമായി അധഃപതന ഗർത്തത്തിൽ ആണ്ടാണ്ടു പോവുകയാണെങ്കിൽ മറു ഭാഗത്ത് ദജ്ജാലിശക്തികൾ ഇസ്ലാമിന്റെയും

മുസ്‌ലിംകളുടെയും ശക്തി നിശ്ശേഷം നശിപ്പിക്കുവാൻ എല്ലാ വിധ കുതന്ത്രങ്ങളും പ്രയോഗിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഒരു നൂറ്റാണ്ടിലധികം കാലമായി ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുന്നു.

ഈ കാലഘട്ടത്തിലാണ് ഇമാം മഹ്ദിയുടെ ആവിർഭാവമുണ്ടാവുക എന്നാണ് ഹസ്റത്ത് റസൂൽ കരിം(സ) അരുൾ ചെയ്തിരിക്കുന്നത്. അതായത്

وَ يَأْتِي عَلَى أُمَّتِي زَمَنٌ لَا يَبْقَى مِنَ الْإِسْلَامِ إِلَّا اسْمُهُ وَلَا
يَبْقَى مِنَ الْقُرْآنِ إِلَّا رَسْمُهُ فَحِينَئِذٍ يَأْذَنُ اللهُ تَبَارَكَ وَ تَعَالَى
له بالخروج فيظهر الله الا سلام به و يجدده

ഇസ്‌ലാമിൽ അതിന്റെ പേരും ഖുർആനിൽ അതിന്റെ ലിപിയും മാത്രം അവശേഷിക്കുന്ന ഒരു കാലഘട്ടം എന്റെ സമുദായത്തിൽ വരും. അപ്പോൾ അല്ലാഹു ഇമാം മഹ്ദിയെ അയച്ച് അദ്ദേഹം വഴി ഇസ്‌ലാമിന്നു വിജയം നൽകുകയും അതിനെ പുനരുദ്ധരിക്കുകയും ചെയ്യുന്നതാണ്. (യനാബീ ഉൽ മവദ്ദതി Vol. 3 page 100)

പ്രസ്തുത പ്രവചനത്തിന്റെ വെളിച്ചത്തിൽ ഇസ്‌ലാം ആന്തരികമായും ബാഹ്യമായും നശിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ആ പുണ്യാത്മാവ് അവതരിച്ചു ഇപ്രകാരം വാദിച്ചു:

"ഏതൊരു ദൈവമാണ് എന്നെ നിയുക്തനാക്കിയിരിക്കുന്നത്, ഏതൊരുവന്റെ പേരിൽ കറ്റുകെട്ടിപ്പറയുന്നത് ശപിക്കപ്പെട്ടവരുടെ പണിയാണോ അവന്റെ പേരിൽ ആണയിട്ടു ഞാൻ പറയുന്നു, അവനാണെന്നെ വാഗ്ദത്തം മഹ്ദീ മസീഹായിട്ടയച്ചിരിക്കുന്നത്. ഞാൻ വിശുദ്ധ ഖുർആന്റെ വചനങ്ങളിന്മേൽ വിശ്വാസമർപ്പിച്ചിരിക്കുന്നതുപോലെ ഒരു കടുകളവു വ്യത്യാസമില്ലാതെ എനിക്കിറങ്ങിയ അല്ലാഹുവിന്റെ വ്യക്തമായ വഹ്‌യുകളിൽ വിശ്വസിക്കുന്നു. അവയുടെ സത്യം തുടർന്നുണ്ടായിക്കൊണ്ടിരിക്കുന്ന അടയാളങ്ങളാൽ എന്റെ മേൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. (ഏക്ക് ഗൽത്തീകാ ഇസാല).

എന്നാൽ ഇന്നത്തെ മുസ്‌ലിംകളിൽ ഭൂരിപക്ഷവും ഈ ദൈവീകാഹ്വാനത്തെ തികച്ചും അവഗണിച്ചു കളയുകയാണു ചെയ്തത്. അതിന്റെ തിക്തഫലം മുസ്‌ലിം ലോകം ഇന്നും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

ഈ അവഗണനക്കു കാരണമായിപ്പറയുന്നത് മുകളിൽ വിവരിച്ചതുപോലെ വിശുദ്ധ ഖുർആൻ എന്ന പരിപൂർണ ശരീഅത്ത് നിലവിലിരിക്കെ ഒരു ആത്മീയ പരിഷ്ക്കർത്താവിന്റെ ആവശ്യമില്ലെന്നാണ്. എന്നാൽ ഈ നിലപാടു തികച്ചും തെറ്റാണെന്ന് റസൂൽ തിരുമേനി (സ)യുടെ ഒരു പ്രവചനം സാക്ഷ്യപ്പെടുത്തുന്നു. അതായത് ഹസ്റത്ത് റസൂൽ കരീം(സ) അരുൾ ചെയ്തതായി ഹസ്റത്ത് അബൂഹുറൈറ(റ) രിവായത്ത് ചെയ്യുന്നു:

നിശ്ചയമായും അല്ലാഹു ഓരോ നൂറ്റാണ്ടിന്റെയും ആദ്യത്തിൽ ഈ ഉമ്മത്തിന്ന് അതിന്റെ ദീനിനെ (ഇസ്‌ലാം മതത്തെ) പുനർ ജീവിപ്പിക്കുന്നവരെ നിയോഗിക്കുന്നതാണ്.

(അബൂദാവൂദ് വോ. 2. പേ. 212, മിശ്ക്കാത്ത് പേ.36)

ഇസ്‌ലാമിൽ ഉണ്ടാകുന്ന ഈ മതപരിഷ്കരണത്തെ ഇസ്‌ലാമിന്റെ മൂലപ്രമാണങ്ങൾ അംഗീകരിക്കുന്നു. ഇത് സംബന്ധിച്ചു ജമാഅത്തെ ഇസ്‌ലാമിയുടെ ദ്വൈമാസിക യായ ''ബോധന"ത്തിന്റെ 2004 മാർച്ച് – ഏപ്രിൽ ലക്കത്തിൽ "തജ്ദീദ് അർഥവും വ്യാപ്തിയും" എന്ന ഒരു ലേഖനം പ്രസിദ്ധീകൃതമായിരിക്കുന്നു. ലേഖനകർത്താവ് പ്രസ്തുത കാര്യം വസ്തുനിഷ്ഠമായി വിശദീകരിച്ച് കൊണ്ടെഴുതുന്നു:

''നവോത്ഥാനം (തജ്ദീദ്) എന്ന ആശയം ഇസ്‌ലാമിന്റെ മൂലപ്രമാണങ്ങൾ അംഗീകരിക്കുന്നു. ഏതൊരു ജനതയെയും സ്ഥിരമായ പതിതാവസ്ഥയിൽ വിട്ടേക്കുക എന്നത് ദൈവിക നീതിയോ ചര്യയോ അല്ല. സമൂഹങ്ങളുടെ ഉത്ഥാനപതനങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്യുന്ന ഖുർആനിക സൂക്തങ്ങൾ ഈ വസ്തുതയെ സുതരാം വെളിപ്പെടുത്തുന്നുണ്ട്. പ്രവാചകൻ (സ) സ്പഷ്ടമായിപ്പറഞ്ഞ തജ്ദീദ് എന്ന പദം ഖുർആനിൽ കാണുന്നില്ല. എങ്കിലും ഈ ഒരാശയം ഖുർആന്ന് അന്യമല്ല എന്ന് ബോധ്യപ്പെടുത്തുന്ന നിരവധി പരാമർശങ്ങൾ ഖുർആനിൽ പലയിടങ്ങളിലും ആവർത്തിക്കുന്നുണ്ട്." (ബോധനം. പേജ് 19).

അതായത് വിശുദ്ധ ഖുർആന്റെ വാഹകരെ, അധഃപതിതാവസ്ഥയിൽ നാശോന്മുഖരായിത്തീരുവാൻ അല്ലാഹു അനുവദിക്കുന്നതല്ല. അവരുടെ തജ്ദീദിന്നായി – നവോത്ഥാനത്തിന്നായി – അല്ലാഹു മുജദ്ദിദീങ്ങളെ – മതപരിഷ്കർത്താക്കളെ–തക്ക സമയത്ത് തന്നെ നിയോഗിക്കുന്നതാണ്.

'തജ്ദീദു' എന്ന വാക്ക് ഖുർആനിലില്ലെങ്കിലും അതിന്നുപകരമായി തുഹ്‌യാഅ് (പുനർജീവനം) എന്ന പദം ഈയർഥത്തിൽ വിശുദ്ധ ഖുർആനിൽ പലസ്ഥലങ്ങളിലും പ്രയോഗിച്ചിരിക്കുന്നു. ഉദാഹരണമായി.

وَمِنْ اٰيٰتِهٖ يُرِيْكُمُ الْبَرْقَ
خَوْفًا وَّطَمَعًا وَّيُنَزِّلُ مِنَ السَّمَآءِ مَآءً فَيُحْيٖ بِهِ الْاَرْضَ
بَعْدَ مَوْتِهَا ۭ اِنَّ فِيْ ذٰلِكَ لَاٰيٰتٍ لِّقَوْمٍ يَّعْقِلُوْنَ ۝۲۴

അതായത്, നിങ്ങൾക്ക് ഭയവും പ്രത്യാശയും ജനിപ്പിക്കുമാറു അവൻ മിന്നൽ കാണിച്ചുതരികയും ആകാശത്ത് നിന്നു വെള്ളമിറക്കി അതുമുഖേന ഭൂമിയെ അതിന്റെ നിർജീവതക്കുശേഷം പുനർജീവിപ്പിക്കുകയും ചെയ്യുക എന്നത് അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ്. തീർച്ചയായും അതിൽ ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളും ഉണ്ട്. (30: 25) വീണ്ടും അരുൾ ചെയ്യുന്നു:

يُخْرِجُ الْحَيَّ مِنَ
الْمَيِّتِ وَيُخْرِجُ الْمَيِّتَ مِنَ الْحَيِّ وَيُحْيِ الْاَرْضَ بَعْدَ
مَوْتِهَا ۭ وَكَذٰلِكَ تُخْرَجُوْنَ ۝۱۹ وَمِنْ اٰيٰتِهٖٓ اَنْ خَلَقَكُمْ مِّنْ

അതായത് അവൻ നിർജീവ വസ്തുക്കളിൽ നിന്ന് ജീവനുള്ള വസ്തുക്കളെയും ജീവനുള്ള വസ്തുക്കളിൽ നിന്ന് നിർജീവ വസ്തുക്കളെയും പുറത്തേക്കു കൊണ്ടുവരുന്നു. ഭൂമി നിർജീവമായതിന്നുശേഷം അതിനെ അവൻ പുനർജീവിപ്പിക്കുകയും ചെയ്യുന്നു. ഇതേപ്രകാരം നിങ്ങളെയും (പുനരുജീവിതാവസ്ഥയിൽ) പുറത്തേക്കു കൊണ്ടുവരുന്നതാണ്. (30:20)

ഇതുപോലുള്ള ധാരാളം ആയത്തുകൾ വിശുദ്ധ ഖുർആനിലുണ്ട്. പ്രസ്തുത ആയത്തിൽ വന്ന 'ചിന്തിക്കുന്ന ജനങ്ങൾക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്' എന്ന ആയത്ത് ചിന്താർഹമാണ്. അതായത് ഇതെപ്രകാരം മനുഷ്യഹൃദയം ആത്മീയജലമില്ലാതെ നിർജീവമായിപ്പോകുമ്പോൾ അതിനെ പുനർജീവിപ്പിക്കുവാൻ അല്ലാഹു തന്റെ ദിവ്യഭാഷണം എന്ന ആത്മീയ ജലം മുഖേന ലോകത്ത് മതപരിഷ്കർത്താക്കളെ നിയോഗിക്കുന്നു. ഈ പ്രക്രിയ വിശുദ്ധ ഖുർആന്റെ അവതരണത്തിന്നുശേഷവും നടക്കുന്നതായി വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു.

ഈ യാഥാർഥ്യം 'ബോധനം' ദ്വൈമാസികയുടെ ലേഖനകർത്താവ് അംഗീകരിച്ചുകൊണ്ട് ഇപ്രകാരം എഴുതുന്നു:

“ഇഹ്‌യാഅ് എന്ന പദമാണ് പുനരുജീവനം എന്ന അർഥത്തെ ദ്യോതിപ്പിക്കാൻ ഖുർആൻ പ്രയോഗിച്ചിരിക്കുന്നത്. മൃതമായ തരിശുഭൂമിയെ സജലവും ഉർവരവും ആക്കുന്നു എന്ന ആശയത്തിലാണ് ഈ പദം ഏറിയ കൂറും ഉപയോഗിച്ചിരിക്കുന്നത്. ഓജസ്സുറ്റതും സജീവവുമായ ഒരു സമൂഹസൃഷ്ടിയെ സംബന്ധിച്ച ഉപദേശനിർദേശങ്ങളാണ് ഖുർആൻ സമർപ്പിക്കുന്നത്. അതുകൊണ്ടുതന്നെ മൃതിയടഞ്ഞ ഒന്നിനെ പുനരുജീവിപ്പിക്കുക എന്ന ആശയം സ്പഷ്ടമായിപ്പറയാതെ വ്യംഗ്യമായി സൂചിപ്പിക്കുക മാത്രമേ ഖുർആൻ ചെയ്യുന്നുള്ളൂ. ഉദാഹരണമായി അല്ലാഹു പറയുന്നു:

أَلَمْ يَأْنِ لِلَّذِينَ آمَنُوا أَن تَخْشَعَ قُلُوبُهُمْ لِذِكْرِ اللَّهِ وَمَا نَزَلَ
مِنَ الْحَقِّ وَلَا يَكُونُوا كَالَّذِينَ أُوتُوا الْكِتَابَ مِن قَبْلُ فَطَالَ
عَلَيْهِمُ الْأَمَدُ فَقَسَتْ قُلُوبُهُمْ وَكَثِيرٌ مِّنْهُمْ فَاسِقُونَ ﴿١٦﴾ اعْلَمُوا أَنَّ
اللَّهَ يُحْيِي الْأَرْضَ بَعْدَ مَوْتِهَا قَدْ بَيَّنَّا لَكُمُ الْآيَاتِ لَعَلَّكُمْ تَعْقِلُونَ ﴿١٧﴾

ദൈവസ്മരണയാൽ ഹൃദയം ഭക്തിനിർഭരമാക്കുന്നതിന്നും അവൻ അവതരിപ്പിച്ച സത്യം അനുസരിക്കുന്നതിനും നേരത്തെ വേദം ലഭിച്ചവരെപ്പോലെ ആയിത്തീരാതിരിക്കുവാനും സത്യവിശ്വാസികൾക്ക് ഇനിയും സമയമായിട്ടില്ലേ? അക്കൂട്ടരാകട്ടെ കാലമേറെ കടന്നുപോയപ്പോൾ അവരുടെ മനസ് കടുത്തുപോയി. ഇന്ന് അവരിലേറെയും പേർ പാപികളായിത്തീർന്നിരിക്കുന്നു. നന്നായി ഗ്രഹിച്ചിരിക്കുക, അല്ലാഹു ഭൂമിയെ അതിന്റെ മരണാനന്തരം പുനർജീവിപ്പിക്കുന്നുവെന്ന് നാം നിങ്ങൾക്ക് ദൃഷ്ടാന്തങ്ങൾ മുഖേന സ്പഷ്ടമായി കാണിച്ചുതന്നിരിക്കുന്നു. നിങ്ങൾ ബുദ്ധിയുപയോഗിച്ചു ഗ്രഹിച്ചെങ്കിലോ? (അൽഹദീദു 16, 17) ഇസ്രായേൽ സന്തതികളെക്കുറിച്ചുള്ള പരമാർശമാണ് പ്രസ്തുത സൂക്തങ്ങളിൽ. കാലദൈർഘ്യത്താൽ വഴികേടിലായ ആ സമൂഹത്തിന്റെ പുനരുജീവന സാധ്യതയെ ബോധ്യപ്പെടുത്താനാണ് സൂക്താവസാനം, നന്നായി ഗ്രഹിക്കുക, അല്ലാഹു ഭൂമിയെ അതിന്റെ മരണാനന്തരം ജീവിപ്പിക്കുന്നു എന്നു സൂചിപ്പിച്ചത്.” (ബോധനം പേജ് 20).

ഇവിടെ രണ്ടുകാര്യങ്ങളാണ് സ്പഷ്ടമായി മനസ്സിലാകുന്നത്. ഒന്നു കാലദൈർഘ്യത്താൽ യഹൂദി നസാറാക്കൾ ആത്മീയമായി നിർജീവരായത്പോലെ തന്റെ ഉമ്മത്തും യഹൂദി നസാറാക്കളെപ്പിൻതുടർന്നു, കാലദൈർഘ്യം കൊണ്ട് വഴി പിഴക്കുന്നതാണെന്ന റസൂൽ തിരുമേനിയുടെ പ്രവചനം അനുസ്മരിക്കപ്പെടുന്നു. രണ്ടു – ഭൂമിയെ അതിന്റെ മരണാനന്തരം ജീവിപ്പിക്കുന്നതുപോലെ സമൂഹത്തിന്റെ പുനരുജീവനത്തിനായി ദൈവം ആത്മീയ ജലവർഷത്തിന്നുള്ള ഏർപ്പാടു ചെയ്യുന്നതാണ്.

അതെ, മുഹമ്മദീ ഉമ്മത്തിന്റെ നിർജീവാവസ്ഥയും ഹസ്റത്ത് ഇമാം മഹ്ദിയുടെ ആവിർഭാവവും മൂലം ഈ രണ്ടുകാര്യങ്ങളും ഇവിടെ പൂർത്തിയായിരിക്കുന്നു.

പ്രസ്തുത ആയത്തിന്നു വിശദീകരണമെന്നോണം ബോധനലേഖനകർത്താവു എഴുതുന്നു:

''സമൂഹങ്ങളുടെ ഈ നവീകരണ സാധ്യത മറ്റെല്ലാ സമൂഹങ്ങൾക്കും ബാധകമാണെന്നും മുസ്‌ലിം സമൂഹത്തിന്നു മാത്രം ബാധകമല്ലെന്നും വാദിക്കുവാൻ നമുക്കു തെളിവുകളില്ല. എന്നു മാത്രമല്ല അത് വിശുദ്ധ ഖുർആൻ സമർപ്പിക്കുന്ന പൊതുതത്വങ്ങൾക്ക് എതിരാണുതാനും” (ബോധനം പേജ് 20). ഇത്രയും വിവരിച്ചതിന്നുശഷം ലേഖനകർത്താവ് ഒരു സത്യത്തിലേക്ക് വെളിച്ചം വീശുന്നു:

''ദീനിന്റെ സർവതോന്മുഖമായ തജ്ദീദ് നിർവഹിക്കുന്ന ഒരു സമ്പൂർണ മുജദ്ദിദിന്റെ ആഗമനം നമ്മുടെ കാലവും സാഹചര്യവും ആവശ്യപ്പെടുന്നുണ്ടു. നമ്മുടെ ബുദ്ധിയും ചിന്തയും ഒരു മുജദ്ദിദിനെ പ്രതീക്ഷിക്കുന്നു. നൂറോ ആയിരമോ വർഷങ്ങൾ കഴിഞ്ഞാലും ദീനിനെ അതിന്റെ യഥാർഥ ഔന്നത്യത്തിലേക്ക് നയിക്കുന്ന ഒരു മഹ്ദി പ്രത്യക്ഷപ്പെടുമെന്ന ഹദീസുകളുടെ പ്രവചനം ഈയൊരർഥത്തിലുള്ള സൂചനയായിക്കൂടേ?” (ബോധനം പേജ് 24)

ഈ യാഥാർഥ്യങ്ങളുടെ വെളിച്ചത്തിൽ ഹസ്റത്ത് നബി കരിം(സ) ചെയ്ത എല്ലാ പ്രവചനങ്ങളെയും മുന്നറിയിപ്പുകളെയും സാക്ഷാൽക്കരിച്ചുകൊണ്ട് തക്ക സമയത്ത് തന്നെ ഇമാം മഹ്ദി പ്രത്യക്ഷനാവുകയും ആഗോളാടിസ്ഥാനത്തിൽ മഹത്തായ വിപ്ലവം സംജാതമാകുകയും ചെയ്തു. ദൈവിക പ്രവചനമനുസരിച്ച് ഇന്നു അദ്ദേഹത്തിന്റെ സന്ദേശം ഭൂമിയുടെ കോണുകളോളം എത്തി. എന്നാൽ വ അലാ അബ്സാരിഹിം ഇശാവത്തുൻ – അവരുടെ കണ്ണുകളിൽ തിരയും മറയും ഉണ്ട് – എന്ന ഖുർആൻ വാക്യമനുസരിച്ച് ഹസ്റത്ത് ഇമാം മഹ്ദിയുടെ ആഗമനത്തെയും “കാലാന്തരേണ പ്രതലിച്ചുപോയ ദീനിന്റെ അധ്യാപനങ്ങളെ പൂർവഗാമികളുടെ കാലത്തെ യഥാർഥ രൂപത്തിലേക്ക് തിരി

ച്ചുകൊണ്ടുപോവുകയും ഏടുകളിൽ ഒതുങ്ങിപ്പോയ ദീനിനെ പ്രായോഗികതയുടെ ഭൂമികയിലേക്ക് പറിച്ചുനടുകയും ചെയ്ത മഹാത്മാവ് തന്നെയും" (പേജ് 24) അങ്ങനെ അദ്ദേഹം മതലോകത്ത് സംജാതമാക്കിയ ആത്മീയ വിപ്ലവത്തെയും കാണുവാൻ ഇക്കൂട്ടർക്ക് സാധിച്ചില്ല. അതിന്റെ തിക്തഫലം ദജ്ജാലിയത്തിന്റെ പിടിയിലമർന്നു കൊണ്ട് ഏത് രീതിയിലാണു മുസ്‌ലിം ലോകം അനുഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് ചന്ദ്രികയുടെ ഒരു പത്രാധിപക്കുറിപ്പ് സാക്ഷ്യം വഹിക്കുന്നു:

''മുസ്‌ലിം ലോകം ഇന്നു അസ്വസ്ഥതയുടെ നിഴലിലാണ് സഞ്ചരിക്കുന്നത്. അനുഗ്രഹങ്ങളും ആശീർവാദങ്ങളും അവർക്കുണ്ട്. ലോകജനസംഖ്യയിൽ നാലിൽ ഒരു ഭാഗമാണ് മുസ്‌ലിംകൾ. എന്നിട്ടും അസ്വസ്ഥതയുടെ മൂടുപടം മുസ്‌ലിംകളിൽ ദൃശ്യമാകുന്നു. ലോകത്ത് നാനാഭാഗങ്ങളിലും നീറുന്ന മനസ്സുമായി കഴിയുന്ന മുസ്ലിംകൾ വേദന കടിച്ചിറക്കുന്ന ഒരു സമൂഹമായി മാറിയിരിക്കുകയാണ്. മുസ്‌ലിം നാടുകളിൽ എവിടെ നോക്കിയാലും പ്രശ്നങ്ങളുടെ കൂമ്പാരങ്ങളാണു കാണപ്പെടുന്നത്. പ്രശ്നങ്ങൾ വിട്ടുമാറാത്ത മുസ്‌ലിം ലോകം നാശത്തിന്റെ ഗർത്തത്തിലേക്ക് വീഴാൻ ഒരുങ്ങുകയാണ്. അമേരിക്കയുടെയും റഷ്യയുടെയും ചട്ടുകങ്ങളാകാൻ മത്സരിക്കുന്ന അറബ് രാഷ്ട്രങ്ങളെയാണ് ഇന്ന് എവിടെയും കാണുന്നത്.

(ചന്ദ്രികയുടെ പത്രാധിപ അടിക്കുറിപ്പ് 24.2.81)

ഇത് 23 വർഷങ്ങൾക്കു മുമ്പുള്ള മുസ്‌ലിം ലോകത്തിന്റെ അവസ്ഥയായിരുന്നു. അതിന്നുശേഷം നടന്ന ഗൾഫ് യുദ്ധങ്ങൾ, ഇറാഖിന്റെയും അഫ്ഗാനിസ്ഥാന്റെയും പതനങ്ങൾ മുതലായ വേദനാജനകമായ സംഭവവികാസങ്ങൾ മുസ്‌ലിം ലോകത്തിന്റെ പതനത്തെ സൂചിപ്പിക്കുന്നു

ഇന്നു മുസ്‌ലിം ലോകം ദജ്ജാലിയത്തിന്റെ മുഷ്ടിയിലമർന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങൾ മുസ്‌ലിംകൾക്കു ഇതികർത്തവ്യതാമൂഢരായി നോക്കി നിൽക്കുവാനേ സാധിക്കുന്നുള്ളൂ.

ഇതിന്നുള്ള ഏക പരിഹാരമാർഗം ഇസ്‌ലാമിന്റെ ആഗോള വിജയത്തിലേക്ക് ജൈത്രയാത്ര നടത്തുന്ന, ജനഹൃദയങ്ങളെ സ്നേഹത്താലും സൗഹാർദത്താലും പിടിച്ചടക്കിക്കൊണ്ടുള്ള ദൈവനിയുക്തനായ ഇമാം മഹ്ദിയുടെ ജമാഅത്തുമായി ബന്ധപ്പെടുക മാത്രമാണ്. ഈ യാഥാർഥ്യം മനസ്സിലാക്കാനുള്ള സൗഭാഗ്യം അല്ലാഹു മുസ്‌ലിം ലോകത്തിന്ന് നല്കിയനുഗ്രഹിക്കുമാറാകട്ടെ. ആമീൻ. ■

---

*(8 -ാം പേജിൽ നിന്ന് തുടർച്ച)*

തിൽ സംശയമില്ലല്ലൊ. എന്തെങ്കിലും ക്രമീകരണം അനുസരിച്ചാവണം അദ്ദേഹമതു ചെയ്തതു.

തിരുനബിയുടെ ചരമത്തിന്നു ശേഷം ഹസ്റത്ത് അലി(റ), ഖലീഫയായിക്കഴിഞ്ഞിരുന്ന ഹസ്റത്ത് അബൂബക്കറിനെ കുറച്ചുനാളത്തേയ്ക്കു ചെന്നുകാണുകയുണ്ടായില്ല. ഹസ്റത്ത് അബൂബക്കർ (റ) അദ്ദേഹത്തെ ആളയച്ചു വരുത്തി. താൻ ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടതിൽ വല്ല അനിഷ്ടവുമുണ്ടോ എന്നു ഹസ്റത്ത് അബൂബക്കർ (റ) അദ്ദേഹത്തോടു ചോദിച്ചു. ഒരനിഷ്ടവുമില്ലെന്നും, ഖുർആൻ അവതരിച്ച രീതിയിൽ തന്നെ അതിനെ ക്രമപ്പെടുത്തുന്ന ഒരു ജോലിയിൽ താൻ മുഴുകിയിരിക്കുകയായിരുന്നെന്നും തിരുനബി (സ) ചരമം പ്രാപിച്ചപ്പോൾതന്നെ ഈ ചുമതല നിർവ്വഹിച്ചു തുടങ്ങണമെന്നു താൻ ആലോചിച്ചുറച്ചതാണെന്നും അദ്ദേഹം മറുപടി നൽകി. തിരുനബിയുടെ കാലത്തു ഖുർആൻ ഒരു പ്രത്യേക രീതിയിലാണ് ഓതിവരാറുണ്ടായിരുന്നതെന്നും അതു ഖുർആൻ അവതരിച്ച ക്രമത്തിലായിരുന്നില്ലെന്നും ഇതിൽ നിന്ന് വ്യക്തമാകുന്നുണ്ടല്ലൊ. അതുകൊണ്ടാണ്, ചരിത്രപരമായ ആവശ്യങ്ങളെ പരിഗണിച്ചു, ഖുർആൻ അവതരിച്ച ക്രമത്തിൽ തന്നെ അതു പകർത്തു സൂക്ഷിക്കാൻ അലി(റ) തീരുമാനിച്ചതും ഏതെങ്കിലും വാക്യമോ വാക്യങ്ങളോ തിരുനബിക്കിറങ്ങിയാൽ അദ്ദേഹം ഖുർആൻ എഴുതി സൂക്ഷിക്കുന്നവരിലാരെയെങ്കിലും ഉടൻ വിളിച്ചുവരുത്തുകയും ആ വാക്യം ഏതു അദ്ധ്യായത്തിൽ എവിടെ ചേർക്കണമെന്നു നിർദ്ദേശിച്ചുകൊണ്ടു അതെഴുതിവെക്കാൻ കല്പിക്കുകയും ആണ് ചെയ്തിരുന്നെന്ന് ഹദീസുകളിൽ കാണാം. തിരുനബിയ്ക്കു വെളിപാടുകളുണ്ടായാൽ ആ വെളിപാടുവാക്യം ഏതു അദ്ധ്യായത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്നുംകൂടി തിരുനബിയ്ക്കു അറിവുനൽകപ്പെട്ടിരുന്നു എന്നു ഇതു കാണിക്കുന്നുണ്ടല്ലോ.

** അഹ്മദിയ്യാ ജമാഅത്തിന്റെ മൂന്നാം ഖലീഫ പതിനൊന്നാം വയസ്സിൽ തന്നെ ഖുർആൻ മുഴുവനും ഹൃദിസ്ഥമാക്കിയിരുന്നു. - പരി.*

** സഫറുല്ലഹ്ഖാൻ. പിന്നീട് ലോക കോടതി ജഡ്ജിയും പാകിസ്താൻ വിദേശകാര്യമന്ത്രിയുമായി.* ■

## നിശാനമസ്കാരവും ആത്മ നിയന്ത്രണവും

നിശാവേളയിൽ എഴുന്നേറ്റ് നമസ്കരിക്കുന്നത് തീർച്ചയായും ആത്മ നിയന്ത്രണം കൈവരുത്തുന്നതിന് ഏറ്റവും ശക്തമായ മാർഗ്ഗവും വാക്കുകൾ ചൊവ്വാക്കുന്നതിന് കൂടുതൽ സഹായകരമാകുന്നു. പകൽ വേളയിൽ നിനക്ക് സുദീർഘമായ പ്രവർത്തന പരിപാടികളുണ്ട്.

***വിശുദ്ധ ഖുർആൻ (73:7,8)***

# ദൈവ പ്രകർഷണവും ആത്മീയ സഞ്ചാരവും

## ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

ആത്മീയ പുരോഗതി പ്രാപിക്കുന്നതിനു രണ്ടു മാർഗങ്ങളെപ്പറ്റി സൂഫികൾ രേഖപ്പെടുത്തിയിരിക്കുന്നു. (1) 'സുലൂക്ക്' അതായത് 'സഞ്ചരിക്കുക' (2) 'ജസബ്' അതായത് പ്രകർഷണം അഥവാ ആകർഷണം, വശീകരണം. സുലൂക് എന്നാൽ ബുദ്ധി ഉപയോഗിച്ച് യുക്തിമാർഗേണ അല്ലാഹുവിന്റെയും റസൂലിന്റെയും വഴി പിൻപറ്റുക എന്നതാണ്. അല്ലാഹു അരുൾ ചെയ്യുന്നു:

അതായത്, നീ പറയുക, നിങ്ങൾ അല്ലാഹുവിനു പ്രിയങ്കരരായിരിക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ഹസ്റത്ത് റസൂൽ കരിം (സ) തിരുമേനിയെ പിൻപറ്റുക. (3:32). അദ്ദേഹം പരിപൂർണ മാർഗ ദർശകനും ലോകത്തിൽ മറ്റാരും അനുഭവിച്ചിട്ടില്ലാത്തയത്ര വിഷമങ്ങൾ സഹിച്ച പ്രവാചകനും ആകുന്നു. അദ്ദേഹം ഒരു ദിവസം കൂടി വിശ്രാന്തി കൊണ്ടില്ല. ഏതൊരാളാണോ അനുധാവനം ചെയ്യപ്പെടുന്നത് ആ ആളുടെ ഓരോ വാക്കും പ്രവൃത്തിയും പൂർണമായും അത്യദ്ധ്വാനത്തോടുകൂടി അനുധാവനം ചെയ്യുന്ന ആളാണ് യഥാർഥത്തിലുള്ള അനുയായിയാകാൻ യോഗ്യതയുള്ള ആൾ.

അലസതയും അശ്രദ്ധയും അതേപ്രകാരം പരുക്കൻ സ്വഭാവവും അല്ലാഹു ഇഷ്ടപ്പെടുന്നില്ല. അത്തരം ആൾ അല്ലാഹുവിന്റെ ക്രോധത്തിന്നു പാത്രമായിത്തീരുകയാണു ചെയ്യുന്നത്. ഇവിടെ അല്ലാഹു റസൂൽ തിരുമേനി (സ) യെ അനുധാവനം ചെയ്യാനുള്ള അനുശാസന നൽകിയത് കൊണ്ട് ഒരാത്മീയ സഞ്ചാരി (സാലിക്) യുടെ കടമ ആദ്യമായി ഹസ്റത്ത് റസൂൽ തിരുമേനി(സ)യുടെ സമ്പൂർണ ജീവചരിത്രം പഠിക്കുകയാണ്. അതിനെയാണ് അനുഗമിക്കേണ്ടത്. സുലൂക് (ആത്മീയ സഞ്ചാരം) എന്നാൽ ഇതാണർഥം. ഈ സഞ്ചാരപഥത്തിൽ ധാരാളം വിപത്തുകളും അഗ്നിപരീക്ഷകളുമുണ്ട്. ഈ എല്ലാ ആപത്തുകളിലും അരിഷ്ടതകളിലും സ്ഥൈര്യത്തോടെ നിലകൊള്ളുന്ന ഒരു മനുഷ്യനാണ് സാലിക് അഥവാ ആത്മീയ സഞ്ചാരിയാകുവാൻ സാധിക്കുക. ഈ പ്രകർഷിത സമൂഹത്തിന്റെ (അഹ്ലെ ജസ്ബ്) സ്ഥാനം ആത്മീയ സഞ്ചാരി (സാലിക്കി)യുടെ സ്ഥാനത്തേക്കാൾ വലുതാണ്. അല്ലാഹു ആത്മപ്രകർഷിതരെ ആത്മീയ സഞ്ചാരികളുടെ പഥത്തിലൂടെയുള്ള സഞ്ചരിതാവസ്ഥയിൽ മാത്രം വ്യാപൃതരാക്കുന്നില്ല. അവരെ അഗ്നിപരീക്ഷയിൽ വലയിതരാക്കുകയും തന്നിലേക്ക് ആകർഷിച്ചെടുക്കുകയും ചെയ്യുന്നു. എല്ലാ പ്രവാചകന്മാരും മജ്സൂബ് അതായത് ദൈവ സ്നേഹത്താൽ പ്രകർഷിക്കപ്പെട്ടവരും അതിൽ ആമഗ്നരുമാണ്.

മനുഷ്യാത്മാവിന് പരീക്ഷണങ്ങളെ നേരിടേണ്ടിവരുമ്പോഴെല്ലാം അതിലെ അനുഭവങ്ങളിൽ നിന്നും ആത്മാവ് ചൈതന്യ ദീപ്തി പ്രസരിപ്പിക്കുന്നു. ഉദാഹരണമായി ഉരുക്ക്, കണ്ണാടി എന്നിവയിൽ തിളക്കത്തിന്റെ ധാതു അടങ്ങിയിരിക്കുന്നുവെങ്കിലും അതിനെ എത്ര കണ്ടു മിനുസപ്പെടുത്തുന്നുവോ അത്ര കണ്ട് അതിന്റെ തിളക്കം പുറത്തു പ്രത്യക്ഷമാകുന്നു. അതിൽ തന്റെ മുഖം ദർശിക്കുവാൻ സാധിക്കുന്നു.

തീവ്ര യത്നങ്ങളും മിനുസപ്പെടുത്തുന്നത് പോലെയാണ്. മുഖം ദർശിക്കപ്പെടുന്ന വിധം ഹൃദയത്തെ മിനുസപ്പെടുത്തേണ്ടതാണ്. മുഖം കാണുക എന്നതിന്റെ താല്പര്യം ദൈവിക ഗുണങ്ങൾ അതിൽ പ്രതിഫലിക്കപ്പെടുകയാണ്. ഒരു സാലിക്കിന്റെ ഹൃദയം കണ്ണാടിയാണ്. അതിനെ പരീക്ഷണങ്ങളും കഷ്ടപ്പാടുകളും എത്ര കണ്ട് മിനുക്കി പോളിഷു ചെയ്യുന്നുവോ അത്ര കണ്ട് തിരുനബിയുടെ മഹൽ ഗുണങ്ങൾ അതിൽ പ്രതിബിംബിക്കപ്പെടുന്നു. ഈ സ്ഥിതിവിശേഷം സംജാതമാകുന്നത് ഹൃദയത്തിൽ ഒരു വിധത്തിലുള്ള വിദ്വേഷവും മാലിന്യവും അവശേഷിക്കാത്ത നിലയിൽ അധികമായ തീവ്രയത്നങ്ങളാൽ അതിനെ ശുദ്ധീകരിക്കുമ്പോഴാണ്. അപ്പോൾ മാത്രമേ ഈ സ്ഥാനം കരഗതമാവുകയുള്ളൂ. ഓരോ വിശ്വാസിക്കും ഒരു പരിധിവരെ ഈ പരിശുദ്ധിയുടെ ആവശ്യമുണ്ട്. ഒരു കണ്ണാടിയാകാതെ കണ്ട് ഒരു വിശ്വാസിക്കും മോക്ഷ പ്രാപ്തി സാധ്യമല്ല. ആത്മീയ സഞ്ചാരം നടത്തുന്നയാൾ സ്വയം പോളീഷ് ചെയ്യപ്പെടുന്നു. സ്വയം കഷ്ടതകളും വിഷമങ്ങളും ഏറ്റെടുക്കുന്നു. എന്നാൽ ദൈവപ്രകർഷിതൻ (ജസബുള്ളാഹ്) ആപത്തുകളിൽ അകപ്പെടുത്തപ്പെടുന്നു. അയാളെ മിനുസമാക്കി രൂപപ്പെടുത്തുന്നത് അല്ലാഹു സ്വയം തന്നെയാണ്. പല വിധത്തിലുള്ള വിഷമങ്ങളും കഷ്ടപ്പാടുകളും നൽകി അയാൾക്ക് ദർപ്പണത്തിന്റെ സ്ഥാനം നൽകിയനുഗ്രഹിക്കുന്നു. വാസ്തവത്തിൽ സാലിക്കിന്റെയും (ദൈവത്തെ പ്രാപിക്കുന്നതിനായി ആത്മീയ സഞ്ചാരം നടത്തുന്ന ആളിന്റെയും) മജ്സൂബിന്റെയും (ദൈവപ്രകർഷിതന്റെയും) പ്രതിഫലം ഒന്നു തന്നെയായിരിക്കും. ചുരുക്കത്തിൽ ഒരു മുത്തഖിക്കു രണ്ടു വശങ്ങളാണുള്ളത് 1. സുലൂക്ക് 2. ജസബ്. (മൽഫൂസാത്ത് വാള്യം 1 പേജ് 29)

**(വിവ. മുഹമ്മദ് ഉമർ)**

■

ലേഖനം

(Christianity a Journey from Facts to Fiction എന്ന ഗ്രന്ഥത്തിൽ നിന്ന്).

# ക്രിസ്തുവിന്റെ സത്യവും സെന്റ് പോളിന്റെ ത്രിത്വവും

ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റ)

**യേശുവിന്റെ യഥാർത്ഥ ശിഷ്യൻ ജെറുസെലം സഭയുടെ നേതാവായ ജെയിംസ് അഥവാ യാക്കോബ് ആണ്. സെൻറ് പോളാകട്ടെ ക്രിസ്തുമതത്തെ വഴി തെറ്റിച്ച ത്രിത്വത്തിന്റെ ഉപജ്ഞാതാവും.**

ക്രിസ്തുമതത്തിന്റെ അടിസ്ഥാന സിദ്ധാന്തമായ ത്രിത്വം ക്രിസ്തുവിന്റെ ജീവിത കാലത്ത് ക്രിസ്തുമതത്തിൽ ഇല്ലാത്ത ഒന്നാണ്. ഈ സിദ്ധാന്തം രൂപപ്പെട്ടുവരാൻ തുടങ്ങിയത് ക്രിസ്തുവിന്റെ ക്രൂശീകരണത്തിനു ശേഷം മാത്രമാണെന്നേ പരമാവധി പറയാൻ സാധ്യമാവൂ. വ്യക്തമായി നിർവ്വചിക്കപ്പെട്ട രൂപത്തിലും ഭാവത്തിലും ക്രിസ്തുമതം രൂപപ്പെട്ടുവരാൻ നൂറ്റാണ്ടുകൾ എടുത്തിട്ടുണ്ട്. വ്യത്യസ്തമതത്തിലും സംസ്കാരത്തിലും പാരമ്പര്യത്തിലും ഉൾപ്പെട്ട ക്രിസ്ത്യൻ ദൈവശാസ്ത്രജ്ഞരുടേയും തത്വശാസ്ത്രവിദഗ്ധരുടേയും തീക്ഷ്ണവും വിവാദാത്മകവുമായ സുദീർഘ സംവാദപ്രക്രിയകകളിലൂടെയാണ് ത്രിത്വവാദം കടന്നു വരുന്നത്.

ആദ്യകാലത്ത് ക്രിസ്തുമതത്തിനെ വരവേറ്റ പല ദേശങ്ങളിലെയും മിത്തുകളും പാരമ്പര്യങ്ങളും വമ്പിച്ച തോതിൽ ക്രിസ്തുമതത്തെ സ്വാധീനിക്കുകയുണ്ടായി. ക്രിസ്തുമതത്തിന്റെ മുഖ്യമായ താഴ്തടി ജൂതമത പാരമ്പര്യത്തിന്റേതാണ്. ക്രിസ്തുമതം രൂപപ്പെട്ടുവന്ന ആദ്യകാലങ്ങളിൽ അതിന്റെ വിശ്വാസവും തത്ത്വശാസ്ത്രവുമെല്ലാം വളർന്നു വികസിച്ചത് ജൂതമതത്തിന്റെ വിലാസത്തിലായിരുന്നു. ക്രിസ്തുമതത്തിന്റെ ആദ്യകാല ചരിത്രത്തിലുടനീളം ഈ ജൂതമത സ്വാധീനം ഏറ്റവും പ്രബലമായി നിന്നു. ജൂതമത വിഭാഗത്തിൽപെട്ടവരാണ് യേശുവിൽ നിന്ന് നേരിട്ട് ക്രിസ്തുമതം പഠിക്കുകയും യേശുവിന്റെ ജീവിതത്തിന് സാക്ഷ്യം വഹിക്കുകയും ചെയ്തത്. യേശുവിന്റെ വിശുദ്ധമായ അദ്ധ്യാപനങ്ങളുടെയും, ജീവിത പാഠങ്ങളുടെയും ഭൂമികയിൽ ആഴത്തിൽ വേരുകളുള്ളവർ അവരാണ്. യേശുവിനെ സ്വീകരിച്ച ഈ ജൂതമതസ്ഥർ തന്നെയായിരുന്നു യേശുവിന്റെ ക്രൂശീകരണത്തിന് സാക്ഷ്യം വഹിച്ചതും ആ വധശ്രമത്തിൽ നിന്നും യേശുവിന്റെ അതിജീവനം നോക്കിക്കണ്ടതും.

### യേശുവിന്റെ ആദ്യശിഷ്യന്മാർ

ആദിമ ക്രിസ്ത്യാനികൾ, യേശുവിന്റെ പ്രകൃതത്തെ അടിസ്ഥാനമാക്കിയും മോസസിന്റെ നിയമങ്ങളെ പിന്തുടരുന്നതിനെ ആധാരമാക്കിയും അടിസ്ഥാനപരമായി വിഭജിക്കപ്പെട്ടതായി കാണുന്നു. ക്രിസ്തുമതത്തിന്റെ രണ്ടാമത്തെ വികാസഘട്ടം പുതിയൊരു ആശയഗതിയും തത്ത്വശാസ്ത്രവും ക്രിസ്തുമതത്തിന് നൽകിയ സെന്റ് പോളിനെ ആധാരമാക്കിക്കൊണ്ടുള്ളതാണ്. സെന്റ് പോളും സാത്വികനായ യാക്കോബും (James) തമ്മിൽ മൗലികമായി അഭിപ്രായ വ്യത്യാസങ്ങളുണ്ടായിരുന്നു. യാക്കോബ് ജെറുസലേം സഭ പരിപാലിച്ചപ്പോൾ പോൾ പാശ്ചാത്യ രാജ്യങ്ങളിലാണ് സുവിശേഷം പ്രസംഗിച്ചത്. മുഖ്യമായും പുറംജാതികൾ (Gentile)ക്കിടയിലാണ് അദ്ദേഹം പ്രചാരണം നടത്തിയത്. പാശ്ചാത്യ സഭ പോളിന്റെ ആദർശങ്ങളാണ് പിന്നീട് സ്വീകരിച്ചത്. എന്നാൽ ജെറുസലേം സഭ ഏകദൈവസിദ്ധാന്തത്തിലധിഷ്ഠിതമായ അദ്ധ്യാപനങ്ങളാണ് അവലംബിച്ചത്.

യാക്കോബിന്റെ സഭാശുശ്രൂഷയുടെ ഫലമായിട്ടായിരുന്നു എബിയോണൈറ്റ് (Ebionites) എന്ന വിഭാഗം ഉടലെടുത്തത്. സാധു (The meek) ദരിദ്രർ (The poor) എന്നീ അർത്ഥങ്ങളുള്ള 'എബിയോനിം' എന്ന ഹിബ്രുവാക്കിൽ നിന്നാണ് എബിയോണൈറ്റ് എന്ന നാമം ഉത്ഭൂതമായത്. അവർ

ജൂത ക്രിസ്ത്യാനികളായിരുന്നു. അവർ യേശുവിനെ മിശിഹാ (മസീഹ്) ആയിട്ടാണ് സ്വീകരിച്ചത്, ദൈവപുത്രനായിട്ടല്ല. അവർ മോസസിന്റെ നിയമങ്ങൾ കർശനമായി പിന്തുടർന്നു. ഹിബ്രുസുവിശേഷം, എബിയോണൈറ്റഡ് സുവിശേഷം, നസാറായരുടെ സുവിശേഷം എന്നീ പേരുകളിലാണ് എബിയോണൈറ്റുകളുടെ സുവിശേഷം അറിയപ്പെടുന്നത്. എബിയോണൈറ്റുകളെക്കുറിച്ച് പല സ്ത്രോതസ്സുകളിൽ നിന്നും വിവരണങ്ങൾ ലഭ്യമാണ്.

4ാം നൂറ്റാണ്ടിൽ ജീവിച്ച സീസറായിലെ (Cesaraea) ഇയൂസിബസ് എഴുതിയ 'സഭയുടെ ചരിത്രം' (The History of Church) എന്ന ഗ്രന്ഥത്തിലെ 'വെസ്പാസിയനിൽ നിന്നും ട്രാജനിലേക്ക്' (Vespasian to Trajan) എന്ന മൂന്നാം പുസ്തകത്തിൽ എബിയോണൈറ്റുകളെ സംബന്ധിച്ച് പരാമർശമുണ്ട്. യേശുവിന്റെ നിലവാരമില്ലാത്തതും നിസ്സാരവുമായ അഭിപ്രായങ്ങളിൽ നിന്നാണ് 'എബിയോണൈറ്റുകൾ' എന്ന നാമം ഉത്ഭവിച്ചതെന്ന് പറഞ്ഞ് ഗ്രന്ഥകാരൻ അവരുടെ വീക്ഷണങ്ങളെ പരിഹസിക്കുന്നുണ്ട്. സ്വഭാവഗുണങ്ങളുടെ മഹത്വത്തിലൂടെ അങ്ങേയറ്റം സാത്വികനായിത്തീർന്ന ഒരു സാധാരണ മനുഷ്യനാണ് യേശു എന്നാണ് എബിയോണൈറ്റുകൾ വിശ്വസിക്കുന്നത്. ജൂതന്മാരെപോലെ അവർ മുറപ്രകാരം ശാബത്ത് ആചരിച്ചു. വിശ്വാസത്തിലൂടെ മാത്രം മോക്ഷം കിട്ടുമെന്ന പോളിന്റെ ആശയം അവർ തള്ളിക്കളഞ്ഞു. പ്രസ്തുത ഗ്രന്ഥകാരൻ മറ്റൊരു എബിയോണൈറ്റ് ഗ്രൂപ്പിനെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. അവർ കന്യകാപ്രസവത്തിലും പരിശുദ്ധാത്മാവിലും വിശ്വസിച്ചവരായിരുന്നു. പക്ഷേ, ദൈവം എന്ന നിലക്ക് വചനവും ജ്ഞാനവുമായി ജനിക്കുന്നതിന് മുമ്പേ യേശു നിലനിന്നിരുന്നു എന്ന സിദ്ധാന്തത്തെ അവർ നിരാകരിച്ചു. മത്തായിയുടെ സുവിശേഷമായിരിക്കാൻ സാധ്യതയുള്ള 'ഹിബ്രൂസുവിശേഷം' ആയിരുന്നു അവർ പിന്തുടർന്നത്. ശാബത്തും മറ്റു ജൂത ആചാരങ്ങളും പാലിച്ചുപോന്ന അവർ ഉയിർത്തെഴുന്നേൽപ്പും ആചരിച്ചു പോന്നു.(1)

■

**സെന്റ്പോൾ യഹൂദനായിരുന്നില്ല. താൻ കണ്ട ഒരു ദർശനമൊഴിച്ച് യേശുവുമായി നേരിട്ട് യാതൊരു ബന്ധവും അദ്ദേഹത്തിന്നില്ലായിരുന്നു. വൈദേശിക സംസ്കാരത്തിന്റെ ശക്തമായ സ്വാധീനത്തിന് പോൾ മുമ്പുതന്നെ വിധേയനായിക്കഴിഞ്ഞിരുന്നു. അതിനുശേഷമാണ് അദ്ദേഹം ആ ദർശനം കാണുന്നത്**

■

ആർ. ഈസ്മാൻ തന്റെ 'Dead Sea Scrolls Uncovered' (ചാവുകടൽ ചുരുളുകൾ മറനീക്കുന്നു) എന്ന പുസ്തകത്തിൽ എബിയോണൈറ്റുകളുടെ പശ്ചാത്തലം വിവരിക്കുന്നുണ്ട്. യാക്കോബ് (ജെയിംസ് – സാദിക്ക്, സദോക്ക് – സാത്വികൻ എന്ന് അർത്ഥം) ആദ്യ നൂറ്റാണ്ടിന്റെ മധ്യഘട്ടത്തിൽ (ഏകദേശം എ.ഡി. 40–60) ജെറുസെലേം സഭയുടെ നേതാവായിരുന്നയാളാണ്. ഭൂതകാലത്തെ സ്മരിച്ചുകൊണ്ട് പറയുകയാണെങ്കിൽ ഈ സമൂഹം പലസ്തീനിലെ ജൂത ക്രിസ്ത്യാനികളായിരുന്നു. എബിയോണൈറ്റുകൾ ഈ ശാഖയിൽ നിന്നാണ് രൂപം കൊണ്ടത്.(2)

യാക്കോബിനെ പിൻപറ്റിയ ഈ സമൂഹം 'ദരിദ്രർ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. (ഗലാത്തിയർ. 2:10, യാക്കോബ്. 2:3–5)(3) ദരിദ്രർ എന്ന വിശേഷണം യേശുവിന്റെ ഗിരിപ്രഭാഷണത്തിലും ചാവുകടൽ ചുരുളുകളിലും കാണാം. ചാവുകടൽ ചുരുൾ എഴുതിയവർക്ക് സമന്മാരാണ് എബിയോണൈറ്റുകൾ എന്ന് പല രീതിയിലും ഈസ്മാൻ കരുതുന്നു. ന്യായപ്രമാണത്തിന്റെ വിശ്വാസം ത്യജിച്ചവനാണ് പോൾ എന്ന് കരുതിയിരുന്ന എബിയോണൈറ്റുകൾ സാത്വികനായ ജെയിംസിനെ ആദരിക്കുകയും യേശു അവരുടെ മനുഷ്യനായ മസീഹാണെന്ന് വിശ്വസിക്കുകയും ചെയ്തു. അവർ നിയമവും ശാബത്തും കർശനമായി അത്യുൽസാഹത്തോടെ പാലിച്ചു പോന്നു. യാക്കോബിനെ അവർ ഏറ്റവും ഉന്നതനായി ഗണിക്കുകയും പോളിനെ ശത്രുവായി കരുതുകയും ചെയ്തു. (4) (മത്തായി 13:25–40) (5).

ബെയ്ഗന്റ്, ലേഹ്, ലിൻകോളിൻ എന്നിവർ ചേർന്നെഴുതിയ 'മെസിയാനിക് ലീഗസി' (The Messianic Legacy) എന്ന പുസ്തകത്തിൽ എബിയോണൈറ്റുകൾ, ഗ്നോസ്റ്റിക്കുകൾ (Gnostics), മാനിക്കേയന്മാർ (Manicheans), സാബിയന്മാർ (Sabians), മാൻഡിയൻ മതക്കാർ (Mandeans), നെസ്റ്റോറിയൻസ് (Nestorians), എൽക്കാസൈറ്റസ് (Elkasites) എന്നിവരുടെ അദ്ധ്യാപനങ്ങളുടെ യഥാർത്ഥ സ്രോതസ്സ് നസ്റീൻ തത്ത്വശാസ്ത്ര (Nazarene Philosophy) മാണെന്ന് വിവരിക്കപ്പെട്ടിട്ടുണ്ട്. അവർ നസ്റീൻ തത്ത്വശാസ്ത്രത്തെപ്പറ്റി പരാമർശിക്കുന്നത് ഇപ്രകാരമാണ്:

'യേശുവിനെക്കുറിച്ചും അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങളെക്കുറിച്ചും പഠിക്കുമ്പോൾ അവയുടെ അന്തിമ സ്ത്രോതസ്സ് നസ്റീനുകളിൽ നിന്നാണെന്ന് കാണാം. അതായത് യേശുവിനാൽ വെളിവാക്കപ്പെട്ടതും യാക്കോബ്, യൂദാ അഥവാ യൂദാ തോമസ് എന്നിവരും അവരെ തുടർന്നുള്ളവർ പ്രബോധിപ്പിച്ചതുമാണ് അവ. അവരുടെ വിശ്വാസങ്ങൾ ഇവയാണ്:

1. മോസസിന്റെ നിയമത്തോടുള്ള കർശനമായ വിധേയത്വം.
2. യേശു മസീഹാണെന്ന വിശ്വാസം.
3. യേശുവിന്റെ സാധാരണ ജനനത്തിലുള്ള വിശ്വാസം
4. പോളിന്റെ വീക്ഷണങ്ങളോടുള്ള

എതിർപ്പ്.

ഇസ്താംബൂളിലെ ഒരു ലൈബ്രറിയിൽ സൂക്ഷിക്കപ്പെട്ട ഒരു അറബി ലിഖിത ശേഖരമുണ്ട്. ഇറാഖ് അതിർത്തിയോടു ചേർന്ന തെക്ക് പടിഞ്ഞാറൻ ഇറാനിലെ ഖുസിസ്ഥാൻ (Khuzistan) എന്ന സ്ഥലത്ത് നിന്നുള്ള ഒരു സന്യാസി മഠത്തിൽ നിന്ന് ലഭിച്ചതാണ് ഈ കൃതി. അഞ്ച് ആറ് നൂറ്റാണ്ടുകളിൽ സുറിയാനി ഭാഷയിൽ എഴുതപ്പെട്ടതും 'അൽ നസാറ' എന്ന് വിവരിക്കപ്പെട്ടതുമായ ഒരു ഗ്രന്ഥത്തിൽ നിന്നുള്ള ഉദ്ധരണികൾ ഈ കൃതിയിലുണ്ട്. ഏ.ഡി. 66-ൽ ജെറുസെലം നശിപ്പിക്കപ്പെട്ടപ്പോൾ അവിടെ നിന്നും രക്ഷപ്പെട്ട നസ്റീൻ സംഘത്തിന്റെ വീക്ഷണങ്ങളാണ് ഇതിൽ പ്രതിഫലിക്കുന്നത്. യേശു ഒരു മനുഷ്യനാണെന്നാണ് അതിൽ പരാമർശിക്കുന്നത്. മോസസിന്റെ നിയമങ്ങൾ പിന്തുടരാനും അതിൽ ഊന്നൽ നൽകുന്നുണ്ട്. പോളിന്റെ അനുയായികൾ യേശുവിന്റെ മതം ഉപേക്ഷിക്കുകയും റോമാക്കാരുടെ മതസിദ്ധാന്തങ്ങൾ സ്വീകരിക്കുകയുമാണ് ചെയ്തത്.' (6)

ക്രിസ്തുമതം രൂപപ്പെടുത്തുന്നതിൽ പങ്കെടുത്ത എല്ലാവിധ സിദ്ധാന്തങ്ങളിലും വെച്ച് നസ്റീൻ തത്വങ്ങളിൽ വിശ്വസിച്ചവരുടെ സിദ്ധാന്തങ്ങൾക്ക് മുൻഗണന നൽകുന്നതാണ് നീതിപൂർവ്വകമായിട്ടുള്ളത്. ഈ ആദിമ ക്രിസ്ത്യാനികൾ ക്രിസ്തീയ തത്ത്വങ്ങളുടെ അർത്ഥം യേശുവിൽ നിന്നുതന്നെ നേരിട്ടുപഠിച്ചതാണ്.

## സെന്റ് പോളിന്റെ പങ്ക്

സെന്റ് പോളും അദ്ദേഹത്തിന്റെ ചിന്താസരണിയും വ്യക്തമായും യേശുവിന്റെ ജീവിത കാലത്ത് അവിടെയില്ലായിരുന്നു. വാസ്തവത്തിൽ സെന്റ് പോളിന്റെ കാലം മുതൽക്കാണ് ക്രിസ്തുമതം റോമൻ സാമ്രാജ്യത്തിന്നു കീഴിലുള്ള മറ്റു ദേശങ്ങളിലും, പ്രാകൃത ഗോത്ര മതവിശ്വാസികൾക്കിടയിലും (പേഗൻസ്) പ്രചരിച്ചത്. അക്കാലത്ത് അതാത് ദേശങ്ങളിൽ നിലനിന്നിരുന്ന സംസ്കാരത്താലും, ഇതിഹാസങ്ങളാലും ക്രിസ്തുമതം ശക്തമായി സ്വാധീനിക്കപ്പെടുകയും അതിലേക്ക് ചായുകയും ചെയ്തു. അങ്ങനെ ക്രിസ്തുമതത്തിന്റെ ജന്മജാത പവിത്രതയിൽ നിന്നും അത് ബഹുദൂരം അകന്നുപോയി. സെൻറ് പോൾ തന്റെ സ്വന്തം വകയായുള്ള മിസ്റ്റിസിസം കൂട്ടിക്കലർത്തിക്കൊണ്ട് ക്രിസ്തുമതത്തിന്റെ ഈ ശിഥിലീകരണത്തിന് ആക്കം കൂട്ടുകയുണ്ടായി. സെന്റ് പോൾ യഹൂദനായിരുന്നില്ല. താൻ കണ്ട ഒരു ദർശനമൊഴിച്ച് യേശുവുമായി നേരിട്ട് യാതൊരു ബന്ധവും അദ്ദേഹത്തിന്നില്ലായിരുന്നു. വൈദേശിക സംസ്കാരത്തിന്റെ ശക്തമായ സ്വാധീനത്തിന് പോൾ മുമ്പുതന്നെ വിധേയനായിക്കഴിഞ്ഞിരുന്നു. അതിനുശേഷമാണ് അദ്ദേഹം ആ ദർശനം കാണുന്നത്.

സെന്റ് പോളിന് രണ്ട് വഴികളാണുണ്ടായിരുന്നത്. ഒന്ന് അതിപുരാതന കാലം മുതൽക്ക് തന്നെ റോമൻ സാമ്രാജ്യത്തിൽ നിലനിന്നുപോന്നിരുന്ന അന്ധവിശ്വാസങ്ങൾ, മിത്തുകൾ, ഇതിഹാസങ്ങൾ എന്നിവക്കെതിരെ കഠിനമായി സമരം ചെയ്യുക. അല്ലെങ്കിൽ അവരുടെ ആവശ്യങ്ങൾക്കും ഇച്ഛകൾക്കും അനുസരിച്ച് ക്രിസ്തുമതത്തെ രൂപാന്തരപ്പെടുത്തിയെടുക്കുക. ഇതായിരുന്നു ആ രണ്ടു വഴികൾ. ക്രിസ്തുമതം റോമാക്കാരുടെ ഇതിഹാസങ്ങളിൽ നിന്നും മിത്തുകളിൽ നിന്നും വിഭിന്നമല്ല എന്ന സന്ദേശമാണ് റോമക്കാർക്ക് പോൾ നൽകിയത്. വളരെ ലാഭകരമായതും സൗകര്യപ്രദവുമായ രണ്ടാമത്തെ വഴിയാണ് അദ്ദേഹം സ്വീകരിച്ചത്. വിജാതീയരുടെ ലോകത്ത് വ്യാപകമായി നിലനിന്നിരുന്ന തത്ത്വങ്ങൾക്കും അഭിലാഷങ്ങൾക്കും അനുസരിച്ച് ക്രിസ്തുമതത്തെ അദ്ദേഹം മാറ്റിമറിച്ചു.

ഈ തന്ത്രം നന്നായി ഫലിച്ചു. പുതിയ മതത്തിലേക്ക് ധാരാളം പേർ പരിവർത്തനം ചെയ്തു വന്നു. മറ്റൊരു വിധത്തിലായിരുന്നുവെങ്കിൽ ഇത്രയെളുപ്പത്തിൽ ആളെ കിട്ടില്ലായിരുന്നു. പക്ഷെ എന്ത് ബലികഴിച്ചിട്ടാണ് ആ നേട്ടമുണ്ടാക്കിയത്? നിർഭാഗ്യകരമെന്ന് പറയട്ടെ, ഉദാത്തമായ ക്രൈസ്തവ മൂല്യങ്ങളും ബഹുദൈവവിശ്വാസികളായ പ്രാകൃതഗോത്രമതങ്ങളിലെ മിത്തുകളുമായുള്ള അവിശുദ്ധമായ മത്സരത്തിലായിരുന്നു അത് കലാശിച്ചത്. സെന്റ് പോൾ ബഹുദൈവവിശ്വാസികളായ പ്രാകൃത മതത്തിലെ ദൈവങ്ങളുടെ പേരുകൾ മാറ്റി അതിനുപകരം യേശുവിനെയും പിതാവായ ദൈവത്തെയും, പരിശുദ്ധാത്മാവിനെയും പ്രതിഷ്ഠിച്ചു. വാസ്തവത്തിൽ ത്രിത്വത്തിലെ മിത്ത് സെന്റ് പോൾ കണ്ടുപിടിച്ച് അത് ക്രിസ്തുമതത്തിന്റെ പേരിൽ പ്രാകൃതമതവിശ്വാസലോകത്ത് അവതരിപ്പിച്ചതായിരുന്നില്ല. മറിച്ച് ത്രിത്വമെന്ന മിത്ത് ബഹുദൈവവിശ്വാസികളുടെ പ്രാകൃതമതത്തിൽ നിന്ന് കടമെടുത്ത് ക്രിസ്തുമതവുമായി സംയോജിപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. അന്നുമുതൽ ക്രിസ്തുമതം ആ പഴയ പ്രാകൃത ബഹുദൈവ വിശ്വാസം തന്നെയായി മാറിക്കഴിഞ്ഞു. പക്ഷേ പുതിയ പേരും പുതിയ മുഖഭാവവും സ്വീകരിച്ചെന്നു മാത്രം.

അതുകൊണ്ട് പ്രാകൃത മതലോകത്തെ സിദ്ധാന്തങ്ങളും മിത്തുകളും അന്ധവിശ്വാസങ്ങളും മാറ്റിയെടുക്കാൻ പോളിയൻ ക്രിസ്തുമതത്തിന് സാധിച്ചില്ല. മറിച്ച്, ആ മതവിശ്വാസത്തിനനുസരിച്ച് ക്രിസ്തുമതം മാറുകയാണുണ്ടായത്. മല അദ്ദേഹത്തിന്നരികിലേക്ക് വന്നില്ല. മലയിലേക്ക് അദ്ദേഹം കയറിപ്പോകാൻ തീരുമാനിക്കുകയാണ് ചെയ്തത്.

## യേശുവിന്റെ യാഥാർത്ഥ്യം

പോളിയൻ ക്രിസ്തുമതമോ അതല്ല യേശുവിന്റെ ശിഷ്യനും ആദിമ ക്രിസ്ത്യാനികളുടെ നേതാവുമായിരുന്ന സാത്വികനായ യാക്കോബിന്റെ ക്രിസ്തുമതമോ ഏതാണ് തെരഞ്ഞെടുക്കേണ്ടത് എന്നത് തീർച്ചയായും ഒരാളുടെ വ്യക്തിപരമായ സ്വാതന്ത്ര്യത്തിൽപ്പെട്ടതാണ്. എന്നാൽ ക്രിസ്തുമതത്തിന്റെ മുഖ്യധാര ഏകദൈവ വിശ്വാസത്തിൽ വളരെയേറെ വികസിച്ചു മുന്നോട്ടുപോയിട്ടുണ്ട് എന്ന വസ്തുത നമുക്ക് ഇവിടെ സ്ഥാപിക്കേണ്ടതുണ്ട്. പിൽക്കാലത്ത് ക്രിസ്തുമതത്തിൽ കൂട്ടിചേർക്കപ്പെട്ട യേശുവിന്റെ ദൈവപുത്രസങ്കല്പം, ത്രിത്വം, പാരമ്പര്യ പാപസിദ്ധാന്തം, പാപവിമോച

*(ശേഷം 21 -ാം പേജിൽ)*

# ജമാഅത്തെ ഇസ്‌ലാമി നടത്തിയ അഹ്മദിയ്യാ വിരുദ്ധ കലാപം
# അസ്ഗർ അലി എഞ്ചിനീയർ പ്രതികരിക്കുന്നു

## പ്രശസ്ത ചിന്തകനും, സാമൂഹിക പ്രവർത്തകനുമായ അസ്ഗർ അലി എഞ്ചിനീയറുമായി എം. എൻ. കാരശ്ശേരി നടത്തിയ അഭിമുഖത്തിൽ നിന്ന്

■ **വർഗീയ കക്ഷിയെ നിങ്ങൾ എങ്ങനെയാണ് തിരിച്ചറിയുന്നത്?**

ഒരു പ്രത്യേക മതസമുദായത്തിലെ ആളുകളെ മാത്രം അംഗങ്ങളാക്കി രൂപം കൊള്ളുകയും അന്യ മതസമുദായങ്ങൾക്കെതിരെ വെറുപ്പ് പ്രചരിപ്പിക്കുകയും ചെയ്യുന്ന കക്ഷിയാണ് വർഗീയകക്ഷി. ഈ നിർവചനം വെച്ച് പറഞ്ഞാൽ മുസ്‌ലിം ലീഗ് പാതി വർഗീയമാണ്, പാതി വർഗീയമല്ല – ആ കക്ഷിയിൽ മുസ്‌ലിംകൾ മാത്രമേയുള്ളൂ. ആ നിലയ്ക്ക് അത് വർഗീയമാണ്. ആ കക്ഷി അമുസ്‌ലിംകൾക്കെതിരെ വെറുപ്പ് പ്രചരിപ്പിക്കുന്നില്ല. ആ നിലയ്ക്ക് അത് വർഗീയമല്ല.

■ **ബി.ജെ.പി.യിൽ അഹിന്ദുക്കളുണ്ട്. അപ്പോഴോ?**

ഓ... അത് ആളെ കളിപ്പിക്കാനാണ്, കാഴ്ചപ്പണ്ടങ്ങളാണ്. ബി.ജെ.പി. ഹിന്ദു പാർട്ടിയാണ്. അതിൽ തർക്കമില്ല. ബാബരി പള്ളി തുടങ്ങി അനവധി പ്രശ്നങ്ങളിലൂടെ അവർ അഹിന്ദുക്കൾക്കെതിരെ വർഗീയ പ്രചാര വേല നടത്തിയിട്ടുണ്ട്. ഗുജറാത്ത് നമുക്ക് മറക്കാൻ പറ്റില്ല, പാടില്ല.

■ **നിങ്ങൾ എന്നും ജമാഅത്തെ ഇസ്‌ലാമിയുടെ വിമർശകനാണ്. 'ഇസ്‌ലാമിക രാഷ്ട്രം' പോലുള്ള നിങ്ങളുടെ പുസ്തകങ്ങളിൽ അവരെ ആക്രമിച്ചിട്ടുണ്ട്. അവരുടെ മതേതര വിരോധം നിങ്ങൾ തുറന്നുകാട്ടുകയുണ്ടായി. ഇപ്പോൾ അവർ മതേതരത്വത്തെ പിന്തുണയ്ക്കുന്നതായി കാണുന്നു. അതിനെപ്പറ്റി എന്താണ് അഭിപ്രായം?**

ജമാഅത്തെ ഇസ്‌ലാമിയെയും അതിന്റെ സ്ഥാപകനായ അബുൽ അഅ്‌ലാമൗദൂദിയെയും ഞാൻ വിമർശിച്ചിട്ടുണ്ട്. അതിലൊക്കെ ഞാൻ ഇപ്പോഴും ഉറച്ചുനിൽക്കുന്നു. മൗദൂദി മതേതരത്വം, ജനാധിപത്യം, ദേശീയത എന്നീ ആശയങ്ങളുടെ ശത്രുവാണ്. അദ്ദേഹം ആഗ്രഹിക്കുന്ന 'ദൈവിക ഭരണം' മനുഷ്യത്വവിരുദ്ധമാണ്. മൗദൂദിയുടെ 'രാഷ്ട്രീയ ഇസ്‌ലാം' മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും ഒരുപോലെ ആപത്താണ്. സംശയമില്ല. എങ്കിലും ജമാഅത്തിന്റെ ഇപ്പോഴത്തെ മാറ്റത്തെ ഞാൻ സ്വാഗതം ചെയ്യുന്നു.

■ **അത് കപടവേഷമാണെന്ന് ചിലർക്കഭിപ്രായമുണ്ട്. എങ്ങനെ?**

■ **അവർക്ക് പിന്തുണ കൂടുകയും പാകിസ്താനിലും മറ്റും കണ്ടതുപോലെ അവരൊരു രാഷ്ട്രീയ കക്ഷിയായും മാറുകയും ചെയ്താൽ പഴയ മതേതര വിരോധം പുറത്തുവരുമെന്നാണ് ഒരു നിരീക്ഷണം.**

പാകിസ്ഥാനിൽ അവർ വളരെ ചീത്ത അനുഭവങ്ങൾ ഉത്പാദിപ്പിച്ചിട്ടുണ്ട്. ഇന്ത്യയിലെ ആർ.എസ്.എസ്. എന്താണോ അതാണ് പാകിസ്താനിലെ ജമാഅത്തെ ഇസ്‌ലാമി. കാശ്മീരിലും അവർ ഹിംസ പുറത്തെടുത്തിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും അവർ മതേതരത്വത്തെ പിന്താങ്ങുന്നു എന്ന് പറയുന്നതിനെ നമ്മൾ എതിർക്കുന്നതെന്തിനാണ്? ജസ്റ്റിസ് താർക്കുണ്ഡെയും ജസ്റ്റിസ് കൃഷ്ണയ്യരുമൊക്കെ അവരോടു സഹകരിച്ചിട്ടുണ്ട്. എതിർക്കേണ്ടപ്പോൾ എതിർക്കാം. യോജിക്കേണ്ടപ്പോൾ യോജിച്ചുകൂടെ?

■ **അവർ ഇതുവരെ മൗദൂദിയുടെ നിലപാടുകളെ തള്ളിപ്പറഞ്ഞിട്ടില്ലല്ലോ?**

ശരിതന്നെ. പറഞ്ഞിട്ടില്ല. ചില പ്രവൃത്തികളിൽ പക്ഷേ, അങ്ങനെ കാണുന്നുണ്ട്. ആധുനിക മതേതര വിദ്യാഭ്യാസം നേടുന്നതിന്റെയും സർക്കാർ ജോലി സ്വീകരിക്കുന്നതിന്റെയും തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിന്റെയും ഹറാം തീർന്നു. ജമാഅത്തുകാർ ഇപ്പോൾ ഇതൊക്കെ ചെയ്യുന്നു. ഇതൊക്കെ മൗദൂദി വിരുദ്ധ പ്രവൃത്തികളല്ലേ? എങ്കിലും അവരെ കരുതിയിരിക്കണം എന്ന നിലപാടിനോട് ഞാൻ യോജിക്കുന്നു.

■ **ജമാഅത്തെ ഇസ്‌ലാമി, മുജാഹിദ് തുടങ്ങിയ പ്രസ്ഥാനങ്ങളുടെ പ്രവർത്തനം ഇക്കാര്യത്തിൽ വല്ല ഗുണവും**

*(ശേഷം 34 -ാം പേജിൽ)*

പ്രതികരണം

# മുനീർ കമ്മീഷൻ റിപ്പോർട്ടും ജമാഅത്തെ ഇസ്‌ലാമിയും

**ഏ.എം. മുഹമ്മദ് സലിം**

**ജമാഅത്തെ ഇസ്‌ലാമിയെ തുറന്നുകാട്ടുന്ന വിശ്വപ്രസിദ്ധമായ മുനീർ കമ്മീഷൻ റിപ്പോർട്ട് ഏറ്റവും ആധികാരികമായ ഒരു സർക്കാർ രേഖയാണ്. ഇതുസംബന്ധമായി നാലുവർഷം മുമ്പ് 'പ്രബോധന'ത്തിൽ വന്ന ഒരു പരാമർശത്തിന് 'സത്യദൂതനി'ൽ വന്ന പ്രതികരണം ഇവിടെ പുനഃപ്രസിദ്ധീകരിക്കുന്നു.**

പ്രബോധനം വാരികയിൽ (2000 മെയ് 27 ലക്കം 48) ശ്രീ. പി.എസ്സ്. ശ്രീധരൻ പിള്ളയുടെ ഒരു പ്രസ്താവന ഉദ്ധരിച്ചുകൊണ്ട് മുനീർ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് ഒരു ചോദ്യവും അതിന് മുജീബിന്റെ ഉത്തരവുമുണ്ട്. ജമാഅത്തെ ഇസ്ലാമിക്കാരന് ഞെട്ടലുണ്ടാക്കുന്ന ഒന്നാണ് മുനീർ കമ്മീഷൻ റിപ്പോർട്ട്. ആ റിപ്പോർട്ടിലാണ് അബുൽ അഅ്‌ലാ മൗദൂദിയുടെ കുപ്രസിദ്ധമായ ചില പ്രസ്താവനകളുള്ളത്. നേതാവ് മുനീർ കമ്മീഷൻ മുമ്പാകെ പറഞ്ഞ തിരുമൊഴികൾ കാരണം ഗതിമുട്ടിയ ജമാഅത്തുകാർ, മുനീർ കമ്മീഷനേയും അതിനെപ്പറ്റി പറയുന്നവരേയും ആക്രമിക്കുകയാണ് പതിവ്. മുനീർ കമ്മീഷൻ റിപ്പോർട്ട് ആരെങ്കിലും ഉദ്ധരിച്ചാൽ ജമാഅത്തെ ഇസ്ലാമി നേതാക്കന്മാരുടെ അടുത്ത ചോദ്യം 'നിങ്ങൾ ആ റിപ്പോർട്ട് കണ്ടിട്ടുണ്ടോ? എന്നാണ്. 46 വർഷം മുമ്പ് പാകിസ്താനിലെ പഞ്ചാബ് സംസ്ഥാനത്ത് പ്രസിദ്ധീകരിച്ച ഒരു കോടതി റിപ്പോർട്ട് നേരിട്ടു വായിച്ചിട്ടുണ്ടോ എന്നു ചോദിച്ചാൽ അതിനു മുമ്പിൽ വിമർശകന്മാർ വീണുപോകുമെന്നാണ് ജമാഅത്തുകാരുടെ കണക്കുകൂട്ടൽ. മുനീർ കമ്മീഷൻ റിപ്പോർട്ട് മുമ്പിൽ വെച്ചുകൊണ്ടാണ് ഈ ലേഖനമെഴുതുന്നത്. അതുകൊണ്ട് ഈ ലേഖകനെ രേഖ കണ്ടിട്ടുണ്ടോ എന്ന ചോദ്യം ചോദിച്ച് വിരട്ടരുത്.

1953–ൽ പാകിസ്താനിലെ പഞ്ചാബ് സംസ്ഥാനത്ത് അബുൽ അഅ്‌ലാ മൗദൂദി അടക്കമുള്ള ആലിംകൾ ചേർന്ന് അഹ്മദികൾക്കെതിരെ രക്തരൂക്ഷിതമായൊരു ലഹള സംഘടിപ്പിക്കുകയുണ്ടായി. ഈ ലഹളയെ സംബന്ധിച്ച് അന്വേഷിക്കാൻ 1954–ൽ പഞ്ചാബ് സർക്കാർ പുറപ്പെടുവിച്ച പഞ്ചാബ് ആക്ട് 11 പ്രകാരം നിലവിൽ വന്ന അന്വേഷണ കമ്മീഷനാണ് മുനീർ കമ്മീഷൻ. അന്വേഷണ കമ്മീഷന്റെ പ്രസിഡണ്ടായിരുന്നു ജസ്റ്റിസ് മുഹമ്മദ് മുനീർ. നിയമജ്ഞനായ എം. ആർ. ഖയാനിയായിരുന്നു അന്വേഷണ കമ്മീഷനിലെ മെമ്പർ. പഞ്ചാബിലെ ലാഹോർ സർക്കാർ പ്രിന്റിംഗ് പ്രസ് പ്രസിദ്ധീകരിച്ച 387 പേജ് വരുന്ന കമ്മീഷൻ റിപ്പോർട്ടിന്റെ ആമുഖത്തിൽ ലഹളയെ സംബന്ധിച്ചും കമ്മീഷൻ രൂപവത്ക്കരിക്കാനുണ്ടായ സാഹചര്യത്തെ സംബന്ധിച്ചും കാരണങ്ങൾ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്.

1953 ജൂലായ് ഒന്നാം തിയ്യതി ആരംഭിച്ച അന്വേഷണം 117 സിറ്റിംങ്ങുകളിൽ 92 എണ്ണവും തെളിവുകൾ കേൾക്കാനും രേഖപ്പെടുത്താനും വേണ്ടിയായിരുന്നു. 1953 ജനുവരി 23നാണ് തെളിവെടുപ്പ് അവസാനിച്ചത്. കമ്മീഷന്റെ വിചാരണ 1953 ഫെബ്രുവരി ഒന്നുമുതൽ 28 വരെ ഒരു മാസം കൂടി നീണ്ടുനിന്നു. അതിനുശേഷം 5 ആഴ്ചകൾ കൊണ്ടാണ് റിപ്പോർട്ട് എഴുതിയുണ്ടാക്കിയത്.

3,60 പേജുകളിൽ രേഖപ്പെടുത്തിയ

പ്രസ്താവനകളും 27 പേജുകളിൽ മറ്റു തെളിവുകളുമാണ്. കമ്മീഷൻ വിചാരണ ചെയ്യാൻ പഞ്ചാബ് ഗവൺമെന്റ്, പ്രൊവിൻഷ്യൽ മുസ്‌ലിം ലീഗ്, മജ്‌ലിസെ അഹ്റാർ, പഞ്ചാബ് മജ്‌ലിസെ തഹഫ്ഫുസെ ഖതമുന്നുബുവ്വത്ത് നിയമിച്ച മജ്‌ലിസെ അമൽ, ജമാഅത്തെ ഇസ്‌ലാമി, സദ്ർ അഞ്ചുമൻ അഹ്മദിയ്യാ റബ്‌വ, അഹ്മദിയ്യാ അഞ്ചുമൻ ഇശാഅത്തെ ഇസ്‌ലാം ലാഹോർ എന്നീ 7 കക്ഷികൾക്കാണ് കമ്മീഷൻ ജുഡീഷ്യൽ നോട്ടീസ് അയച്ചത്. ഈ കക്ഷികളെല്ലാം കമ്മീഷന്റെ പ്രൊസീഡിംങ്സുമായി സഹകരിക്കുവാനും വീക്ഷണങ്ങളും അഭിപ്രായങ്ങളും രേഖാമൂലം അറിയിക്കാനും കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി. ജമാഅത്തെ ഇസ്‌ലാമി സ്ഥാപകൻ അബുൽ അഅ്‌ലാ മൗദൂദി അദ്ദേഹത്തിന്റെ പ്രസ്താവനകളെല്ലാം കമ്മീഷന് എഴുതി നൽകുകയാണുണ്ടായതെന്ന് റിപ്പോർട്ടിന്റെ ആമുഖത്തിൽ പറഞ്ഞിട്ടുണ്ട്.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫയായിരുന്ന ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് അടക്കം പാകിസ്താനിലെ തലയെടുപ്പുള്ള എല്ലാ ആലിംകളും കമ്മീഷനു മുമ്പാകെ തെളിവ് നല്കുന്നതിനായി ഹാജരായി. മതം, തത്ത്വശാസ്ത്രം, നീതിശാസ്ത്രം, ദൈവത്തിന്റെ ഗുണങ്ങൾ, നരവംശശാസ്ത്രം, വെളിപാടുകൾ, വിവിധ ഭാഷ്യങ്ങൾ, പ്രപഞ്ചവിജ്ഞാനീയം, സൃഷ്ടിപ്പ്, സ്ഥലകാലങ്ങൾ, മനുഷ്യന്റെ തുടക്കവും ഒടുക്കവും, ജീവിതലക്ഷ്യം, ജനാധിപത്യം, രാഷ്ട്രവിജ്ഞാനീയം തുടങ്ങി സൂര്യന് കീഴിലുള്ള സർവ്വവിഷയങ്ങളേയും സ്പർശിക്കുന്ന സമഗ്രമായൊരു രേഖയാണ് റിപ്പോർട്ടെന്ന് മുനീർ കമ്മീഷൻ റിപ്പോർ ട്ടിന്റെ ആമുഖത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വാസ്തവത്തിൽ മുനീർ കമ്മീഷൻ റിപ്പോർട്ട് പോലെ ആധുനിക ഇസ്‌ലാമിക പണ്ഡിതന്മാരുടെ ഇസ്‌ലാമിക ചിന്തകളെ ഇത്രയും സൂക്ഷ്മവും സമഗ്രവുമായി അനാവരണം ചെയ്ത മറ്റൊരു രേഖയും ഇസ്‌ലാമിക ചരിത്രത്തിലുണ്ടായിട്ടില്ല.

പാകിസ്താനിലെ സമാദരണീയനും സുപ്രീംകോടതി ജഡ്ജിയുമായിരുന്ന ആളാണ് ജസ്റ്റിസ് മുഹമ്മദ് മുനീർ. അഹ്മദിയ്യാ ജമാഅത്തുമായി ഒരു ബന്ധവുമില്ലാത്ത ജസ്റ്റീസ് മുനീർ ഒരു തികഞ്ഞ നീതിമാനായിരുന്നു. അതുകൊണ്ടുതന്നെയാണ് ജസ്റ്റീസ് മുനീർ ജമാഅത്തെ ഇസ്‌ലാമിയുടെ കണ്ണിലെ കരടായിത്തീർന്നതും. ഒരു രാജ്യത്തെ ഗവൺമെൻറ് ഒരു ലഹളയെ സംബന്ധിച്ച് ആധികാരികമായി അന്വേഷിക്കാൻ നിയോഗിച്ച അന്വേഷണകമ്മീഷന്റെ നിയമനടപടി ക്രമങ്ങളിലൂടെ രൂപംകൊണ്ട റിപ്പോർട്ടിന്നെതിരെ ആക്രാന്തം കൊള്ളുകയും ജസ്റ്റിസ് മുനീർ ഖാദിയാനിയാണെന്ന് പ്രചരിപ്പിക്കുകയും, റിപ്പോർട്ടിനെ തള്ളിപ്പറയുകയും ചെയ്യുന്ന ജമാഅത്തെ ഇസ്‌ലാമിക്കാർ സ്വയം പരിഹാസ്യരായിത്തീരുകയാണ് ചെയ്യുന്നത്. ബോംബെ വർഗ്ഗീയ കലാപത്തെക്കുറിച്ച് അന്വേഷിച്ച ജസ്റ്റീസ് ശ്രീകൃഷ്ണൻ കമ്മീഷൻ ശിവസേനക്കെതിരെ വിരൽചൂണ്ടിയപ്പോൾ ശിവസേനാ നേതാവായ ബാൽതാക്കറെ ശ്രീകൃഷ്ണ കമ്മീഷനെ തള്ളിപ്പറഞ്ഞതിനോട് ഇതിനെ ഉപമിക്കാം. മുനീർ കമ്മീഷൻ റിപ്പോർട്ട് എന്ന് കേൾക്കുമ്പോൾ ജമാഅത്തെ ഇസ്‌ലാമിക്കാരുടെ ഹാലിളക്കത്തിനു കാരണം അവരുടെ നേതാവ് കമ്മീഷന്റെ വിചാരണവേളയിൽ നൽകിയ തിരുമൊഴികൾത്തന്നെയാണ്. മുഖം വികൃതമായതിന് കണ്ണാടി തല്ലിപ്പൊട്ടിച്ചിട്ടെന്ത് കാര്യം?

മുനീർ കമ്മീഷൻ ചോദിച്ച ചില ചോദ്യങ്ങളും മൗദൂദി സാഹിബ് അതിനു നൽകിയ ഉത്തരങ്ങളും മുനീർ കമ്മീഷൻ റിപ്പോർട്ടിലുണ്ട്. പേജ് 228 -ൽ രേഖപ്പെടുത്തിയ ഒരു ചോദ്യവും ഉത്തരവും.

**ചോദ്യം:** നമുക്ക് ഇത്തരത്തിലുള്ള ഒരു ഇസ് ലാമിക ഗവൺമെൻറ് പാകിസ്താനിലുണ്ടാവുകയാണെങ്കിൽ അതേ പ്രകാരം താങ്കൾ ഹിന്ദുക്കൾക്ക് അവരുടെ മതമനുസരിച്ചുള്ള ഒരു ഭരണഘടനയുണ്ടാക്കാൻ അനുവദിക്കുമോ?

**ഉത്തരം:** "തീർച്ചയായും അത്തരത്തിലുള്ള ഒരു ഗവൺമെന്റിനു കീഴിൽ ഇന്ത്യൻ മുസ്‌ലിംകളെ മ്ലേച്ഛന്മാരേയും ശൂദ്രന്മാരേയും പോലെ കണക്കാക്കിയാലും അവരുടെ ഗവൺമെൻറിലുള്ള പങ്കും, പൗരന്മാർ എന്ന നിലക്കുള്ള അവരുടെ അവകാശങ്ങളുമെല്ലാം നിഷേധിക്കപ്പെട്ടാലും എനിക്കതിൽ യാതൊരു ആക്ഷേപവുമില്ല. വാസ്തവത്തിൽ അത്തരമൊരവസ്ഥ ഇന്ത്യയിൽ നിലനില്ക്കുന്നുണ്ട്."

മനുവിന്റെ നിയമനുസരിച്ച് ഇന്ത്യാരാജ്യം ഭരിച്ചുകൊള്ളണമെന്നും മുസ്‌ലിംകളെ ശൂദ്രന്മാരേയും മ്ലേച്ഛന്മാരേയും പോലെ കൈകാര്യം ചെയ്തുകൊള്ളണമെന്നും വസ്വിയ്യത്ത് ചെയ്ത് ഇന്ത്യൻ മുസ്‌ലിംകളെ ഹിന്ദുത്വ വാദികൾക്ക് ഏല്പിച്ചുകൊടുത്ത മൗദൂദി സാഹിബിന്റെ പാർട്ടിക്കാർ ബി.ജെ.പി. നേതാവ് ശ്രീധരൻപിള്ളയെ കുറ്റം പറഞ്ഞിട്ടെന്തു ഫലം? പെറ്റമ്മക്കില്ലാത്തത് പോറ്റിയ മുത്താച്ചിക്കുണ്ടാവുമോ? അദ്ദേഹം ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകനേതാവിന്റെ അജണ്ട നടപ്പാക്കുന്ന ഒരു ഹിന്ദുത്വവാദി മാത്രം. നേതാവിനോടു കൂറുള്ള പ്രബോധനം, ശ്രീധരൻപിള്ളയെ അഭിനന്ദിക്കുകയല്ലേ വേണ്ടത്?

മുനീർ കമ്മീഷന്റെ മുമ്പാകെ നേതാവ് മൊഴിഞ്ഞ ഒരു തിരുവചനം ഇന്ത്യയിലെ പ്രത്യേകിച്ച് കേരളത്തിലെ ദേശീയധാരയിൽ അലിഞ്ഞുചേർന്ന ജമാഅത്തെ ഇസ്‌ലാമിക്കാർക്ക് ചങ്കിടിപ്പുണ്ടാക്കുന്നതാണ്. മുനീർ കമ്മീഷൻ റിപ്പോർട്ടിന്റെ 230-ാം പേജിൽ കമ്മീഷന്റെ ചോദ്യവും മൗദൂദി സാഹിബിന്റെ മറുപടിയും രേഖപ്പെടുത്തിയതിങ്ങനെയാണ്.

**ചോദ്യം:** ഇന്ത്യയും പാകിസ്താനും തമ്മിൽ യുദ്ധമുണ്ടായാൽ ഇന്ത്യൻ മുസ്‌ലിംകളുടെ കടമയെന്താണ്?

**ഉത്തരം:** "അവരുടെ കടമ വ്യക്തമാണ്. അവർ പാകിസ്താനെതിരിൽ യുദ്ധം ചെയ്യരുത്. പാകിസ്താന്റെ സുരക്ഷയെ അപകടപ്പെടുത്തുന്ന യാതൊ

**ഒരുവൻ വിശ്വസിക്കുന്ന മതത്തിൽ നിന്ന് അവനെ പുറത്താക്കുന്നത് അയാളോടു ചെയ്യുന്ന അവകാശ സംരക്ഷണത്തിന്റെ ഭാഗമാണെന്ന വങ്കത്തവും മുട്ടാളത്തരവും എഴുതാൻ മൗദൂദി ദർശനം തലയിൽക്കയറിയാൽ മാത്രമേ സാധ്യമാകൂ.**

ന്നും ചെയ്യരുത്."

അതായത് പ്രവാചകൻ മുഹമ്മദു നബി(സ) നമ്മെ പഠിപ്പിച്ചത് 'ഹുബ്ബുൽ വത്നി മിനൽ ഈമാൻ' സ്വരാജ്യ സ്നേഹം വിശ്വാസത്തിന്റെ ഭാഗമാണെന്നാണ്. ജമാഅത്തെ ഇസ്‌ലാമിക്കാരൻ ഇന്ത്യയിൽ ആത്മാഭിമാനത്തോടെ ജീവിക്കണമെങ്കിൽ നേതാവിനെ തള്ളിപ്പറയുകയല്ലേ വേണ്ടത്? അതിനുപകരം കമ്മീഷനോടു മുഖം വീർപ്പിച്ചിട്ടെന്തു പ്രയോജനം?

ഇനി നമുക്ക് വീണ്ടും പ്രബോധനത്തിലെ ചോദ്യോത്തരത്തിലേക്ക് മടങ്ങാം. മുജീബിന്റെ ഉത്തരത്തിൽ 'ജസ്റ്റിസ് മുനീറിന്റെ വിശ്വാസ്യതയെ ചോദ്യം ചെയ്തത് പാക് ജമാഅത്തെ ഇസ്‌ലാമി മാത്രമല്ല,' എന്നെഴുതിക്കണ്ടു. മറ്റാരൊക്കെ വിശ്വാസ്യതയെ ചോദ്യം ചെയ്തു എന്ന് മുജീബ് എഴുതിക്കണ്ടില്ല. കമ്മീഷൻ റിപ്പോർട്ടിൽ ലഹള സംഘടിപ്പിച്ചതിന് സൂത്രധാരത്വം വഹിച്ച മൗദൂദി സാഹിബിനെയും ജമാഅത്തെ ഇസ്‌ലാമിയെയും നിശിതമായി വിമർശിക്കുന്നുണ്ട്. അപ്പോൾ പിന്നെ ജമാഅത്തെ ഇസ്‌ലാമിയുടെ നല്ല സർട്ടിഫിക്കറ്റ് മുനീർ കമ്മീഷനുണ്ടാകില്ലല്ലോ. മുനീർ കമ്മീഷൻ റിപ്പോർട്ട് വസ്തുനിഷ്ഠമല്ല എന്നു പറയുന്ന പ്രബോധനത്തിലെ മുജീബ്, മൗദൂദി സാഹിബ് അഹ്മദികൾക്ക് ചെയ്ത 'മഹത്തായ' ഒരു സേവനത്തെ അനുസ്മരിക്കുന്നുണ്ട്.

''ഖാദിയാനികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ച് അവർക്ക് മതന്യൂനപക്ഷങ്ങൾക്കുള്ള അർഹമായ എല്ലാ അവകാശങ്ങളും അനുവദിക്കണമെന്നാണ് മൗലാനാ മൗദൂദിയും പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമിയും ആവശ്യപ്പെട്ടിരുന്നത്'' എന്നാണ് പ്രബോധനത്തിലെ മുജീബ് എഴുതുന്നത്. 'മഹാനവർകളും അദ്ദേഹത്തിന്റെ പാർട്ടിയും' അഹ്മദികളോടു ചെയ്ത ഔദാര്യത്തിനും സേവനത്തിനും അഹ്മദിയ്യാ ജമാഅത്ത് നന്ദി പറയണമെന്നും തിരഞ്ഞെടുപ്പിനു നിന്നാൽ വോട്ടു നൽകേണ്ടതാണെന്നും മുജീബ് പറയാഞ്ഞത് ഭാഗ്യം. ഒരുവൻ വിശ്വസിക്കുന്ന മതത്തിൽ നിന്ന് അവനെ പുറത്താക്കുന്നത് അയാളോടു ചെയ്യുന്ന അവകാശ സംരക്ഷണത്തിന്റെ ഭാഗമാണെന്ന വങ്കത്തവും മുട്ടാളത്തരവും എഴുതാൻ മൗദൂദി ദർശനം തലയിൽക്കയറിയാൽ മാത്രമേ സാധ്യമാകൂ.

മതംവിട്ടു പോകുന്നവനെ ഒരു ദാക്ഷിണ്യവും കൂടാതെ കൊല്ലുന്നത് അവനോടു ചെയ്യുന്ന ശ്രേഷ്ഠമായ കാര്യമാണെന്ന് എഴുതിവെച്ച മൗദൂദിക്കും അദ്ദേഹത്തിന്റെ അനുയായികൾക്കും എന്തൊക്കെയാണ് പറഞ്ഞുകൂടാത്തത്. മൗദൂദി സാഹിബ് എഴുതുന്നു:

"ഇതിനുള്ള (മതപരിത്യാഗത്തിനുള്ള) പ്രതിവിധി രണ്ടുവിധമാണ്. ഒന്നുകിൽ അയാളെ സ്റ്റേറ്റിൽ എല്ലാവിധ പൗരാവകാശങ്ങളും ത്യജിക്കപ്പെട്ട നിലയിൽ ജീവിക്കാനനുവദിക്കുക. അല്ലെങ്കിൽ അയാളുടെ ജീവിതം അവസാനിപ്പിക്കുക. ആദ്യത്തെ രീതി രണ്ടാമത്തെ രീതിയെക്കാൾ കഠിനതരമായ ശിക്ഷയായിരിക്കും. കാരണം അതിന്റെ അർത്ഥം 'ലാ യമൂത്തു ഫീഹാ വലാ യഹ്‌യാ' എന്ന അവസ്ഥയിൽ അതായത് ജീവച്ഛവം പോലെ ആവുകയാണ്. അതുകൊണ്ട് ശ്രേഷ്ഠമായ മാർഗ്ഗം അയാൾക്ക് മരണശിക്ഷ നൽകിക്കൊണ്ട് അദ്ദേഹത്തിനും സൊസൈറ്റിക്കുമുള്ള എല്ലാ ആപത്തുകളും തൽക്ഷണം അവസാനിപ്പിക്കുകയാണ്. (മൂർത്തദ്ദ് കി സസാ ഇസ്‌ലാമീ ഖാനൂൻ മേ പേ: 51).

മതസ്വാതന്ത്ര്യത്തിന്റെ ഏറ്റവും ഉന്നതമായ ദർശനം കാഴ്ചവെച്ച ഇസ്‌ലാമിന്റെ പേരിൽ മൗദൂദി പറയുന്നത് മതം മാറുന്നവനെ കൊല്ലണമെന്നാണ്. പ്രബുദ്ധ കേരളത്തിൽ മാധ്യമങ്ങളിലൂടെ അറിയപ്പെടുന്ന പ്രശസ്തനായ ഒരു മനുഷ്യാവകാശപ്രവർത്തകനുണ്ട്. അദ്ദേഹം മൗലാനയുടെ അനുയായിയാണ്. മനുഷ്യാവകാശത്തിന്റെ ധീരനായ ഈ വക്താവിന്റെ ഏറ്റവും വലിയ ബലഹീനതയും മൗലാനയുടെ അനുയായിയായിപ്പോയി എന്നുള്ളതാണ്. വർഗീയ വിഷം പരത്തുന്ന സംഘ്പരിവാർ ഇന്ത്യയിൽ മതംമാറ്റം നിരോധിക്കണമെന്ന് പറഞ്ഞതിനെ ഇവിടത്തെ ജനാധിപത്യവിശ്വാസികൾ ഒന്നടങ്കം എതിർക്കുകയുണ്ടായി. എന്നാൽ, മുകളിൽ പറഞ്ഞ മൗലാനയുടെ അനുയായിയായ മനുഷ്യാവകാശ പ്രവർത്തകൻ മതപരിവർത്തന സംബന്ധമായി പ്പറഞ്ഞ വാർത്തകളെപ്പറ്റി മലയാളി ചിന്തിച്ചാൽ തലചുറ്റിപ്പോകും. മതം മാറുന്നവനെ വധിച്ചുകളയണമെന്ന സിദ്ധാന്തം അതിശക്തമായ രീതിയിൽ കേരളത്തിലെ ഏറ്റവും വലിയ ഈ മനുഷ്യാവകാശക്കാരൻ ഒരു പുസ്തകത്തിൽ എഴുതുകയും ന്യായീകരിക്കുകയും ചെയ്തിരിക്കുന്നു. അതാണ് ഞങ്ങൾ പറയുന്നത് ജമാഅത്തെ ഇസ്‌ലാമിക്കാർക്ക് എവിടെ നിന്നും എന്തും വിളിച്ചു പറയാൻ സാധിക്കുമെന്ന്. അവരുടെ വേഷപകർച്ചയുടെ ലാസ്യനടനത്തിൽ പൊതുജനം അത് പെട്ടെന്ന് മനസ്സിലാക്കിയെന്നു വരില്ല. അവർക്കാകട്ടെ സമ്പന്നമായ മാധ്യമ

പ്രസിദ്ധീകരണ വ്യവസായവും കൈവശം ഇഷ്ടം പോലെ സെക്കുലർ ബുദ്ധിജീവികളും സാഹിത്യകാരന്മാരുമുണ്ട്. അതായത് കമലാസുറയ്യക്ക് ഇസ്‌ലാമിലേക്ക് കടന്നുവരാം. തിരിച്ച് മതം മാറി ഇസ്‌ലാമിൽ നിന്നും അവർ പോകുകയാണെങ്കിൽ ഇപ്പോൾ ശിരോവസ്ത്രം കൊണ്ട് മറക്കുന്ന അവരുടെ തല ഉടലിൽ കാണില്ല. ഇത് മതം മാറുന്ന ആളുകളോടു കാണിക്കുന്ന ഔദാര്യമാണു പോലും. ജമാഅത്തുകാർ ജീവിക്കുന്നത് മനുഷ്യരുടെ ലോകത്തല്ലേ എന്നാണ് ഇപ്പോൾ ഞങ്ങൾക്കുള്ള സംശയം.

'ജിന്നാ സാഹിബിന്റെ മുസ്‌ലിം ലീഗിൽ സഫ്റുല്ലാഖാനിലൂടെ നുഴഞ്ഞുകയറി രാജ്യഭരണ നിയന്ത്രണം കയ്യടക്കാൻ അവർ ശ്രമിച്ചു' എന്ന് മുജീബ് അഹ്മദികളെപ്പറ്റി പ്രബോധനത്തിലെ മറുപടിയിൽ പറയുന്നു. അഹ്മദികൾക്ക് അത്തരം ഭരണമോഹങ്ങളൊന്നുമില്ല. രാഷ്ട്രവും പോലീസും പട്ടാളവുമില്ലാതെ ഖിലാഫത്ത് ഭരണം നടത്തുന്ന അഹ്മദികളുടെ ഇസ്‌ലാം പൂർണമാണ്. ജിന്നാസാഹിബിന്റെ പാകിസ്താനിൽ ജനങ്ങളുടെ സ്വൈരജീവിതം നശിപ്പിച്ച് കലാപവും കുഴപ്പങ്ങളും സൃഷ്ടിച്ചതിന്റെ ഫലമായി തൂക്കുമരത്തിലേറ്റാൻ വിധിക്കപ്പെട്ട ശിക്ഷ ഒരഹ്മദിക്കും പാകിസ്താനിൽ ലഭിച്ചിട്ടില്ല. ഒരു രാജ്യത്തും അവർ ഭീകര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുമില്ല. ആ ഹീന ശിക്ഷക്കർഹമായ കുറ്റം ചെയ്തത് മൗലാനാ മൗദൂദിയാണ്. പിന്നെ ഒരു കാര്യം കൂടി മുജീബ് ഓർക്കുന്നത് നന്ന്. ഇന്ത്യയും പാകിസ്താനും പൈശാചിക രാജ്യങ്ങളാണെന്നും പറഞ്ഞ് വിഭജന വേളയിൽ അതിർത്തിയിലെ കൊടുംതണുപ്പിൽ 'ദാറുൽ ഇസ്‌ലാം' എന്ന '0' വട്ടത്തിലുള്ള സ്ഥലത്ത് ഇസ്‌ലാമിക ഭരണം എന്ന് മനസ്സിൽ സങ്കല്പിച്ച് കവാത്തും ഖുത്ബാത്തുമായി മൗലാനാ കഴിഞ്ഞത് മുജീബിന് അറിയുമോ? ഇന്ത്യൻ പട്ടാളക്കാരന്റെ കാൽപ്പെരുമാറ്റം കേട്ടപ്പോൾ രായ്ക്കുരാമാനം ദാറുൽ ഇസ്‌ലാമെന്ന വത്തിക്കാനും വിട്ട് പൈശാചിക പാകിസ്താനിലേക്ക് ഓടിപ്പോയ ആളാണ് മൗലാനാ മൗദൂദി. അഹ്മദിയായ സഫറുല്ലാഹ്ഖാൻ സാഹിബ് വിദേശകാര്യമന്ത്രിയായിരുന്ന നാട്ടിലേക്കായിരുന്നു മൗലാനാ ഓടിക്കിതച്ചെത്തിയത്. നുഴഞ്ഞുകയറിയത് സഫറുല്ലായോ അതോ മൗദൂദിയോ? ■

*(16 -ാം പേജിൽ നിന്ന് തുടർച്ച)*

നം, യേശുവിന്റെ ശാരീരികമായ ഉയിർത്തെഴുന്നേല്പ് മുതലായ അർത്ഥശൂന്യമായ കഥകളിൽ നിന്നും സങ്കീർണ്ണമായ ക്രിസ്തുമത സിദ്ധാന്തങ്ങളിൽ നിന്നുമെല്ലാം അവർ വിദൂരസ്ഥരായി ഒഴിഞ്ഞുമാറി. ക്രിസ്തുസഭയുടെ ആദ്യകാല നേതാക്കന്മാരിലൊരാളായ സാത്വികനായ യാക്കോബിന്റെ വീക്ഷണങ്ങൾ അക്കൂട്ടത്തിൽ ഏറ്റവും പ്രമുഖമാണ്. അത് ലളിതവും, സത്യസന്ധവും, ആഭ്യന്തരവൈരുദ്ധ്യങ്ങളില്ലാത്തതും മിഥ്യയുടെ പുകമറക്കുള്ളിലെ വിരുദ്ധോക്തികളിൽ നിന്ന് മുക്തവുമായിരുന്നു. ക്രിസ്തുമതത്തിലെ ഏകദൈവവാദത്തിന്റെ (Unitarianism) ചരിത്രം പഠിക്കുമ്പോൾ ത്രിത്വത്തിന്റെ മുദ്രാവാക്യത്തിൽ സങ്കീർണ്ണമാവാത്ത യേശുവിന്റെ സംശുദ്ധമായ യഥാർത്ഥ സഭയുടെ ഏറ്റവും ആധികാരികമായ സിദ്ധാന്തം ഏകദൈവതത്വമാണെന്ന് യാതൊരു സംശയത്തിനുമിടയില്ലാത്ത വിധം സ്ഥാപിക്കപ്പെടുന്നതാണ്.

---

*(1). Eusebius: The history of the Church' Page: 90-91 (Pengelin 1989).*

*(2) ' The Dead sea scrolls uncovered', R - Eisemeam and M. Wise, P. 186 [Element Books, 1992]*

*(3). 'അങ്ങനെ ഞങ്ങൾ വിജാതീയരുടെ ഇടയിലേക്കും അവർ പരിച്ഛേദിതരുടെ ഇടയിലേക്കും പോയി. **ദരിദ്രരെ** ഓർമ്മിക്കണം എന്നു മാത്രം അവർ ഞങ്ങളോട് പറഞ്ഞു. (ഗലാ: 2:10).*

*'നിങ്ങൾ വിശിഷ്ട വസ്ത്രം ധരിച്ചവനെ ശ്രദ്ധിക്കുകയും 'ഇതാ ഇവിടെ ഇരുന്നാലും' എന്ന് അയാളെ ക്ഷണിക്കുകയും ചെയ്യുന്നു. എന്നാൽ **ദരിദ്രനോട്** 'അവിടെ നിൽക്ക അല്ലെങ്കിൽ എന്റെ കാൽക്കൽ വന്നിരിക്കൂ' എന്നും കല്പിക്കുന്നു. അവകാശികളായി ദൈവം തെരഞ്ഞെടുത്തിരിക്കുന്നത് ലോകത്തിലെ **ദരിദ്രരെയല്ലേ'**? (യാക്കോബ്. 2:3–5).*

*(4) 'The Dead sea scrolls uncovered' R. Eiseman and M. hlise P. 233-34.*

*(5) മത്തായി 13:25–40 യേശു അവരോടു മറ്റൊരു ഉപമ പറഞ്ഞു: 'തന്റെ വയലിൽ നല്ല വിത്തുവിതച്ച ഒരു മനുഷ്യനോട് സ്വർഗ്ഗരാജ്യത്തെ ഉപമിക്കാം. ആളുകൾ ഉറക്കമായപ്പോൾ **ശത്രു** വന്ന് ഗോതമ്പിന് ഇടയിൽ കളകൾ വിതച്ചിട്ട് കടന്നുകളഞ്ഞു. ഞാറു വളർന്നു വലുതായപ്പോൾ കള പ്രത്യക്ഷപ്പെട്ടു. ഉടനെ വീട്ടുടമസ്ഥന്റെ ഭൃത്യർ വന്നു. അയാളോടു ചോദിച്ചു: 'യജമാനനേ, അങ്ങ് വയലിൽ വിതച്ചത് നല്ല വിത്തല്ലേ?' പിന്നെ അവിടെ എങ്ങനെ ഈ കള വന്നു? അയാൾ പറഞ്ഞു: **ശത്രുവാണ്** ഇത് ചെയ്തത്" ഭൃത്യൻ ചോദിച്ചു: "എങ്കിൽ ഞങ്ങൾ പോയി അത് പറിച്ചുകളയട്ടെ?" പക്ഷേ അയാൾ പറഞ്ഞു: ''വേണ്ട നിങ്ങൾ കള പറിച്ചു നീക്കുമ്പോൾ ഗോതമ്പും പിഴുത് പോയേക്കാം. കൊയ്ത്തുവരെ അതും ഒരുമിച്ചു വളരട്ടെ. ആ സമയത്തു കൊയ്ത്തുകാരോടു ഞാൻ പറയും: 'ആദ്യം തന്നെ കള ശേഖരിച്ചു കെട്ടുകളാക്കി ചുട്ടുകളയുക. പക്ഷേ ഗോതമ്പ് എന്റെ അറപ്പുരയിൽ സംഭരിക്കുക.' ... അപ്പോൾ ശിഷ്യന്മാർ അടുത്തു ചെന്നു പറഞ്ഞു: 'വയലിലെ കളകളുടെ ഉപമ ഞങ്ങൾക്കു വിശദീകരിച്ചു തന്നാലും 'യേശു വിശദീകരിച്ചു: നല്ല വിത്ത്, വിതക്കുന്നവൻ മനുഷ്യപുത്രനാണ്. വയൽ ലോകമത്രെ. നല്ല വിത്ത് എന്നതിനർത്ഥം സ്വർഗ്ഗരാജ്യത്തിന്റെ പുത്രന്മാരെന്നാണ്. ദുഷ്ടന്റെ പുത്രന്മാരാണ് കളകൾ. ആദ്യം വിതച്ച **ശത്രു** പിശാചാണ്. കൊയ്ത്തു യുഗസമാപ്തിയാണ്. കൊയ്ത്തുകാർ മാലാഖമാരും' (മത്തായി : 13: 25–40).*

*(6). The Messianic Legacy - M. Baigent, R. Leigh H. Lincoln. P. 135-138 (Corgi Books).* ■

കവിത

# അവൻ ഏകൻ

കെ.പി.ഏ. പുന്നോൽ

**സൂറ: ഇഖ്‌ലാസിനെ അധികരിച്ചെഴുതിയ പദ്യം.**

നശ്വരമാകുമീ ഭൂമിയിങ്കൽ
ഈശ്വരനേകനാണെന്ന സത്യം
മുഖ്യമായ് ഹൃത്തിൽ കരുതീടുക
പ്രഖ്യാപനം നീ നടത്തീടുക

ആരും സഹായിയായില്ലയെന്നും
ആശ്രയമൊട്ടുമേയില്ലയെന്നും
സന്താനമല്ലായവനാരുടേയും
സന്തതിയൊട്ടുമേയില്ലയെന്നും
പ്രഖ്യാപനം നീ നടത്തീടുക

ലോകാന്തരങ്ങളിൽ, ശൂന്യതയിൽ
ഒന്നുമേയില്ലയവനെപ്പോലെ
ആരേയും പോലെയവനല്ലയെന്നും
പ്രഖ്യാപനം നീ നടത്തീടുക ■

*(6 -ാം പേജിൽ നിന്ന് തുടർച്ച)*

വില്ല. തീർച്ചയായും അവരിൽ പലരും നിരീശ്വരവാദികളും ദൈവനിന്ദകരും, വിശ്വാസത്തിൽ ബലഹീനരും ആണ്. അവരിൽ സർവ്വശക്തനായ ദൈവത്തിൽ ഒരളവോളം വിശ്വസിക്കുന്നവർ തെറ്റും ശരിയും, ശുദ്ധിയും, അശുദ്ധിയും കൂട്ടിക്കലർത്തി നേരായ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ചു പോയിരിക്കുന്നു.

അത്ഭുതകരമെന്ന് പറയട്ടെ, ഖുർആന്റെ യുക്തിയ്ക്ക് യാതൊരു പ്രമാദങ്ങളുമില്ല. നാം മേൽ പ്രസ്താവിച്ചതുപോലെ സമുന്നതമായൊരു ലക്ഷ്യത്തിന്നായി യാതൊരു മനുഷ്യന്നും സാധ്യമാകാത്ത രീതിയിൽ അത് ജ്ഞാനത്തിൽ വ്യാപരിക്കുന്നു. ദൈവത്തിന്റെ അസ്തിത്വം, അവന്റെ സൃഷ്ടികർത്തൃത്വം, ഏകത്വം, മറ്റ് പരിപൂർണ്ണഗുണങ്ങൾ എന്നിവയെ സംബന്ധിച്ച ഖുർആന്റെ പ്രസ്താവനകൾക്ക് അത് തികവുള്ള തെളിവുകളാണ് സമർപ്പിച്ചിരിക്കുന്നത്. അതിനെ മറികടക്കാൻ ആർക്കും സാധ്യമല്ലാത്ത വിധം അത് സമഗ്രമാണ്. ആർക്കും തന്നെ ഇതിന്ന് വിരുദ്ധമായി ഒരു പുതിയ വാദം കൊണ്ടുവരുവാൻ സാധ്യമല്ലാത്തയത്ര സമഗ്രമാണത്. ആർക്കെങ്കിലും ഇതിൽ സംശയമുണ്ടെങ്കിൽ അയാൾ ദൈവത്തിന്റെ ഏകത്വം, സൃഷ്ടികർത്തൃത്വം അല്ലെങ്കിൽ ഏതെങ്കിലും ഒരു ദൈവിക ഗുണം എന്നിവയെ പിന്തുണക്കുന്ന ബുദ്ധിപരമായ ഒരു വാദം പരീക്ഷണാർത്ഥം കൊണ്ടുവരട്ടെ. എങ്കിൽ ഖുർആനിൽ നിന്ന് നാം അതേ വാദം എടുത്തു കാട്ടാം. മാത്രമല്ല അതിനേക്കാൾ മികച്ച വാദങ്ങളും, തെളിവുകളും ഖുർആനിൽ നിന്നും ഉന്നയിക്കാൻ ഞങ്ങൾ ബാദ്ധ്യസ്ഥരാണ്. ഈ അവകാശവാദങ്ങളും, ഖുർആനെക്കുറിച്ചുള്ള ഈ സ്തുതിയും വെറും പൊയ്‌വാക്കുകളല്ല. വാസ്തവത്തിൽ അത് തികഞ്ഞ സത്യമാണ്. വിശുദ്ധ ഖുർആൻ മുന്നോട്ട് വെക്കാത്ത ഒരു സത്യസന്ധമായ സിദ്ധാന്തവും ആർക്കും കൊണ്ടുവരാൻ സാധ്യമല്ല. വിശുദ്ധ ഖുർആൻ നിരവധി സ്ഥലങ്ങളിലായി സ്വയം തന്നെ സമഗ്രതയെക്കുറിച്ചുള്ള ഈ അവകാശവാദം ഉച്ചസ്വരത്തിൽ സമർപ്പിക്കുന്നുണ്ട്. ■

(സുർമ ചശ്മെ ആര്യ: പേ: 24)

**ശുചിത്വം**

പല്ല് വൃത്തിയാക്കുന്നതും വായ ശുദ്ധിയാക്കുന്നതും അല്ലാഹുവിന്റെ തൃപ്തിക്കു കാരണമാകുന്നു.

*(നസായി)*

# അസ്ഹാബുൽ കഹ്ഫ് (ഗുഹാ നിവാസികൾ) മൂന്നൂറ് കൊല്ലം ഉറങ്ങിയോ? - II

ഏ.പി. കുഞ്ഞാമു

**ആദിമ ക്രിസ്ത്യാനികളുടെ ഗുഹാജീവിതത്തെപ്പറ്റി നിലവിലുള്ള ഐതിഹ്യങ്ങൾ പരിശോധിച്ചാൽ അവർ ആദർശജീവിതം നയിക്കാൻ വമ്പിച്ച ത്യാഗങ്ങൾ ചെയ്തവരായിരുന്നു എന്ന ചരിത്ര വസ്തുത വെളിപ്പെടും.**

ഗുഹയുമായി ബന്ധപ്പെട്ട മറ്റൊരു കഥ, യേശുവിനെ ക്രൂശിൽ നിന്നും വിമുക്തമാക്കുന്നതിൽ വ്യക്തമായ പങ്കു വഹിച്ച അപ്പോസ്തലനായ ജോസഫ് അരിമാത്തിയാക്കും അദ്ദേഹത്തിന്റെ കൂടെയുള്ള കുറച്ചു സഖാക്കൾക്കുമാണ് ഈ ദുരന്തം ഉണ്ടായത് എന്നുള്ളതാണ്. ജോസഫിനേയും സഖാക്കളേയും സെയിൻറ് ഫിലിപ്പ് ബ്രിട്ടനിലേക്ക് അയച്ചുവെന്നും അവിടെ ഒരു ചെറിയ ദ്വീപ് അദ്ദേഹത്തിന് നൽകപ്പെട്ടുവെന്നും അതിന്റെ പേര് സോമർസെട്ട്ഷയർ (Somer setshire) എന്നാണെന്നും ഐതിഹ്യമുണ്ട്. അവിടെ അദ്ദേഹം മരക്കൊമ്പുകൾ കൊണ്ടു ആദ്യത്തെ ചർച്ച് നിർമിച്ചതായും കരുതപ്പെടുന്നു. മറ്റൊരു ചരിത്രത്തിൽ ജോസഫും കൂട്ടുകാരും ബ്രിട്ടനിൽ തന്നെ ഏ.ഡി. 63-ൽ അലഞ്ഞു തിരിഞ്ഞു നടന്നതായും പറയുന്നു. ഗ്ലാസ്റ്റൻബറിയിലുള്ള ആദ്യത്തെ ചർച്ച് പണിതത് ജോസഫ് അരിമാത്തിയായും അദ്ദേഹത്തോടൊപ്പം സെയിന്റ് ഫിലിപ്പ് അയച്ച പന്ത്രണ്ട് അപ്പോസ്തലന്മാരുമാണെന്നു ക്രിസ്ത്യൻ സന്യാസിമാർ പ്രചരിപ്പിച്ച ചില കഥകളിൽ കാണുന്നു.

(Encyclopeadia Britanica; 10th Edition and 13th edition under Joseph Arimathaea & Glastonbeary)

മേലുദ്ധരിച്ച (കഴിഞ്ഞലക്കം സത്യദൂതൻ കാണുക) എല്ലാ വിവരണങ്ങളിലും ഗുഹാവാസികളുടെ ചരിത്രം അപൂർണങ്ങളും പരസ്പരവിരുദ്ധങ്ങളും, കൂട്ടിച്ചേർക്കപ്പെട്ടതുമാണെന്നു മനസ്സിലാകുന്നു. എന്നിരുന്നാലും അതെല്ലാം ഗുഹാവാസികളുടെ അപ്രകാശിതമായ ചരിത്രത്തിലേക്ക് പല സൂചനകളും നൽകുന്നുണ്ട്. ജോസഫ് അരിമാത്തിയ ഇംഗ്ലണ്ടിൽ പോയാലും പള്ളി പണിതാലും അദ്ദേഹത്തിന് അവിടെ ഗുഹാവാസം ചെയ്യേണ്ടിവന്നാലും ഇല്ലെങ്കിലും ഒരു കാര്യം തീർച്ചയാണ്. ഏകദൈവവിശ്വാസികളായ ആദ്യകാലത്തെ ക്രിസ്ത്യാനികൾക്ക് അവരുടെ വിശ്വാസാചാരങ്ങൾ സംരക്ഷിക്കാൻ വേണ്ടി വിവരണാതീതമായ യാതനകളും വേദനകളും ഭരണകർത്താക്കളിൽ നിന്നും ഏൽക്കേണ്ടി വന്നിട്ടുണ്ടായിരുന്നു എന്ന വസ്തുത ഇതിൽ നിന്നും തെളിയുന്നു. അതേപോലെ ഈ ത്യാഗങ്ങൾക്ക് ശേഷം ഭൗതികമായ ഉന്നതിയും അവർക്ക് അനുഭവിക്കാൻ സാധിച്ചു. ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുന്നു.

ഈ ആധുനിക കാലഘട്ടത്തിൽ നടന്ന ചരിത്രഗവേഷണങ്ങളിൽ നിന്ന് മനസ്സിലാകുന്നതു, ആദിമ ക്രിസ്ത്യാനികൾ നിവസിച്ചിരുന്ന ഭൂഗർഭ അറകൾ റോമിലെ കാറ്റകോംസ് (CATA COMBS) ആണെന്നാണ്. ആധുനിക പര്യവേക്ഷണങ്ങൾ ഇബ്നു ഇഷ്ഹാഖിന്റെതും മറ്റു ചരിത്രകാരന്മാരുടേയും ചരിത്രവുമായി ഒത്തുപോവുന്നു. ചുരുക്കത്തിൽ മേൽ വിവരണങ്ങളിൽ നിന്നു മനസ്സിലാവുന്ന കാര്യങ്ങളുടെ സംഗ്രഹം താഴെ ചേർക്കാം.

(1) ആദ്യകാല ക്രിസ്ത്യാനികൾ ഏകദൈവവിശ്വാസികളായിരുന്നു. വിശ്വാസസംരക്ഷണാർഥം അവർക്കു വളരെ

യധികം ത്യാഗങ്ങളും പീഡനങ്ങളും അനുഭവിക്കേണ്ടിവന്നു.

(2) വിശ്വാസികളായ കുറച്ചു കൃസ്തീയ ചെറുപ്പക്കാർ ഡസീയൂസ് (Dacyuse) രാജാവിന്റെ കാലത്ത് മർദ്ദനങ്ങളും പീഡനങ്ങളും, കൊലയും ഭയന്നു ഗുഹകളിൽ അഭയം പ്രാപിച്ചിരുന്നു.

(3) ഈ മർദ്ദനം അഴിച്ചുവിട്ടവർ വിഗ്രഹാരാധകരും മറ്റുള്ളവരെക്കൂടി വിഗ്രഹങ്ങളെ ആരാധിക്കാനും അർച്ചനകൾ അർപ്പിക്കാനും നിർബന്ധിക്കുന്നവരും കൂടിയായിരുന്നു.

(4) ഈ ഗുഹാനിവാസികൾ തിയോഡിസിയസ് (Theodosius) രാജാവിന്റെ കാലത്തു ഗുഹയിൽ നിന്നു പുറത്തുവരുകയും രാജാവും പ്രജകളും അവർക്ക് ഊഷ്മളമായ സ്വീകരണം നൽകുകയും ചെയ്തു. ചരിത്രകാരനായ ഗിബ്ബന്റെ അഭിപ്രായത്തിൽ തിയോഡോസിയസ് രാജാവിന്റെ കാലത്താണ് പ്രസ്തുത സംഭവം നടന്നത്. റോമൻ രാജാക്കന്മാരിൽ ക്രിസ്ത്യാനികൾക്ക് നേരെ അതികഠിനമായ പീഡനമുറകൾ അഴിച്ചുവിട്ട രാജാവായിരുന്നു നീറോ (Nero). ഈ മർദ്ദനമുറകൾ ഏറ്റക്കുറച്ചലോടുകൂടി തുടരുകയുണ്ടായി. ചക്രവർത്തിയായ കോൺസ്റ്റാന്റയിൻ രാജാവിന്റെ കാലം വരെ അത് തുടർന്നു. കോൺസ്റ്റാന്റയിൻ ക്രിസ്തുമതം ആശ്ലേഷിക്കുകയും ക്രിസ്തുമതം സ്റ്റേറ്റിന്റെ മതമായി പ്രഖ്യാപിക്കുകയും ചെയ്തു.

റോമിലെ അതിക്രൂരനായ നീറോ ചക്രവർത്തിയുടെ ഭരണകാലത്താണ് ക്രിസ്ത്യാനികൾ അളവറ്റ പീഡനങ്ങൾക്ക് കുറിമാനമായത്. മനോവിഭ്രാന്തി കൂടിയുണ്ടായിരുന്നു എന്ന് പറയപ്പെടുന്ന നീറോചക്രവർത്തി ആദിമ ക്രിസ്ത്യാനികൾക്കെതിരെ നടത്തിയ പീഡനമുറകൾ ചരിത്രത്തിൽ തുല്യതയില്ലാത്തതാണ്. ചരിത്രപ്രസിദ്ധമായ റോമാ നഗരം അതിന്റെ വിജ്ഞാനഭണ്ഡാരത്തോടൊപ്പം അഗ്നിക്കിരയാക്കിയ നീറോ കൊട്ടാരത്തിലിരുന്നു വീണ വായിച്ച കഥ കുപ്രസിദ്ധമാണല്ലോ. ഈ പാതകത്തിന്റെ കുറ്റം പാവം ക്രിസ്ത്യാനികളിൽ ആരോപിക്കുകയും ക്രൂരമായ ഭേദ്യങ്ങളുടെ പരമ്പര അവരിൽ അഴിച്ചുവിടുകയും ചെയ്തു. ജീവനോടെ ചുടുക, ക്രൂശിക്കുക, വിശക്കുന്ന സിംഹങ്ങൾക്ക് മുമ്പിൽ എറിയുക തുടങ്ങി ബീഭത്സമായ ക്രൂരതകളായിരുന്നു അരങ്ങേറിയത്. യേശുവിന്റെ അപ്പോസ്തലനായ സെന്റ് പീറ്ററെ ക്രൂശിച്ചത് നീറോ ചക്രവർത്തിയാണ്. അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ പിന്നീട് ഏ.ഡി. 258-ൽ റോമിലെ പ്രസ്തുത ഗുഹകളിൽ (CATACOMBS) നിന്ന് കണ്ടെടുക്കുകയുണ്ടായി. പീറ്ററിനെ കൂടാതെ ബൈബിൾ പുതിയ നിയമം പ്രതിപാദിക്കുന്ന യേശുവിന്റെ പല അനുയായികളേയും നീറോ ക്രൂശിക്കുകയോ വധിക്കുകയോ ചെയ്തിട്ടുണ്ട്. (Encyclopeadia Britanica & Gibbon's Decline & Fall of Roman Empire)

നീറോവിനുശേഷം അധികാരത്തിൽ വന്ന ഡൊമീഷ്യൻ (Domition), ട്രാജൻ (Trajan), മാർക്കസ് അറിലിയോസ് (Marcus Auroleus) ഇവരൊക്കെതന്നെ ആദിമ ക്രിസ്ത്യാനികളുടെ മർദ്ദകരും പീഡകരുമായിരുന്നു. അതിനുശേഷം നാല്പതുകൊല്ലം കഠിനപരീക്ഷണങ്ങൾക്ക് അയവു വന്ന കാലമായിരുന്നു. അതിനുശേഷമാണ് ഡിഷ്യൂസിയസ് (Decius) ന്റെ രംഗപ്രവേശം ഉണ്ടാകുന്നത്. അദ്ദേഹം റോമിനെ ക്രിസ്ത്യാനിറ്റിയിൽ നിന്നു മുക്തമാക്കാനുള്ള എല്ലാവിധ വൃത്തികെട്ട അടവുകളും പ്രയോഗിക്കുകയുണ്ടായി. ഡിഷ്യൂസിയസിന്റെ കാലത്തു ഇദ്ദേഹത്തിന്റെ അധീനതയിലുണ്ടായിരുന്ന എല്ലാ സ്ഥലങ്ങളിൽ നിന്നും ക്രിസ്തീയ ദേവാലയങ്ങൾ തച്ചുടക്കുകയുണ്ടായി. വേദപുസ്തകങ്ങൾ അഗ്നിക്കിരയാക്കി. 303 ഏ.ഡി. ആകുമ്പോഴേക്കും റോമൻ ചക്രവർത്തിമാരുടെ ക്രിസ്തീയ പീഡനം അതിന്റെ ഉച്ചിയിലെത്തിയിരുന്നു. ക്രിസ്ത്യാനികളുടെ എല്ലാ സ്വത്തുക്കളും കണ്ടുകെട്ടുകയുണ്ടായി. ജീവനും സ്വത്തിനും യാതൊരു സംരക്ഷണവും നിയമപരമായി നൽകിയിരുന്നില്ല.(Gibbon's Decline & Fall of Roman Empire).

ദീർഘമായ ഈ പീഡനകാലത്താണ് റോമിലെ ക്രിസ്ത്യാനികൾ ''കേറ്റകോംസിൽ'' (ഗുഹകളിൽ) അഭയം തേടേണ്ടി വന്നത്. ഈ കേറ്റകോംസ് എല്ലാ അർഥത്തിലും സംരക്ഷണത്തിന്റെ സ്വർഗമായി അവർക്ക് അനുഭവപ്പെട്ടു. വിശുദ്ധ ഖുർആനിൽ പറയപ്പെട്ട ഈ "ഗുഹകൾ" (കഹ്ഫ്) അവരെ സംബന്ധിച്ചേടത്തോളം ഒളിവിൽ കഴിയാൻ പാകത്തിലുള്ളതായിരുന്നു. പീഡനങ്ങളുടെ തീവ്രത കൂടുമ്പോഴൊക്കെ ഈ ഗുഹകളുടെ നിഗൂഢമായ ഗർഭഗൃഹങ്ങളിലേക്ക് അവർ ഉൾവലിയുമായിരുന്നു. പ്രസ്തുത ഗുഹകളിൽ മതപാഠശാലകളും പ്രാർഥനാലയങ്ങളും അവർ നിർമിച്ചിരുന്നു. പുണ്യവാളന്മാരുടെ മൃതദേഹങ്ങൾ അതിനകത്ത് തന്നെ ഖബറുകൾ നിർമിച്ചു സംസ്കരിച്ചിരുന്നു. എതിർപ്പിന്റെ കൂരമ്പുകൾ ആദ്യമായി അനുഭവപ്പെട്ടിരുന്നത് അവരിലുള്ള പണ്ഡിതന്മാർക്കും പ്രചാരകർക്കുമായിരുന്നു. എതിർപ്പ് രൂക്ഷമാവുമ്പോൾ അവർ ഈ ഗുഹകളിൽ അഭയം പ്രാപിക്കും. പിന്നെ അതു അയവുവരുമ്പോൾ വെളിയിൽ വരുകയും ചെയ്യും. ഈ ഗുഹകളുടെ അവസ്ഥാവിശേഷങ്ങൾ അറിയുമ്പോൾ നാം അത്ഭുതപ്പെട്ടുപോകും. റോമിൽ ഇന്നും സ്ഥിതിചെയ്യുന്ന ആ ഗുഹകൾ അതിസങ്കീർണമായ വഴികളും പിരിവുകളും കവലകളുമുള്ളതാണ്. അതിന്റെ ദൈർഘ്യം 800 മൈലിന്നും തൊള്ളായിരം മൈലിനും ഇടയിലാണെന്നു കണക്കാക്കിയിരിക്കുന്നു. ചില കണക്ക് പ്രകാരം 587 മൈലാണെന്നും തിട്ടപ്പെടുത്തിയിട്ടുണ്ട്. ആ ഗുഹയിൽ അറുപതുലക്ഷത്തിനും എഴുപതുലക്ഷത്തിനും ഇടയിലുള്ള അഭയാർഥികൾക്ക് താമസസൗകര്യമുള്ളതായും കണക്കാക്കപ്പെട്ടിരിക്കുന്നു. അതേപോലെ പല ഭാഗത്തുകൂടിയും ഗുഹാപ്രവേശം സാധ്യമായിരുന്നു. അപരിചിതർ വരുമ്പോൾ ചില അടയാളങ്ങൾ മുഖേനയും നായയുടെ സഹായത്താലും അവർ തിരിച്ചറിഞ്ഞിരുന്നു. ഗുഹാഗർത്തത്തിൽ തന്നെ തട്ടുകളുണ്ടാക്കിയും പാർപ്പുകാർ താമസിച്ചിരുന്നു. (Enc. Brit. 9th Edition under Catacombs).

മേൽ വിവരിച്ച ഗുഹയെയും, 'ശിലാലിഖിതങ്ങളെ' (റഖീം)യും വിശുദ്ധ ഖുർആൻ വിവരിക്കുന്നത് അത്ഭുത അടയാളങ്ങളായിട്ടാണ്. ശിലാലിഖിതങ്ങൾ എന്നതുകൊണ്ട് ഗുഹകളിൽ വസിച്ച ക്രിസ്ത്യാനികൾ ശിലകളിൽ കോറിയിട്ട എഴുത്തും വരകളും ചിത്രങ്ങളുമാണ് സൂചിപ്പിക്കുന്നത്. ഈ ലിഖിതങ്ങളെല്ലാം തന്നെ ഏകദൈവ സങ്കല്പത്തിലേക്കാണ് വ്യക്തമായും വിരൽ ചൂണ്ടുന്നത്. അതുകൊണ്ടു തന്നെ ആദ്യ ക്രിസ്ത്യാനികൾ കർശനമായി ഏകദൈവസിദ്ധാന്തക്കാരാണെന്നു മനസ്സിലാകുന്നു. ആ ലിഖിതങ്ങളിൽ ഒന്നിൽ പോലും യേശു ദൈവമാണെന്നോ ദൈവപുത്രനാണെന്നോ കാണാൻ സാധ്യമല്ല. അദ്ദേഹത്തെപറ്റി ഇടയൻ (Shepherd) എന്നും പ്രവാചകൻ (Prophet) എന്നുമുള്ള വിശേഷണങ്ങളാണ് കാണുന്നത്. അതേപോലെ അദ്ദേഹത്തിന്റെ മാതാവ് മറിയമിനെപ്പറ്റിയും ഒരു ഭക്തയായ സ്ത്രീയായിട്ടാണ് വിവരണങ്ങളിൽ കാണുന്നത്. യോനാപ്രവാചകന്റെ കഥയും (യൂനുസ് നബി) നോഹയുടെ കാലത്ത് (നൂഹ് നബി) നടന്ന പ്രളയത്തെപ്പറ്റിയും പലരൂപങ്ങളിലും ഗുഹാഭിത്തികളിൽ ഉല്ലേഖനം ചെയ്യപ്പെട്ടു കാണുന്നുണ്ട്. അതു മനസ്സിലാക്കിത്തരുന്നത് അവർ പഴയ വേദഗ്രന്ഥങ്ങളെ വളരെ ആദരവോടെ വിശ്വസിച്ചിരുന്ന യഹൂദപാരമ്പര്യമുള്ള ക്രിസ്ത്യാനികളായിരുന്നു എന്നാണ്. ഗുഹയിൽ പ്രവേശിക്കുന്ന ആദിമ ക്രിസ്ത്യാനികൾ നായകളെ വളർത്തിയിരുന്നു. അതിനെ ഗുഹയുടെ കാവൽജോലികളും ഏല്പിച്ചിരുന്നു. അപരിചിതർ വരുമ്പോൾ അതിന്റെ കുര അവരെ ജാഗ്രതപ്പെടുത്തുമായിരുന്നു. ഈ വിവരണങ്ങളിൽ വളരെ വ്യക്തമാകുന്നത്, ആദിമ ക്രിസ്ത്യാനികളുടെ ഗുഹാവാസത്തേക്കാളുപരി ഏകദൈവവിശ്വാസത്തെയും ആരാധനയെയും ആചാരത്തെയും നിലനിർത്താൻ വേണ്ടി അവർ സമർപ്പിച്ച ത്യാഗത്തിന്റെ ത്യാഗോജ്വലമായ ചരിത്രമാണ് റോമിലെ ഗുഹകളിൽ നിറഞ്ഞു നിൽക്കുന്നത് എന്നാണ്.

ശിലാരേഖയെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ വ്യാഖ്യാതാക്കൾക്ക് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ട്. ചിലരുടെ അഭിപ്രായത്തിൽ ഈയ്യം കൊണ്ടോ, ചെമ്പുകൊണ്ടോ ഉണ്ടാക്കിയ ഫലകങ്ങളിൽ ഗുഹാവാസികളുടെ പേരും അവരുടെ കുടുംബപശ്ചാത്തലവും മറ്റും എഴുതി എന്നാണ് വിവരിച്ചിട്ടുള്ളത്. ഗുഹാവാസികൾ അവരുടെ ഗ്രാമത്തെപ്പറ്റിയും, ഏത് സ്ഥലത്താണ് ഗുഹ സ്ഥിതിചെയ്തിരുന്നത് എന്നതിനെപ്പറ്റിയും പലകകളിൽ എഴുതിവെച്ചതായി ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. ശിലാരേഖകളിൽ അവരുടെ നായയെപ്പറ്റിയും അവരുപയോഗിച്ച നാണയത്തെപ്പറ്റിയുമാണ് വിവരണങ്ങളെന്നു ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഏതായാലും വ്യാഖ്യാതാക്കളുടെ അഭിപ്രായഭേദങ്ങളെ ഇവിടെ വിശകലനം ചെയ്യാൻ മുതിരുന്നില്ല.

**ആദിമ ക്രിസ്ത്യാനികൾ അവരുടെ പരിശുദ്ധമായ ഏകദൈവ വിശ്വാസം സംരക്ഷിക്കാൻ എല്ലാവിധ ലൗകിക സുഖങ്ങളും പരിത്യജിച്ചുകൊണ്ട് മർദ്ദകരിൽ നിന്ന് രക്ഷപ്പെടാൻ ഗുഹകളിലേക്ക് അന്തർധാനം ചെയ്യുകയുണ്ടായി. അവസാനം അവർക്ക് ലൗകികാധിപത്യം ലഭിച്ചപ്പോൾ അവർ അതിൽ ആസക്തരും ദൈവത്തെ മറന്നവരും മർദ്ദകരുമായിത്തീരുകയാണുണ്ടായത്.**

ആദിമ ക്രിസ്ത്യാനികൾ അവരുടെ പരിശുദ്ധമായ ഏകദൈവ വിശ്വാസം സംരക്ഷിക്കാൻ എല്ലാവിധ ലൗകിക സുഖങ്ങളും പരിത്യജിച്ചുകൊണ്ട് മർദ്ദകരിൽ നിന്ന് രക്ഷപ്പെടാൻ ഗുഹകളിലേക്ക് അന്തർധാനം ചെയ്യുകയുണ്ടായി. അവസാനം അവർക്ക് ലൗകികാധിപത്യം ലഭിച്ചപ്പോൾ അവർ അതിൽ ആസക്തരും ദൈവത്തെ മറന്നവരും മർദ്ദകരുമായിത്തീരുകയാണുണ്ടായത്.

ഇവിടെ നമ്മൾ കണ്ടത് മൂസാനബിയുടെ ന്യായപ്രമാണമായ തൌറാത്തിന്റെ സേവകനായി ബനൂഇസ്രായേലിന് മസീഹായി വന്ന ഈസാനബി(അ)യുടെയും അദ്ദേഹത്തിൽ വിശ്വസിച്ച ആദിമ ക്രിസ്ത്യാനികളുടെയും ചരിത്രമാണ്. പ്രസ്തുത വിശ്വാസികൾക്ക് സ്വതന്ത്രമായി അവരുടെ വിശ്വാസം പ്രകടിപ്പിക്കാൻ മൂന്ന് നൂറ്റാണ്ടുകൾ യാതനയുടെയും വേദനയുടെയും യുഗങ്ങൾ തള്ളിനീക്കേണ്ടിവന്നു. റോം ഭരിച്ച തുടർച്ചയായി വന്ന എല്ലാ ഭരണാധികാരികളും അവരെ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ പീഡനങ്ങൾക്ക് വിധേയമാക്കി. അല്ലാഹുവിന് വേണ്ടി അവർ അതൊക്കെ സഹിച്ചു. ഒടുവിൽ കോൺസ്റ്റൻന്റൈൻ രാജാവ് ക്രിസ്തുമതം ആശ്ലേഷിക്കുന്നതുവരെ അവർക്ക് പരീക്ഷണങ്ങൾ നേരിടേണ്ടി വന്നു. എന്നാൽ അവിടെ നടന്നതെല്ലാം ഒരു ആവർത്തനമെന്ന നിലയിൽ മുഹമ്മദീ ഉമ്മത്തിലും നടക്കുമെന്ന ഒരു സൂചനയാണ് അഹ്മദി മുസ്‌ലിംകൾ ഇവിടെ മനസ്സിലാക്കേണ്ടത്.

അവർ ഇന്നു അനുഭവിച്ചുകൊണ്ടിരിക്കുന്നതും പ്രസ്തുത ചരിത്രത്തിന്റെ ആവർത്തനമാണ്. മുഹമ്മദ് മുസ്തഫാ (സ) യുടെ മസീഹായി ഉമ്മത്തെ മുഹമ്മദിയിൽ ആഗതനായ ഹസ്രത്ത് അഹ്മദ് (അ)ന്റെ അനുചരന്മാർക്ക് ഇന്നു പാകിസ്താനിലും മറ്റു മുസ്‌ലിം രാഷ്ട്രങ്ങളിലും ഏൽക്കേണ്ടി വരുന്ന പീഡനങ്ങൾ ഇതിന്റെ ഒരു ആവർത്തനം മാത്രമാണ്. അവർക്ക് സ്വതന്ത്രമായി അവരുടെ വിശ്വാസം പ്രഘോഷിക്കുവാനോ, ആചരിക്കുവാനോ സാധിക്കാത്തത് കൊണ്ടു ആധുനികലോകത്ത് അവർ ഗുഹാവാ

സികളുടെ ജീവിതമാണ് അനുഭവിക്കുന്നത്. പാകിസ്താനിൽ അഹ്മദികളെ പീഡിപ്പിച്ച എല്ലാ ഭരണാധിപന്മാരെയും ദാരുണമായ രൂപത്തിൽ അല്ലാഹു ശിക്ഷിച്ചെങ്കിലും ഓരോ ഭരണകർത്താവും മാറി മാറി വരുമ്പോഴെല്ലാം അതിൽ നിന്നും പാഠം പഠിക്കാതെ ഓരോ രൂപത്തിലുള്ള നിയമനിർമാണങ്ങൾ നടത്തി അവരെ പീഡിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇതുപോലെ ആദിമ ക്രിസ്ത്യാനികളെ പീഡിപ്പിച്ച ഭരണാധിപന്മാരും ശാപഗ്രസ്തമായ മരണം വരിച്ചവരായിരിക്കും എന്ന് നമുക്ക് അനുമാനിക്കാം. തുടർന്നുവരുന്നവരും അതിൽ നിന്നു പാഠം പഠിക്കാതെ അവരെ പീഡിപ്പിക്കുക തന്നെ ചെയ്തിരിക്കാം. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ലോകത്ത് ഇസ്‌ലാമിന്റെ വിജയക്കൊടി നാട്ടാൻ മുന്നൂറ് കൊല്ലത്തെ സമയമെടുക്കുമെന്ന് ഹസ്റത്ത് അഹ്മദ് (അ) പ്രവചിച്ചിട്ടുണ്ട്. മുഹമ്മദ് നബി(സ)(യുടെ ആത്മീയ സ്ഥാനം മൂസാ നബി (അ)യെ അപേക്ഷിച്ചു ഉയർന്നതാണെന്നും അതേപോലെ ഈസാനബി (അ)യുടെ സ്ഥാനത്തെക്കാൾ ഉപരിയാണ് മുഹമ്മദീ മസീഹായ ഹസ്റത്ത് അഹ്മദി(അ)ന്റെ സ്ഥാനമെന്നും അതുകൊണ്ടു അഹ്മദിയ്യാ ജമാഅത്തിന്റെ വിജയം മുന്നൂറ് കൊല്ലത്തിന് മുമ്പായി സംഭവിക്കുമെന്നും അതിന്റെ തുടക്കം 150 കൊല്ലം കഴിയുമ്പോൾ തന്നെ ദർശിക്കാമെന്നും അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ പറഞ്ഞിട്ടുണ്ട്. ഇവിടെയും ഒരു ഭരണാധിപന്റെ വരവോടെയാകുമോ മോചനം? കാത്തിരുന്നു കാണേണ്ടതാണ്. ആദിമ ക്രിസ്ത്യാനികളുടെ ചരിത്രത്തിൽ നിന്ന് അഹ്മദി മുസ്‌ലിംകൾക്ക് ഒരുപാട് സംഗതികൾ ഗ്രഹിക്കാനുണ്ട് എന്ന സന്ദേശമാണ് നമുക്ക് ലഭിക്കുന്നത്.

തുടർന്നു വിശുദ്ധ ഖുർആൻ ഗുഹാനിവാസികളെപ്പറ്റി എന്താണ് പറയുന്നത് എന്നു നോക്കാം ''അങ്ങനെ ആ ഗുഹയിൽ കുറേ വർഷങ്ങൾ നാം അവരെ ബാഹ്യലോകവർത്തമാനങ്ങളറിയുന്നതിൽ നിന്ന് ഒഴിച്ചുനിർത്തി”. അതായത് ബാഹ്യലോകവുമായി ബന്ധമില്ലാതെ കുറേ കാലങ്ങളോളം അല്ലാഹു അവരെ ഗുഹയിൽ താമസിപ്പിക്കുകയാണുണ്ടായത്. ഈ സംഭവത്തെയാണ് വിശുദ്ധ ഖുർആൻ ഭാഷ്യകാരന്മാർ ഉറക്കമായി ചിത്രീകരിക്കുന്നത്. ഭരണാധികാരികളുടെ മർദ്ദനം സഹിക്കാതെ വരുമ്പോഴും മർദ്ദനം ഭയപ്പെട്ടും വിപ്ലവപ്രസ്ഥാനപ്രവർത്തകർ ഒളിജീവിതം നയിക്കുന്നതിന് ആധുനിക രാഷ്ട്രീയ ചരിത്രത്തിൽത്തന്നെ ധാരാളം ഉദാഹരണങ്ങൾ നമുക്ക് കാണാം. അജ്ഞാത വാസം (Underground life) എന്നെല്ലാം ഇതിനെ നാം വിശേഷിപ്പിക്കാറുണ്ട്. ഏകദൈവവിശ്വാസ സംരക്ഷണത്തിന് വേണ്ടി ഒളിജീവിതം നയിച്ച ആദിമ ക്രിസ്ത്യാനികളുടെ ചരിത്രമാണ് ഖുർആൻ ഇവിടെ പരാമർശിക്കുന്നത്. ആ മർദ്ദനം തലമുറകളോളം മൂന്നൂറ് വർഷക്കാലം നീണ്ടുനിന്നു. തലമുറകൾക്ക് ശേഷം തലമുറയായി ക്രിസ്ത്യാനികളും അത്രയും കാലം ഗുഹാജീവിതം നയിക്കുകയുണ്ടായി. അല്ലാതെ കണ്ണുമടച്ച് ഭക്ഷണവും, വിസർജ്യങ്ങളുമില്ലാതെ മൂന്നൂറ് കൊല്ലം അവർ ഉറങ്ങിയെന്ന കഥ വെറും ഭാവന മാത്രമാണ്. മുന്നൂറ് കൊല്ലം ഉറങ്ങിയതായി വിശുദ്ധ ഖുർആൻ പറയുന്നുമില്ല. മറിച്ച് “അവർ ഗുഹയിൽ മൂന്നൂറ് വർഷം താമസിച്ചു. അതിന്റെ കൂടെ ഒമ്പതു കൂടി കൂട്ടുക. പറയുക, അവർ എത്ര കാലം താമസിച്ചുവെന്നതിനെ സംബന്ധിച്ച് അല്ലാഹു എറ്റവും അറിവുള്ളവനാണ്.“ (18:26;27) ഇവിടെ അല്ലാഹു പറയുന്നത് 309 കൊല്ലം അവർ ഗുഹയിൽ താമസിച്ചുവെന്നാണ്. അപ്പോൾ ആദിമ ക്രിസ്ത്യാനികൾ രാജാക്കന്മാരുടെ അക്രമങ്ങൾക്ക് വിധേയരായിരുന്നുവെന്ന് മേൽ പ്രസ്താവിച്ചുവല്ലോ. ആ കാലഘട്ട ദൈർഘ്യമാണ് 309 കൊല്ലം. തലമുറകളായി അനുഭവിച്ച പീഡനങ്ങളായിരുന്നു അവ.

വിശുദ്ധ ഖുർആനിൽ പറയപ്പെട്ട 309 കൊല്ലത്തെ ഗുഹാവാസം ചരിത്രത്തിന്റെ ഏതുകോണിൽക്കൂടെ നോക്കിയാലും വളരെ കൃത്യമാണെന്നു മനസ്സിലാക്കാം. Enc. Brit. 14th Editon Vol. 5-ൽ പറയുന്നത് യേശുവിന്റെ കുരിശു സംഭവം നടക്കുന്നത് എ.ഡി. 28ലാണ്. കോൺസ്റ്റൻറൈൻ (Constantine) രാജാവ് ക്രിസ്തുമതം ആശ്ലേഷിക്കുന്നത് 337 എ.ഡിയിൽ ആണ്. 337–ൽ നിന്ന് 28 കിഴിച്ചാൽ കിട്ടുന്നത് 309 ആണ്. വാസ്തവത്തിൽ ഈ തിയ്യതികൾ കൃത്യമല്ല. ആർച്ച് ബിഷപ്പ് ഉഷേഴ്സ് (Ushers) ഡോ. കിറ്റോ (Dr. Kitto) എന്നിവർ പ്രസിദ്ധീകരിച്ച ‘ക്രൊണോളജി’ (Chronology) എന്ന പുസ്തകത്തിൽ 309ലാണ് കോൺസ്റ്റൻറൈൻ രാജാവ് ക്രിസ്തുമതം സ്വീകരിച്ചതായി കാണുന്നത്. ആ കണക്ക് പ്രകാരം യേശുവിന്റെ പ്രായം അഞ്ചാണെന്ന് പറയേണ്ടി വരും. മുപ്പത്തിമൂന്നായിരിക്കയില്ല. അപ്പോൾ പ്രസ്തുത അത്യാഹിതം 28 കൊല്ലം പിന്നോട്ട് തള്ളേണ്ടിയിരിക്കുന്നു. അപ്പോൾ 337 എ.ഡി.യിൽ 28 കൊല്ലം കിഴിച്ചാൽ 309 വർഷം കിട്ടും. ഇതാണ് ശരിയെന്ന് മേൽ ഉദ്ധരിച്ച ചരിത്രകാരന്മാർ പറയുന്നു. ചുരുക്കത്തിൽ ഏതു പ്രകാരം കണക്ക് കൂട്ടിയാലും 309 എന്ന വിശുദ്ധ ഖുർആന്റെ പ്രസ്താവന സത്യമായിപുലരുന്നു.

അസ്ഹാബുൽ കഹ്ഫ് (ഗുഹാനിവാസികൾ) മുന്നൂറ് കൊല്ലം ഉറങ്ങി എന്നത് ഒരു ആലങ്കാരിക പ്രയോഗമാണ്. ബാഹ്യലോകവുമായി ബന്ധപ്പെടാതെ അവർ ഗുഹയിൽ കഴിയേണ്ടി വന്നതിനെ ഉറക്കമായി ചിത്രീകരിച്ചതാകാം. അതേപോലെ ഗുഹാനിവാസികളെപ്പറ്റിയും അവർ എത്ര പേരുണ്ടെന്നതിനെക്കുറിച്ചും പണ്ഡിതന്മാർക്കിടയിൽ തർക്കങ്ങളുണ്ടായിരുന്നു. പക്ഷേ, അവർ എത്രയുണ്ടെന്ന് ശരിയായ വിവരം അല്ലാഹുവിന്നറിയാം എന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. അവരുടെ എണ്ണം ഇവർ പറയുന്നതുപോലെ രണ്ടോ, മൂന്നോ, അഞ്ചോ, ഏഴോ, അല്ല. ചരിത്രത്തിൽ നിന്നും മനസ്സിലാകുന്നത് അവർ നിരവധി പേർ ഉണ്ടായിരുന്നുവെന്നാണ്. “അവർ ഉറങ്ങുന്നവരായിരിക്കെ ഉണർന്നവരാണെന്ന് നീ വിചാരിക്കും” എന്ന ഇതോടു ചേർന്നുള്ള വചനം ഒരുപക്ഷെ വ്യാഖ്യാതാക്കളെ ഉറക്കത്തെ പറ്റിയുള്ള കഥകളിൽ തളച്ചിട്ടതായിരിക്കാം. ആ ഭാഗം അടുത്ത ലക്കത്തിൽ വിവരിക്കാം. ■

ലേഖനം

# വിശുദ്ധ ഖുർആൻ പാരായണ മുറകൾ

ഇബ്നു മൊഹ്യിദ്ദീൻ, കോഴിക്കോട്

**മാനവരാശിക്ക് പ്രപഞ്ച സ്രഷ്ടാവായ ദൈവം നൽകിയ അവന്റെ ഭാഷണ വരമാണ് വിശുദ്ധ ഖുർആൻ. അത് പാരായണം ചെയ്യൽ പുണ്യം നിറഞ്ഞതാണ്.**

വിശുദ്ധ ഖുർആൻ ഹൃദിസ്ഥമാക്കി പാരായണം ചെയ്യൽ പ്രാധാന്യമേറിയ ഒരു അനുഷ്ഠാനവും ഉദാത്തമായ ഒരു കലയുമാണ്. ഒരു വിശ്വാസിയുടെ ആത്മീയ ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ് ഖുർആൻ പാരായണം. ഖുർആൻ പാരായണത്തിന്റെ പ്രാധാന്യവും അതിന്ന് അനുവർത്തിക്കേണ്ടുന്ന നിർബന്ധമായ കാര്യങ്ങളും നാം അറിഞ്ഞിരിക്കേണ്ടതാണ്.

(1) ഖുർആൻ പാരായണത്തിന്ന് ആദ്യമായി വേണ്ടത് അംഗശുദ്ധി വരുത്തുക എന്നതാണ്. അതായത് വുസു എടുത്തതിന്ന് ശേഷമായിരിക്കണം ഖുർആൻ പാരായണം ചെയ്യേണ്ടത്. കാരണം വിശുദ്ധ ഖുർആൻ പരിശുദ്ധ ഗ്രന്ഥമാണ്. ഹസ്രത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു:.

"പരിശുദ്ധ ഖുർആന്റെ അദ്ധ്യാപനത്തിന്റെ വെളിച്ചത്തിൽ എല്ലാ ആരാധനാകർമ്മങ്ങൾക്കും, ആന്തരികമായ പരിശുദ്ധിയുടെ ഉദ്ദേശ്യങ്ങൾക്കും, ഭയഭക്തിയുടെ ലക്ഷ്യപ്രാപ്തിക്കും ശാരീരിക പരിശുദ്ധിയും, മര്യാദകളും പാലിക്കുവാൻ അങ്ങേയറ്റം മുൻഗണന നൽകപ്പെട്ടിട്ടുണ്ട്. ചിന്തിക്കുകയാണെങ്കിൽ ഈ തത്വം ശരിയാണെന്ന് മനസ്സിലാകുന്നതാണ്. കാരണം ശാരീരിക പ്രവർത്തനരീതി ആത്മാവുമായി വളരെ ഗാഢമായി പ്രതിഫലിക്കുന്ന ഒന്നാണ്." (ഇസ്‌ലാമി ഉസൂൽ കി ഫിലോസഫി. പേ: 15).

(2). രണ്ടാമതായി, വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിന്ന് മുമ്പ് അല്ലാഹുവിനെ പൂർണ്ണമായും അഭയം പ്രാപിച്ചുകൊണ്ടായിരിക്കണം അത് നിർവഹിക്കേണ്ടത്. അല്ലാഹു വിശുദ്ധ ഖുർആനിൽ ഇപ്രകാരം പറയുന്നു:-

''അതുകൊണ്ട് നീ ഖുർആൻ പാരായണം ചെയ്യുമ്പോൾ ശപിക്കപ്പെട്ട പിശാചിൽ നിന്നും അല്ലാഹുവിൽ അഭയം പ്രാപിക്കുക." (സൂറ: അന്നഹൽ, ആ : 99).

(3) ആരെങ്കിലും ഖുർആൻ പാരായണം ചെയ്യുകയാണെങ്കിൽ നിശ്ശബ്ദരായി ശ്രദ്ധയോടെ അത് ശ്രവിച്ചിരിക്കുക എന്നതാണ് മറ്റൊരു കാര്യം.

അല്ലാഹു ഖുർആനിൽ പറയുന്നു:

ഖുർആൻ പാരായണം ചെയ്യപ്പെടുമ്പോൾ അത് ശ്രദ്ധിച്ചുകേൾക്കുകയും, നിശ്ശബ്ദരായിരിക്കുകയും ചെയ്യുക; നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിന്ന് വേണ്ടി." (സൂറ: അഅ്റാഫ്, ആ : 205)

മറ്റൊരിടത്ത് അല്ലാഹു പറയുന്നു:-

''അവിശ്വസിച്ചവൻ പറയുന്നു, 'ഈ ഖുർആന് നിങ്ങൾ ചെവി കൊടുക്കരുത്. അതിൽ (അത് വായിച്ചു കേൾപ്പിക്കുന്ന അവസരത്തിൽ) അപശബ്ദമുണ്ടാക്കുക. എങ്കിൽ നിങ്ങൾക്ക് വിജയിക്കാം." (സൂറ: ഹാമീം സജദ, ആ:27).

വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നവർ ഭയഭക്തിയോടെ അല്ലാഹുവിൽ അഭയം പ്രാപിച്ചുകൊണ്ട് അത് നിർവ്വഹിക്കുവാനും, അത് ശ്രവിക്കുന്നവർ സശ്രദ്ധം നിശ്ശബ്ദരായി ശ്രവിച്ചിരിക്കണമെന്നുമാണ് അല്ലാഹു നമ്മോട് കൽപ്പിച്ചിട്ടുള്ളത്. എങ്കിൽ അല്ലാഹുവിന്റെ കാരുണ്യത്തിന്ന് നാം പാത്രീഭൂതരായിത്തീരുന്നതാണ്. അല്ലാത്ത പക്ഷം അത് നിഷേധികളുടെയും, അവിശ്വാസികളുടെയും കർമ്മമായിട്ടാണ് അല്ലാഹു ഇവിടെ വിവരിച്ചിട്ടുള്ളത്.

(4) ഖുർആൻ പാരായണം ചെയ്യുമ്പോൾ മനസ്സിൽ ദുആ ചെയ്തുകൊണ്ട് അത് നിർവ്വഹിക്കുക എന്നതും നല്ല കാര്യമാണ്.

(5) അതുപോലെ വിശുദ്ധ ഖുർആനിലെ ഓരോ ആയത്തും ചിന്തിച്ച് മനസ്സിലാക്കി ഓതേണ്ടതാണ്. ചിലർ വിശുദ്ധ ഖുർആൻ ഓതിത്തീർക്കാൻ (ഖത്തം- തീർക്കാൻ) ബദ്ധപ്പെടാറുണ്ട്.

അതിലടങ്ങിയിട്ടുള്ള അർത്ഥങ്ങളും, വ്യാഖ്യാനങ്ങളും മനസ്സിലാക്കാൻ ശ്രമിക്കാറില്ല. അല്ലാഹു ഖുർആനിൽ പറഞ്ഞിരിക്കുന്നത്:– 'റത്തിലുൽ ഖുർആനി തർത്തീലാ'

അതായത് 'പരിശുദ്ധ ഖുർആൻ നിർത്തി നിർത്തി പാരായണം ചെയ്യുക' എന്നാണ്.

മറ്റൊരിടത്ത് പറയുന്നു:–

'ഫഅക്കൂമാതയസ്സറ മിനൽ ഖുർആനി'.

അതായത്, "വിശുദ്ധ ഖുർആൻ ഈണത്തിലും എളുപ്പത്തിലും പാരായണം ചെയ്യാൻ ശ്രമിക്കുക" എന്ന്.

ഇതേക്കുറിച്ച് ഹസ്രത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു:– ''ഈണത്തിലും ഉച്ചാരണശുദ്ധിയിലും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുക എന്നതും ഒരു ഇബാദത്താണ്." (അൽഹക്കം: 1903 മാർച്ച്).

ഒരു ഹദീസിൽ ഇങ്ങിനെ വിവരിക്കുന്നു:–

"ഖുർആൻ പാരായണം ചെയ്യപ്പെടുമ്പോൾ നബി കരീം (സ) മറ്റു കാര്യങ്ങളെക്കാൾ അത് താത്പര്യത്തോടെ കേൾക്കാറുണ്ട്. ഹസ്രത്ത് അബൂബക്കർ സിദ്ദീഖി(റ)നെക്കുറിച്ച് 'അദ്ദേഹം വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമ്പോൾ അങ്ങേയറ്റം വികാരഭരിതനാവാറുണ്ടായിരുന്നുവെന്നും, വിങ്ങിക്കരയാറുണ്ടായിരുന്നുവെന്നും, ഭയഭക്തിയോടെയുള്ള അദ്ദേഹത്തിന്റെ ഖുർആൻ പാരായണം കേട്ടുകൊണ്ട് സ്ത്രീകളും, കുട്ടികളും, അദ്ദേഹത്തിന്റെ വീടിന്നടുത്ത് കൂട്ടംകൂടുമായിരുന്നുവെന്നും വിവരിക്കപ്പെടുന്നു." (താരീഖ് ഖാമിസ് – ബുഖാരി 2–ാം വാല്യം).

ഹസ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു:– 'വിശുദ്ധ ഖുർആൻ വികാരഭരിതമായ അവസ്ഥയിലാണ് ഇറക്കപ്പെട്ടിട്ടുള്ളത്. നിങ്ങളും അതേ അവസ്ഥയിൽ തന്നെ വിശുദ്ധ ഖുർആൻ പാരായണം ചെയ്യേണ്ടതാണെന്ന് നബി കരീം (സ) നിർദ്ദേശിച്ചിട്ടുണ്ട്.'

(6) വിശുദ്ധ ഖുർആൻ ചിന്തിച്ചും, മനസ്സിലാക്കിയും ഓതുകയെന്നതും മറ്റൊരു നിർബന്ധമായ കാര്യമാണ്. അല്ലാഹു ഖുർആനിൽ പറയുന്നു:–

"എന്നാൽ അവർ ഈ ഖുർആനെക്കുറിച്ച് ചിന്തിക്കുന്നില്ലേ? അല്ലെങ്കിൽ അവരുടെ ഹൃദയങ്ങൾ പൂട്ടപ്പെട്ടുപോയോ?". (സൂറ: മുഹമ്മദ്, ആ: 25).

ഈ ആയത്തുകൊണ്ട് മനസ്സിലാകുന്നത് വിശുദ്ധ ഖുർആൻ ചിന്തിച്ചും, മനസ്സിലാക്കിയും പാരായണം ചെയ്യണമെന്നും, അതുമൂലം കുടുസ്സായ ഹൃദയങ്ങൾ വിശാലമായിത്തീരുമെന്നും സത്യത്തിന്റെയും, വിജ്ഞാനത്തിന്റെയും കവാടങ്ങൾ തുറക്കപ്പെടുമെന്നുമാണ്. ഇതേക്കുറിച്ച ഹസ്റത്ത് മസീഹ് മൗഊദ്(അ) അരുൾ ചെയ്യുന്നു:– ''അല്ലാഹു വിശുദ്ധ ഖുർആനിൽ ഹുദൻലിൽ മുത്തഖീൻ അതായത്, 'ഭയഭക്തി അവലംബിക്കുന്നവർക്ക് നേർമാർഗ്ഗം ലഭിക്കുമെന്നാ'ണ് പറഞ്ഞിരിക്കുന്നത്. ഭയഭക്തി എന്നു പറഞ്ഞതിന്റെ വിവക്ഷ വിശുദ്ധ ഖുർആനെ നിസ്സാരമായി ഗണിക്കാതെ വിശാലഹൃദയത്തോടും, തഖ്വയോടും, സത്യഹൃദയത്തോടും കൂടി വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയെന്നതാണ്. ചിലർ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമ്പോൾ ഒന്നും ചിന്തിക്കാതെയും, മനസ്സിലാക്കാതെയും തത്ത പാടുന്നതുപോലെ ചൊല്ലുന്നു. സാധു പണ്ഡിതന്മാർ ശ്ലോകം ചൊല്ലുന്നത് പോലെയാണ്. ചൊല്ലുന്നയാൾക്കും, കേൾക്കുന്നതയാൾക്കും മനസ്സിലാകുകയില്ല, ഖുർആൻ പാരായണരീതിയും അതുപോലെ ആയിരിക്കുന്നു. രണ്ടോ മൂന്നോ അദ്ധ്യായം പാരായണം ചെയ്യുന്നു. പക്ഷെ ഖാഫും, ഐനും സ്ഫുടതയോടെ ചൊല്ലിയെന്നല്ലാതെ മറ്റൊന്നും മനസ്സിലാക്കുവാൻ ശ്രമിക്കുന്നില്ല. വിശുദ്ധ ഖുർആൻ നല്ല ഈണത്തിലും, ഉച്ചാരണശുദ്ധിയിലും പാരായണം ചെയ്യുക എന്നത് നല്ല കാര്യം തന്നെയാണ്. പക്ഷെ പാരായണം ചെയ്യുന്നതിന്റെ ഉദ്ദേശ്യലക്ഷ്യം അതിലടങ്ങിയിട്ടുള്ള യാഥാർത്ഥ്യങ്ങളും, അമൂല്യവിജ്ഞാനങ്ങളും, കരഗതമാക്കുകയെന്നതായിരിക്കണം. അപ്പോൾ മാത്രമേ മനുഷ്യന് തന്നിൽ ഒരു പരിവർത്തനം ഉണ്ടാക്കുവാൻ സാധിക്കുകയുള്ളൂ." (മൽഫൂസാത്ത്).

ഇതേക്കുറിച്ച് ഹസ്രത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്മഹുല്ലാ) ജമാഅത്തിനെ ഉപദേശിച്ചു കൊണ്ട് അരുൾ ചെയ്തതിപ്രകാരമാണ്:–

"വിശുദ്ധ ഖുർആൻ സശ്രദ്ധം അർത്ഥം മനസ്സിലാക്കി പാരായണം ചെയ്യുക എന്നത് എല്ലാ അഹ്മദികളുടെയും കടമയാണ്. ദിവസവും വിശുദ്ധ ഖുർആൻ പാരായണം ചെയ്യാത്ത ഒരാൾ പോലും നിങ്ങളുടെ വീട്ടിലുണ്ടാവാൻ പാടില്ല. പാരായണം ചെയ്യുമ്പോൾ അതിലെ വിഷയങ്ങൾ മനസ്സിലാക്കി പാരായണം ചെയ്യുക. ലഭ്യമായ പരിഭാഷയടക്കം ചെയ്യുക. ആയതിനാൽ വിശുദ്ധ ഖുർആൻ പരിഭാഷ സഹിതം പാരായണം ചെയ്യുന്ന കാര്യത്തിൽ മുഴു ജമാഅത്തും ശ്രദ്ധിക്കേണ്ടതാണ്. നിയമപരമായ (ശറഅ് അനുസരിച്ചുള്ള) കാരണം കൂടാതെ ദിവസവും വിശുദ്ധ ഖുർആൻ പാരായണം ചെയ്യാത്ത ഒരാൾ പോലും നിങ്ങളിലുണ്ടാവൻ പാടില്ല." (ഖുത്ത്ബ ജുംഅ – 1977 ജൂലായ് 4).

അല്ലാഹു നമുക്കേവർക്കും വിശുദ്ധ ഖുർആൻ ശരിയായ രീതിയിൽ ചിന്തിച്ചും, മനസ്സിലാക്കിയും പാരായണം ചെയ്യുവാനും, അതുമൂലം നമ്മുടെ ഹൃദയങ്ങളിൽ യഥാർത്ഥ ഈമാനും, പരിശുദ്ധിയും സംജാതമാകുവാനും, നമ്മുടെ ഹൃദയങ്ങളിൽ വിശുദ്ധ ഖുർആനോട് ഭയഭക്തിയും, സ്നേഹവും, ആദരവും, അങ്കുരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

ഹസ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു:–

''നിങ്ങൾ വിശുദ്ധ ഖുർആൻ ചിന്തിച്ചും മനസ്സിലാക്കിയും പാരായണം ചെയ്യുക. നിങ്ങൾ ആരോടും കാണിക്കാത്ത, കലർപ്പില്ലാത്ത സ്നേഹവും, ആദരവും വിശുദ്ധ ഖുർആനോട് കാണിക്കുക." (കിശ്തി നൂഹ്) ■

# ഖാദിയാൻ...., വിണ്ണിന്റെ വിശുദ്ധിയുള്ള മണ്ണിലെ ദേശം

ബി. മൻസൂർ കോഴിക്കോട്

## വാഗ്ദത്ത മഹ്ദിയുടെ ജന്മദേശമായ ഖാദിയാൻ സ്വർഗ്ഗീയാനുഭൂതികൾ പകരുന്ന ഒരു ദിവ്യപരിസരമാണ്.

ഖാദിയാൻ! - ആ ചതുരാക്ഷരിയുടെ ശബ്ദശ്രുതി പോലും ഒരഹ്മദിയുടെ ആത്മീയ ചേതനയെ പുളകിതമാക്കുന്നു. ഇസ്‌ലാമിന് അതിഗംഭീരങ്ങളായ വിജയങ്ങൾ സമ്മാനിക്കുന്ന 'മസീഹ്' എന്ന മതലോകത്തെ പരിഷ്കർത്താവിനെപ്പറ്റിയുള്ള പാവനസങ്കല്പങ്ങൾ മുസ്‌ലിം ജനകോടികൾ നൂറ്റാണ്ടുകളായി താലോലിച്ചു വന്നിരുന്നതാണ്. സൂഫികളും സിദ്ധന്മാരും ആ അനുഗൃഹീത പുരുഷനെ കൺപാർക്കാൻ അല്ലാഹുവിന് മുന്നിൽ പ്രണമിച്ച് കണ്ണീരൊഴുക്കി. പ്രതീക്ഷയുടെ നിറം പിടിപ്പിച്ച മുസ്‌ലിംകളുടെ തീവ്രഭാവനകൾ കാരണം വാനലോകത്ത് നിന്നും ദിവ്യസിദ്ധികളുമായി അവരോഹിയാവേണ്ട അത്ഭുതപുരുഷനാണ് മസീഹ് എന്ന മിഥ്യാവിശ്വാസത്തിലേക്ക് അത് വഴിമാറിപ്പോയിരുന്നു. യാഥാസ്ഥിതിക വിശ്വാസികളുടെ അത്യുക്തി കലർന്ന കനവുകളെ നിരാശപ്പെടുത്തിക്കൊണ്ട് നിനച്ചിരിക്കാത്ത സമയത്താണ് വാഗ്ദത്ത മതപുരുഷന്മാർ ആഗതരാവുക എന്നത് മതചരിത്രത്തിലുടനീളം കാണുന്ന പ്രതിഭാസമാണ്. പകിട്ടും പരിവേഷങ്ങളുമില്ലാതെ ആഗതരാവുന്ന വാഗ്ദത്ത മതപുരുഷന്മാർ ദൈവസഹായത്താൽ അവരുടെ ആത്മീയ ശക്തികൊണ്ട് ലോകത്തെ അതിജയിക്കുന്നു. ഇവിടെ സംഭവിച്ചതും അതാണ്. ആകാശ വിശുദ്ധിയിൽ സംഭവിക്കുമെന്ന് മുസ്‌ലിം ലോകം കരുതിയ വാഗ്ദത്ത മസീഹിന്റെ തിരുപ്പിറവി നടന്നത് കല്ലും മണ്ണും കൊണ്ടു പണിത ഭൂവനതലത്തിലെ ഒരു കുഗ്രാമത്തിലായിരുന്നു. വിണ്ണിന്റെ വിശുദ്ധി മണ്ണ് ഏറ്റുവാങ്ങിയ പുണ്യം നിറഞ്ഞ ആ ദേശം ഖാദിയാനായിരുന്നു. മസീഹും മഹ്ദിയുമായി അവതരിച്ച ഹസ്റത്ത് അഹ്മദി(അ)ന്റെ പാദപങ്കജങ്ങൾ സഞ്ചലനം ചെയ്ത മണൽത്തരികൾ, ആ പുണ്യദേഹം ഉച്ഛ്വസിച്ച വായുവും, ആ കരസ്പർശങ്ങളിലെ സ്വേദകണങ്ങൾ ഏറ്റുവാങ്ങിയ കല്ലും മണ്ണും ഒരഹ്മദിയുടെ ആത്മാവിൽ ആത്മീയാനുഭൂതി പകരുന്ന അനവധി സ്മരണകളുയർത്തുന്നു.

ഖാദിയാനിലേക്കുള്ള എന്റെ ഈ യാത്ര യാദൃശ്ചികമായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ യുവജനസംഘടനയായ ഖുദ്ദാമുൽ അഹ്മദിയ്യാ കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള അൻപതോളം വിദ്യാർഥികളെ പങ്കെടുപ്പിച്ച് മധ്യവേനലവധിക്ക് വർഷം തോറും ഖാദിയാനിലേക്ക് അധ്യയന ആത്മസംസ്കരണ യാത്ര നടത്താറുണ്ട്. ഇത്തവണ അവരെ ഖാദിയാനിലേക്ക് കൊണ്ടുപോകാൻ ചുമതലപ്പെടുത്തപ്പെട്ടവരിൽ ഒരാൾ ഈ വിനീതനായിരുന്നു. ഖാദിയാന്റെ സവിശേഷമായ സാഹചര്യത്തിൽ കൗമാരബാല്യങ്ങളുടെ താരുണ്യചാപല്യങ്ങളിൽ അധ്യാത്മിക പ്രഭാവമുണ്ടാക്കാൻ ഖുദ്ദാമുൽ അഹ്മദിയ്യാ തിരഞ്ഞെടുത്ത ഈ മാർഗം അതിന്റെ രീതികൊണ്ടും ലക്ഷ്യം കൊണ്ടും പാവനവും നിസ്തുലവുമാണ്. 2004 ഏപ്രിൽ 12ന് അഹ്മദികളുടെ പ്രാർഥനാനിർഭരമായ യാത്രയയപ്പോടെ കോഴിക്കോട്ടു നിന്നും ഞങ്ങളുടെ യാത്ര ആരംഭിച്ചു. ഞങ്ങളുടെ യാത്രയിലെ അമീറും പക്വമതിയും എഴുത്തുകാരനുമായ മൗലവി ടി.കെ. മഹ്മൂദ് സാഹിബ് തന്നെയാണ് പ്രാർഥനക്ക് നേതൃത്വം നൽകിയത്.

### ചലോ ഖാദിയാൻ

അറബിക്കടൽ മതിവരാതെ വെള്ളിച്ചിലങ്കയണിയിക്കുന്നതാണ് കേരളത്തിന്റെ തൃപ്പാദങ്ങളെന്ന് മഹാകവി വള്ളത്തോൾ പാടിയിരുന്നു. അറബിക്കടൽ അണിയിച്ചൊരുക്കിക്കൊണ്ടിരിക്കുന്ന ഭാരതത്തിന്റെ പാദഭാഗത്തു നിന്നും ശിരോഭാഗമായ പഞ്ചാബിനെ ലക്ഷ്യമാക്കി 'നവയുഗ്' എക്സ്പ്രസ് നീങ്ങിതുടങ്ങി. ഇന്ത്യയുടെ വിരിമാറിലൂടെയുള്ള നീണ്ടയാത്ര ഖാദിയാൻ യാത്രികരുടെ അനുഗൃഹീതമായ ഒരു യാത്രാനുഭവമാണ്. വണ്ടിയുടെ കിളിവാതിലുകളിലൂടെ അനന്തവൈചിത്ര്യങ്ങൾ ആവാഹിച്ചു നിൽക്കുന്ന സംസ്കാരങ്ങൾ ഞങ്ങൾ നോക്കിക്കണ്ടു. വിവിധ ദേശങ്ങൾ, ഭാഷകൾ, വേഷങ്ങൾ ഇന്ത്യയുടെ വർണശബളിമയാർന്ന നാനാത്വം

അതിശീഘ്രം പുറകിലോട്ട് പാഞ്ഞുനീങ്ങി. വണ്ടി ഹരിതസാന്ദ്രവും സമ്പൽസമൃദ്ധവുമായ പഞ്ചാബിൽ കിതച്ചെത്തി. കൊയ്ത്തുകാലമായതിനാൽ ഖാദിയാന്റെ പരിസരത്തുള്ള ഗോതമ്പ് വയലുകളെല്ലാം സ്വർണനിറത്തിലേക്കുള്ള വർണപ്പകർച്ചയിലാണ്. ചേതോഹരമായ കാഴ്ചയായിരുന്നു അത്. ഇന്ത്യയുടെ ഗോതമ്പ് പാത്രം എന്നറിയപ്പെടുന്ന പഞ്ചാബിൽ ഗോതമ്പ് വർണത്തിലുള്ള മസീഹ് വരുമെന്ന റസൂൽ തിരുമേനി(സ)യുടെ പ്രവചനത്തിലെ സൂക്ഷ്മഭാവങ്ങൾ എന്റെ സ്മരണയിലൂടെ മിന്നിമറിഞ്ഞു.

ഖാദിയാനിൽ എത്തിച്ചേർന്ന ആദ്യത്തെ രണ്ടു ദിവസങ്ങൾ യാത്രാക്ഷീണം തീർക്കാനുള്ള വിശ്രമദിനങ്ങളായിരുന്നു. എന്നാൽ ചരിത്രസമ്പന്നമായ ഖാദിയാൻ ഒരു പ്രലോഭനമായി മുന്നിൽ നിൽക്കെ ഞങ്ങൾക്കെന്ത് വിശ്രമം?! ചരിത്രസ്മാരകങ്ങൾ നിലനിൽക്കുന്ന സുപ്രധാന സ്ഥലങ്ങളിൽ ഞങ്ങൾ ചുറ്റിത്തിരിഞ്ഞു. മിനാരത്തെ മസീഹ്, ബൈത്തുദ്ദുആ, ബൈത്തുൽ ഫിക്ർ, ഖുത്തുബ ഇൽഹാമിയ വെളിപ്പെട്ട സ്ഥലം മുതലായവ ഉൾക്കൊള്ളുന്ന മസ്ജിദ് മുബാറക്, മസ്ജിദ് അഖ്സ എന്നിവിടങ്ങളിലും സ്വർഗീയ ശ്മശാനം എന്നറിയപ്പെടുന്ന ബിഹ്ശ്തീ മഖ്ബറയിലും നിരവധിതവണ സന്ദർശിക്കുവാൻ കുട്ടികൾക്കും എനിക്കും അവസരം ലഭിച്ചു.

തിങ്കളാഴ്ച മുതൽ കുട്ടികൾക്കുള്ള പഠനക്യാമ്പ് ആരംഭിച്ചതോടെ ഞാനും എന്റെ ചിന്തകളും തനിച്ചായി. ആൾക്കൂട്ടത്തിൽ ഏകാന്തത അനുഭവപ്പെട്ടു. ഖാദിയാനിലെ ചരിത്രസ്മാരകങ്ങളിലൂടെ അഹ്മദിയ്യാ ചരിത്രത്തിന്റെ ആരംഭ ഘട്ടത്തിലേക്ക് ആഴ്ന്നിറങ്ങുവാനുള്ള എന്റെ ഉൽക്കടമായ ആഗ്രഹത്തിന് സഹായകരമായി പ്രാപ്തനായ ഒരു സഹായിയെ എനിക്ക് ലഭിച്ചു. അലനല്ലൂർ സ്വദേശിയായ സി. ശംസുദ്ദീൻ മൗലവി സാഹിബുമായി പരിചയപ്പെടാൻ സാധിച്ചു. ഞാൻ എന്റെ ഹൃദയാഭിലാഷം അദ്ദേഹത്തിനു മുന്നിൽ തുറന്നുവെച്ചു. അദ്ദേഹം സന്തോഷത്തോടെ എല്ലാവിധ സഹായങ്ങളും വാഗ്ദാനം ചെയ്തു. മനസ്സ് വർത്തമാനകാലത്തിൽ നിന്ന് ഭൂതകാലത്തിലേക്ക് യാത്രയാരംഭിച്ചു. ചരിത്രത്തിൽ രേഖപ്പെട്ടിട്ടില്ലാത്ത ചില ചരിത്രസംഭവങ്ങളും അറിയാൻ സാധിച്ചു. ലിഖിത ചരിത്രത്തിൽ ലഭ്യമല്ലാത്ത, തലമുറതലമുറകൾ വാമൊഴിയിലൂടെ വിനിമയം ചെയ്യപ്പെട്ട അത്തരം ചില അറിവുകൾ വായനക്കാരുമായി പങ്കുവെക്കുകയാണ്.

## ബൈത്തുദ്ദുആ: ഒരു കണ്ണീർ ഗേഹം

അഹ്മദികളുടെ സമാധാനത്തിന്റെയും ആശ്വാസത്തിന്റെയും ആശാകേന്ദ്രമെന്ന് വിശേഷിപ്പിക്കുവാൻ സാധിക്കുന്ന സ്ഥലമാണ് ബൈത്തുദ്ദുആ. ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ദുഃഖങ്ങളുടെയും വിഷമങ്ങളുടെയും ഭാണ്ഡങ്ങളുടെ കെട്ടഴിക്കുന്നത് ഇവിടെ വെച്ചാണ്. അതിന്റെ സ്മരണയെന്നോണം വർഷംതോറും പതിനായിരക്കണക്കിന് അഹ്മദികൾ ബൈത്തുദ്ദുആയിൽ ചെന്ന് തങ്ങളുടെ നീറുന്ന പ്രശ്നങ്ങൾ തോരാത്ത കണ്ണീരോടെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ബോധിപ്പിക്കാറുണ്ട്. മൂന്നുപേർക്ക് മാത്രം നമസ്കരിക്കാൻ പറ്റുന്ന ആ ഇടുങ്ങിയ മുറിക്ക് പുറത്ത് ദുആ ചെയ്യാനായി കാത്തുനിൽക്കുന്ന ഭക്തന്മാരുടെ നീണ്ട നിര തന്നെ കാണാം. ബൈത്തുദ്ദുആക്കുള്ളിൽ നിന്നും പ്രാർഥിക്കുന്നവരുടെ ഗദ്ഗദത്തിന്റെ ശബ്ദം മാത്രമേ അപ്പോൾ ആ പരിസരത്ത് കേൾക്കാറുള്ളു. അല്ലാഹുവിന്റെ മുന്നിൽ പരിപൂർണ സമർപ്പണം നടത്തുന്ന അവരുടെ നൊമ്പരങ്ങൾ ഹൃദയങ്ങളിൽ നിന്ന് ഹൃദയങ്ങളിലേക്ക് പടർന്നുപിടിച്ച് ആത്മീയ സമ്മർദ്ദം സൃഷ്ടിക്കുന്ന ആ അന്തരീക്ഷം വാക്കുകളിൽ വിവരിക്കാൻ സാധ്യമല്ല. അവ അനുഭവിച്ചറിയുക തന്നെവേണം.

## ചുമലുകൾ ഉരസുന്ന ഗോവണിപ്പാത

ബൈത്തുദ്ദുആയിലേക്ക് പുറമെനിന്ന് വരുന്നവർക്കായി ഒരു ഇടുങ്ങിയ ഗോവണിയുണ്ട്. ഹസ്റത്ത് മസീഹ് മൗഊദ്(അ) ആ ഗോവണി ഉപയോഗിക്കുമ്പോൾ അദ്ദേഹത്തിന്റെ ഇരുചുമലുകളും പാർശ്വഭിത്തികളിൽ ഉരസാറുണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. അദ്ദേഹത്തിന്റെ അരുമശിഷ്യനായിരുന്ന ഭായി അബ്ദുറഹ്മാൻ സാഹിബ് ഖാദിയാനി(റ) ഈ ഗോവണിയിലൂടെ കടന്നുപോകുമ്പോൾ അദ്ദേഹവും തന്റെ ഇരുചുമലുകളും പാർശ്വഭിത്തികളിൽ ഉരസിക്കൊണ്ടാണ് കയറാറുണ്ടായിരുന്നത്. ഇതിന്റെ കാരണം ആരാഞ്ഞപ്പോഴാണ് മേൽപറഞ്ഞ രഹസ്യം ആ സഹാബിവര്യൻ വ്യക്തമാക്കിയത്. അതിന്റെ അനുസ്മരണയെന്നോണമാണ് കൃശഗാത്രനായ താനും ആടിയാടി ചുമലുകൾ പാ ർശ്വഭിത്തിയിൽ ഉരസിക്കൊണ്ട് കയറുന്നത് എന്നു അദ്ദേഹം പറയുകയുണ്ടായി.

ഖാദിയാനിൽ നിന്നും ബട്ടാലയിലേക്കുള്ള വഴിമധ്യെ ഖാദിയാനിൽ നിന്നും ഏകദേശം അഞ്ച് കി.മീറ്റർ അകലെ വഴിയോരത്ത് ഒരു വൻവൃക്ഷം കാണാം. മസീഹ് മൗഊദി(റ)ന്റെ കാലം തൊട്ടുള്ള പല സംഭവങ്ങളുടെയും മൂകസാക്ഷിയാണീ വൃക്ഷം. പ്രധാന അതിഥികളെ യാത്രയാക്കുവാൻ ഹ. മസീഹ് മൗഊദ് (അ) ഈ വൃക്ഷം വരെ അനുഗമിക്കാറുണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. മസീഹ് മൗഊദ് (അ) ബട്ടാലയിലേക്ക് പോകുമ്പോഴെല്ലാം ഈ വൃക്ഷത്തിന്റെ ശീതളഛായയിൽ വെച്ചാണ് ളുഹറും അസറും നമസ്കരിക്കാറുണ്ടായിരുന്നത്.

മുഹമ്മദ് നബി(സ)യുടെ പ്രവചനപ്രകാരം അവസാനകാലത്ത് അവതീർണരാകേണ്ട മസീഹും മഹ്ദിയുമാണ് താനെന്ന വാദം പ്രഖ്യാപിച്ചതിനുശേഷം തന്റെ സത്യസാക്ഷ്യത്തിലേക്കുള്ള അനവധി ദൃഷ്ടാന്തങ്ങളും ഗ്രന്ഥപരമായ പ്രമാണങ്ങളും അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി എഴുതപ്പെട്ട ചരിത്രത്തിന് അജ്ഞാതമായിരുന്ന നിരവധി നിഗൂഢ രഹസ്യങ്ങൾ ലോകത്തിന്റെ ശ്രദ്ധയിൽ അദ്ദേഹം കൊണ്ടുവരികയും ചെയ്തു. ഈസാ(അ) മരിച്ചുവെന്നും അദ്ദേഹത്തിന്റെ ഖബർ കാശ്മീരിലെ ശ്രീനഗറിൽ ഖാൻയാർ തെരുവിൽ ഉണ്ടെന്നും ബാബാ ഗുരു

നാനാക്ക് ഒരു മുസ്‌ലിം സിദ്ധനായിരുന്നുവെന്നുള്ളതും അത്യന്തം സ്ഫോടനാത്മകമായ പ്രഖ്യാപനങ്ങളായിരുന്നു.

## ബാബാ നാനാക്കിന്റെ സത്യം

ബാബാ ഗുരുനാനാക്ക് മുസൽമാനായിരുന്നുവെന്നതിലേക്കുള്ള ഏറ്റവും പ്രബലമായ തെളിവായി ഹ.അഹ്മദ് (അ) ചൂണ്ടിക്കാണിച്ചത് ദേരാബാബാ നാനാക്കിലെ ഗുരുദ്വാരയിൽ നാനാക്കിന്റെ സ്മാരകമെന്നോണം സിക്കുകാർ ഇന്നും സൂക്ഷിച്ചുവരുന്ന അദ്ദേഹത്തിന്റെ തിരുവസ്ത്രമാണ്. 'ചോലാസാബ്' എന്നറിയപ്പെടുന്ന ആ വസ്ത്രം നിറയെ കലിമയും ഖുർആനിക സൂക്തങ്ങളും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. വാഗ്ദത്ത മസീഹ് താൻ തന്നെ ആ സ്ഥലം സന്ദർശിക്കുകയും നാനാക്കിന്റെ തിരുശേഷിപ്പായ ആ വസ്ത്രം പരിശോധിച്ച് അതിൽ രേഖപ്പെടുത്തിയ ഖുർആനിക സൂക്തങ്ങൾ വായിച്ചു ബോധ്യപ്പെടുകയുമുണ്ടായി. അതിന്റെ രേഖാചിത്രം വാഗ്ദത്ത മസീഹ് തയ്യാറാക്കിയിട്ടുണ്ട്. രേഖാചിത്രത്തിൽ കാണിച്ചതുപോലെയുള്ള ഖുർആനിക സൂക്തങ്ങൾ ആ വസ്ത്രത്തിൽ ഉല്ലേഖനം ചെയ്തത് ഈ വിനീതനും അവിടം സന്ദർശിച്ച് കണ്ടുബോധ്യപ്പെടുവാനുള്ള ഭാഗ്യമുണ്ടായി. ബാബാനാനക്കിന്റെ ഗ്രന്ഥം എന്നറിയപ്പെടുന്ന 'പോഥീസാബ്' ഇപ്പോൾ പ്രദർശിപ്പിക്കുന്നില്ല. ഇന്നത് ഏതോ സിക്കുകാരന്റെ അധീനതയിലാണുള്ളതെന്ന് അറിയുന്നു. എഴുന്നൂറ് തുണികളാൽ പൊതിയപ്പെട്ട ആ ഗ്രന്ഥം വിശുദ്ധ ഖുർആനാണെന്ന് മസീഹ് മൗഊദ് (അ) പറയുന്നു. അദ്ദേഹം അത് നേരിട്ട് കണ്ട് ബോധ്യപ്പെട്ടിട്ടുണ്ട്. ഓരോ തുണിയും അഴിച്ചുമാറ്റാൻ മസീഹ് മൗഊദ്(അ) പണം കൊടുത്തിരുന്നു. അങ്ങനെ 700 തുണിയും നീക്കി 'പോഥീസാബ്' എന്ന ആ ഗ്രന്ഥം മസീഹ് മൗഊദ് (അ) കണ്ടിട്ടുണ്ട്. അല്ലാഹുവിന്റെ വചനങ്ങളും വഹിച്ചു നടക്കുന്ന ഒരു ദിവ്യനായിരുന്നു ബാബാഗുരുനാനാക്ക് എന്ന അറിവ് എന്നെ വികാരാധീനനാക്കി. ഹ. അഹ്മദ് (അ) വെളിപ്പെടുത്തിയ ഈ ചരിത്ര സത്യം ഇനിയും ലോകത്തിന്റെ ശ്രദ്ധയിൽ വേണ്ടവിധം കടന്നുവന്നിട്ടില്ല. രണ്ടുമതങ്ങൾ തമ്മിൽ നൂറ്റാണ്ടുകളായി തുടരുന്ന ശത്രുതക്ക് ഹ. അഹ്മദി(അ)ന്റെ ഈ വെളിപ്പെടുത്തൽ ഭാവിയിൽ അയവുവരുത്തുമെന്ന് പ്രത്യാശിക്കാം.

ചരിത്രത്തിൽ അജ്ഞാതമായി നിലനിന്നിരുന്ന ഒരു ചരിത്രസത്യമാണ് ബാബാനാനാക്ക് മുസ്‌ലിമായിരുന്നുവെന്ന ഹ. അഹ്മദി(അ)ന്റെ പ്രഖ്യാപനം. മുഗൾകാലഘട്ടം മുതൽ സിക്ക് മുസ്‌ലിം ശത്രുത വളരെയധികം രക്തം ഒഴുക്കിയിട്ടുണ്ട്. പക്ഷെ സിക്ക് മതസ്ഥാപകരായ ബാബാ ഗുരുനാനാക്കിന്റെ ആത്മീയമായ വ്യക്തിത്വം ഇസ്‌ലാമിന്റെതായിരുന്നുവെന്ന ഹ. അഹ്മദി(അ)ന്റെ കണ്ടെത്തൽ മതരംഗത്തെ പുതിയ സമന്വയത്തിന്റെ അടിസ്ഥാനമായിത്തീരുമെന്ന് കരുതാം. ഇസ്‌ലാമുമായി മുഖം തിരിച്ച് നിന്നിരുന്ന ശക്തരായ സിക്ക് സമുദായം അഹ്മദിയ്യാ ജമാഅത്തിലൂടെ ഇസ്‌ലാമിലേക്ക് അടുക്കുന്ന കാഴ്ചയാണ് പഞ്ചാബിൽ എവിടെയും കാണപ്പെടുന്നത്. ഹ. അഹ്മദ് (അ)ന്റെ നിയോഗോദ്ദേശ്യങ്ങളിലൊന്ന് അതായിരുന്നുവെന്ന് മനസ്സിലാക്കാം.

പഞ്ചാബിലെ അമൃത്സറിലാണ് സിക്ക്കാരുടെ പരമോന്നത ആത്മീയ കേന്ദ്രമായ സുവർണക്ഷേത്രം സ്ഥിതിചെയ്യുന്നത്. ചതുരാകൃതിയിലുള്ള ഒരു ജലസംഭരണിയുടെ നടുവിൽ കനകവർണത്തിൽ തല ഉയർത്തിനിൽക്കുന്ന അകാൽതക്ത് സുവർണക്ഷേത്രത്തിന്റെ ഗർഭഗൃഹമാണ്. സ്വർണത്തകിടുകൊണ്ട് ആവരണം ചെയ്ത അർധകുംഭങ്ങളും താഴികക്കുടങ്ങളും അകാൽതക്തിന്റെ മുകളിലും ക്ഷേത്രത്തിന്റെ ചുറ്റുമതിലുകളിലും ദൃശ്യമാണ്. ആയിരക്കണക്കിന് സിക്കുകാർ ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ കുർബാനി ഗീതങ്ങളുടെ പശ്ചാത്തലത്തിൽ അകാൽതക്ത് സന്ദർശിക്കുന്നത് നയനാനന്ദകരമായ കാഴ്ചയാണ്. സിക്ക് ഗുരുപരമ്പരയിലെ നാലാമത്തെ ഗുരു രാംദാസിന് അക്ബർ ചക്രവർത്തി ദാനം ചെയ്ത സ്ഥലത്ത് അഞ്ചാമത്തെ ഗുരു അർജുൻസിംങ്ങാണ് സുവർണക്ഷേത്രം പണിതത്. 'ഹർമന്ദിർ' എന്നു പേരുള്ള ഈ ക്ഷേത്രത്തിന് ശിലാസ്ഥാപനം നിർവഹിച്ചത് ലാഹോറിലെ മുസ്‌ലിം സിദ്ധനായിരുന്ന മിയാൻ മീർ ആയിരുന്നു. ഹിന്ദുക്ഷേത്രങ്ങൾ സാധാരണ കുന്നിൻ പുറങ്ങളിലാണ് സ്ഥാപിക്കാറ്. അതിന് വിരുദ്ധമായി ഭൂമിയുടെ സമനിരപ്പിൽ നിന്നും താഴെയാണ് സുവർണക്ഷേത്രം. ഇത് ഹിന്ദുക്കളിൽ നിന്നുള്ള വേറിടൽ കാണിക്കാൻ വേണ്ടിയായിരുന്നു. ഗുരുനാനാക്കിന് ശേഷം രണ്ട് തലമുറകളോളം കുടുംബവഴക്കിൽപ്പെട്ടുപോയ സിക്ക് സമുദായത്തിന് ബാബാനാനാക്കിന്റെ വചനങ്ങൾ ക്രോഡീകരിക്കാൻ സാധിച്ചില്ല. അഞ്ചാമത്തെ ഗുരു അർജുൻസിങ്ങാണ് അത് ക്രോഡീകരിച്ചു 'ആദിഗ്രന്ഥം' എന്ന സിഖ് വേദഗ്രന്ഥം രചിച്ചത്. അതിൽ നാനാക്കിന്റെ ആശയങ്ങൾക്ക് വിരുദ്ധമായ പല വചനങ്ങളും കൂട്ടിച്ചേർത്തിട്ടുണ്ട്. ഇസ്‌ലാമിനെ പ്രകീർത്തിക്കുന്ന ഭാഗങ്ങളുമുണ്ട്. അക്ബർ ചക്രവർത്തി അതു കണ്ട് സന്തുഷ്ടനായി അർജുൻ ഗുരുവിന് സമ്മാനങ്ങൾ നൽകിയിട്ടുണ്ട്. അർജുൻസിങ്ങാണ് സിക്കുസമുദായത്തെ സമരോത്സുകരായ സമുദായമാക്കി മാറ്റിയത്. ജഹാംഗീർ ചക്രവർത്തിയുടെ കാലത്ത് അദ്ദേഹത്തിന്റെ മകൻ ഖുസ്റു രാജാവുമായി തെറ്റിപ്പിരിഞ്ഞ് അർജുൻ ദേവിനെ അഭയം പ്രാപിച്ചു. അദ്ദേഹത്തെ സ്വീകരിച്ച അർജുൻസിങ്ങിനോട് ചക്രവർത്തിക്ക് നീരസമുണ്ടായി. ജഹാംഗീറുമായി പിന്നീട് ശത്രുതയിലായ ഗുരു അർജുൻസിങ്ങിനെ മുഗൾ ചക്രവർത്തി ജയിലിലടച്ചു വധിച്ചുകളഞ്ഞു. അക്കാലം മുതൽ സിക്കുകാർ മുസ്‌ലിംകളുടെ ശത്രുക്കളായിത്തീരുകയാണുണ്ടായത്. സത്യദൂതൻ പത്രാധിപർ എ.എം. മുഹമ്മദ് സലിം സാഹിബും കുടുംബവും സുവർണക്ഷേത്രം സന്ദർശിക്കുവാൻ എന്റെ കൂടെയുണ്ടായിരുന്നു. പല ചരിത്രവസ്തുതകളും എളുപ്പം ഗ്രാഹ്യമാകാൻ അദ്ദേഹത്തിന്റെ സാമീപ്യം വളരെ സഹായകമായിട്ടുണ്ട്.

## ഹോശിയാർപൂരിലെ സുവിശേഷം

ഇസ്‌ലാമിന്റെ പുനരുത്ഥാനവും

മറ്റെല്ലാ മതങ്ങളുടെയും മേൽ അതിന്റെ വിജയവും, ആഗോള പ്രചാരണവും എങ്ങനെ സംഭവിക്കും എന്ന ഉൽക്കണ്ഠ കാരണം അല്ലാഹുവിന്റെ സവിധത്തിൽ പ്രാർഥനാനിരതനായി വാഗ്ദത്ത മസീഹ് (അ) ദിവസങ്ങളോളം വ്യാപൃതനായിട്ടുണ്ട്. താൻ ദൈവനിയുക്തനാണെന്നതിനും ഇസ്‌ലാം സത്യമതമാണെന്നതിലേക്കുള്ള ദൃഷ്ടാന്തം പ്രഥമമായി വെളിപ്പെടേണ്ടത് ഖാദിയാൻ നിവാസികളിലാണെന്ന ചില ആര്യസമാജക്കാരുടെ അഭ്യർഥനയനുസരിച്ചുള്ള ഒരു ദൃഷ്ടാന്തം എങ്ങനെ നിറവേറുമെന്ന് ചിന്തിച്ചു പ്രാർഥനാനിരതനായി കഴിയുമ്പോഴാണ് ''നിന്റെ ആഗ്രഹം ഹോശിയാർപൂരിൽ നിറവേറും" എന്ന ദൈവീക വെളിപാട് ലഭിച്ചത്. ഇതിനെത്തുടർന്ന് ഹോശിയാർപൂരിലുള്ള ഒരു മുസ്‌ലിം പ്രമാണിയായ ശൈഖ് മെഹർ അലി സാഹിബിന്റെ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ വാസമുറപ്പിക്കുകയും മറ്റു ചുമതലകൾ തന്റെ സഖാക്കളെ ഏൽപ്പിച്ചുകൊണ്ട് അവിടെ 40 ദിവസം തപോയജ്ഞം നടത്തുകയുമുണ്ടായി. ഈ ധ്യാനത്തിനിടക്കാണ് തന്റെ ഉൽക്കണ്ഠക്കുള്ള ഉത്തരവും ഖാദിയാൻ വാസികൾക്കെന്നല്ല മുഴുലോകത്തിനുമായുള്ള ദൃഷ്ടാന്തവും വെളിപ്പെട്ടത്. ലോകത്തിന്റെ കോണുകളിലോളം ഇസ്‌ലാമിനെ പ്രചരിപ്പിക്കുന്ന മഹാനായ ഒരു വാഗ്ദത്ത പുത്രൻ തനിക്ക് ജനിക്കുമെന്ന സുവിശേഷം ലഭിച്ചത്.

ഹോശിയാർപൂരിലെ ആ ചരിത്രപ്രധാനമായ കെട്ടിടം സന്ദർശിക്കുക എന്നത് ഈ വിനീതന്റെ അടങ്ങാത്ത അഭിലാഷമായിരുന്നു. അല്ലാഹുവിന്റെ യാത്രയിൽ അവിടം സന്ദർശിക്കുവാനും മസീഹ് മൗഊദ് (അ) ധ്യാനമിരുന്ന മുറിയിൽ ഉള്ളുരുകി ദുആ ചെയ്യാനുമുള്ള അപൂർവാവസരം എനിക്ക് ലഭിച്ചു. ഈ കെട്ടിടം വിഭജനകാലത്ത് അന്യാധീനപ്പെട്ടിരുന്നുവെങ്കിലും ഇന്നത് ജമാഅത്തിന്റെ കയ്യിൽത്തന്നെ തിരിച്ചെത്തിയിരിക്കുന്നു. കെട്ടിടത്തിന്റെ താഴെ നിലയിൽ നിന്ന് ധ്യാനമിരുന്ന മുറിയിലേക്കുള്ള കോണിപ്പടികൾ പൊട്ടിപ്പൊളിഞ്ഞ നിലയിലാണുള്ളത്. അത് കാരണം അതിനടിയിലെ ഇരുൾ വ്യാപിച്ച മുറികളിൽ ചെന്നെത്തുവാൻ സാധിച്ചില്ല. ആ കെട്ടിടത്തിന്റെ ചില ഭാഗങ്ങൾ റിപ്പേർ ചെയ്തിട്ടുണ്ടെങ്കിലും ധ്യാനമിരുന്ന മുറി യാതൊരു പുനർനിർമാണമോ റിപ്പേറോ നടത്താത്ത വിധം അതിന്റെ ചരിത്രത്തനിമ അങ്ങനെത്തന്നെ നിലനിർത്തിയിട്ടുണ്ട്.

## ബിഹ്ശ്തീ മഖ്ബറ

മരണാനന്തര ലോകത്തിലെ നരകത്തിന്റെ പ്രതീകമായാണ് ഭൂമിയിലെവിടെയും ശ്മശാനങ്ങൾ നിലനിൽക്കുന്നത്. പള്ളിയോടനുബന്ധിച്ചുണ്ടാകുന്ന വിജനമായ കൊടുംകാടുകളാൽ മനം മടുപ്പിക്കുന്ന ഒരു ചിത്രമാണ് ശ്മശാനങ്ങൾ നൽകുന്നത്. മലയാള സാഹിത്യങ്ങളിലും, അതുപോലെ വിശ്വസാഹിത്യങ്ങളിലും കാണാവുന്ന ഒരു ശൈലീ പ്രയോഗമാണ് 'ശ്മശാന മൂകത'യെന്നത്. മനുഷ്യന്റെ യുക്തിബോധത്തെ ഭ്രമിപ്പിക്കുന്ന ശ്മശാനങ്ങൾ ഭയങ്ങളുടെ സങ്കേതവും ദുശ്ശകുനങ്ങളുടെ പ്രതീകവുമായിട്ടാണ് എഴുതപ്പെട്ട സാഹിത്യങ്ങളിലെല്ലാം വിവരിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ, എല്ലാവിധ സാമ്പ്രദായിക ധാരണകളെയും അട്ടിമറിക്കുന്ന നയനാന്ദകരമായ ഒന്നാണ് ഖാദിയാനിലെ ബിഹ്ശ്തീ മഖ്ബറയെന്ന സ്വർഗീയ ശ്മശാനം. അലൗകിയമായ അനുഭൂതി പ്രധാനം ചെയ്യുന്ന ഒന്നാണത്. സാത്വിക വിശുദ്ധിയിൽ ജീവിതത്തെ സ്ഫുടം ചെയ്തെടുത്ത മഹത്തുക്കളുടെ സ്മാരകശിലകൾ സ്വർഗീയ ജീവിതത്തിന്റെ ഭുവനസങ്കേതമാണെന്ന പ്രതീതിയാണുണ്ടാക്കിയത്. പലർക്കും പ്രഹേളികകൾ മാത്രം സമ്മാനിക്കുന്ന ജീവിതം ഇവിടെ സ്വർഗീയ നൈരന്തര്യത്തിന്റെ ഒരു പ്രവേശനകവാടം കണക്കെ നമ്മെ സ്വാഗതം ചെയ്യുന്നു. ഒരു ആരാമം പോലെ മനോഹരമായ രംഗസംവിധാനങ്ങൾ ആരെയും ഹഠാദാകർഷിക്കും. 'ശ്മശാന മൂകത' എന്ന അശുഭകരമായ പ്രതീതി ജനിപ്പിക്കുന്നതിനു പകരം ആനന്ദകരമായ ഒരു ദിവ്യാനുഭൂതി സൃഷ്ടിക്കുന്നു. മരണം എന്ന അലംഘനീയവും അദൃശ്യവുമായ പ്രതിഭാസത്തിന്റെ സ്വർഗീയ പ്രതീക്ഷകളാണ് ബിഹ്ശ്തീ മഖ്ബറ എന്ന ശ്മശാനാരാമം നമുക്കു സമ്മാനിക്കുന്നത്.

## മഖ്ബറയിലെ ദർവേശ്

സ്വർഗസ്ഥരുടെ ഈ സമൂഹത്തിലേക്ക് പ്രവേശനം കാത്തുകഴിയുന്ന ലോകവിരക്തനായ ഒരു ദർവേശിനെ (വിഭജനകാലഘട്ടത്തിൽ ഖാദിയാൻ സംരക്ഷിക്കാൻ മരണത്തിന്റെ മുന്നിൽ കാവൽ നിന്ന 313 പേരിൽ ഒരാൾ) ഞാൻ കാണുകയുണ്ടായി. ത്യാഗത്തിന്റെ ആൾരൂപമെന്ന് വിശേഷിപ്പിക്കാവുന്ന ഈ മനുഷ്യനായ 'മലക്ക്' ബിഹ്ശ്തീ മഖ്ബറയിലെ തനിക്കായി നിശ്ചയിച്ച ആറടിമണ്ണിന്റെ പരിസരം സദാവൃത്തിയാക്കുന്നു. വൃദ്ധനായ അത്താഉല്ലാ സാഹിബ് എന്ന ഈ ദർവേശ് അനേകം ആത്മീയ ദൃഷ്ടാന്തങ്ങളുടെ ദൃക്സാക്ഷിയാണ്. ഇദ്ദേഹത്തെ കാണുമ്പോൾ ആത്മീയ ലഹരിയിൽ ജീവിക്കുന്ന വാനലോകത്തിൽ നിന്ന് ഇറങ്ങിവന്ന മാലാഖയാണെന്ന് തോന്നും. ഇന്ത്യാ-പാക് വിഭജനാവസരത്തിൽ ഭാര്യയെയും മക്കളെയും അതിർത്തിയിൽ കൊണ്ടാക്കി ഖാദിയാൻ എന്ന പുണ്യഭൂമിയോട് വിടപറയാനാവാതെ ഖാദിയാനിൽത്തന്നെ സ്ഥിരതാമസമാക്കിയ അത്താഉല്ലാ സാഹിബിന്റെ ജീവിതത്തെ വിസ്മയഭരിതനായാണ് ഞാൻ വീക്ഷിച്ചത്. വാഗ്ദത്ത മസീഹ് പടുത്തുയർത്തിയ ആത്മീയ ലോകത്തിന്റെ മാസ്മരിക ലഹരിയിൽ മുങ്ങിത്തപ്പുന്ന എത്രയോ പേരെ ഇനിയും അവിടെ കാണാം. സി. എ. ഉദ്യോഗം വലിച്ചെറിഞ്ഞ് 'വക്ഫെ സിന്ദഗി'യായി (ജീവിതം ജമാഅത്തിനായി സമർപ്പിക്കുക) ശിറാസ് സാഹിബ് ഖാദിയാനിലെത്തിയത് ഞാനവിടെയുള്ളപ്പോഴാണ്.

## ലങ്കർഖാന: ആഹാരത്തിന്റെ അക്ഷയപാത്രം

ഖാദിയാന്റെ അഭിമാനസ്തംഭമായിത്തീർന്നിരിക്കുകയാണ് ലങ്കർഖാന അഥവാ സൗജന്യ ഭക്ഷണശാല. ഹ. മസീഹ് മൗഊദ്(അ) സ്ഥാപിച്ചതാണത്. വർത്തമാനകാലത്തിൽ വളരെയ

ധികം സന്ദർശക ബാഹുല്യമുണ്ടായിരുന്നിട്ടും ഭക്ഷണം ലഭിക്കാത്തവരായി ഖാദിയാനിൽ നിന്നും ഇന്നേവരെ ആരും മടങ്ങിയിട്ടുണ്ടാവില്ല. ലങ്കർഖാനയിൽ തൂങ്ങിക്കിടക്കുന്ന മസീഹ് മൗഊദ്(അ)ന്റെ കവിതാശകലം ഇതു തന്നെയാണ് സൂചിപ്പിക്കുന്നത്. ''ഒരുകാലത്ത് തീൻമേശയിലെ ബാക്കിവരുന്ന അപ്പക്കഷ്ണം കൊണ്ടാണ് ഞാൻ ജീവിച്ചിരുന്നത്. ഇന്നെന്റെ ലങ്കർഖാനയിൽ നിന്ന് കുടുംബങ്ങൾ തന്നെ ഭക്ഷിക്കുന്നു.'' ഇതിന്റെ അക്ഷരാർഥത്തിലുള്ള പൂർത്തീകരണമാണ് ഇന്നു നടന്നുകൊണ്ടിരിക്കുന്നത്. ബൈത്തുൽ ഫിക്ക്റിൽ വെച്ച് ഹ. മസീഹ് മൗഊദ്(അ) വിശ്വപ്രസിദ്ധമായ തന്റെ ആദ്യ കൃതി 'ബറാഹീനെ അഹ്മദിയ്യ' രചിക്കുമ്പോൾ ജ്യേഷ്ഠ ഭാര്യ ''ആ മുക്രിക്ക് കൊടുത്തേക്കൂ'' എന്ന് പരിഹാസത്തോടെ പറഞ്ഞ് ദാസിയുടെ കൈയിൽ കൊടുത്തയക്കുന്ന ഉണങ്ങിയ റൊട്ടി വെള്ളത്തിലിട്ട് മാർദ്ദവപ്പെടുത്തിയായിരുന്നു വിശപ്പടക്കിയിരുന്നത്. ഇന്ന് അദ്ദേഹത്തിന്റെ ഭക്ഷണശാലയിൽ നിന്ന് പതിനായിരങ്ങൾ ഭക്ഷിക്കുന്നു.

## ഡൽഹൗസി യാത്ര

ഈ അവധിക്കാല പഠനയാത്ര എല്ലാംകൊണ്ടും അനുഗ്രഹപൂർണ്ണമായിരുന്നു. അത് വിജ്ഞാന പ്രദവും, ആത്മീയാനുഭവങ്ങളാൽ സമ്പൽസമൃദ്ധവും ആയിത്തീർന്നു. മിയാൻ സാഹിബിന്റെ നേതൃത്വത്തിൽ ഖാദിയാനിൽ നിന്ന് ഡൽഹൗസിയിലേക്ക് ഒരു വിനോദയാത്ര സംഘടിപ്പിച്ചിരുന്നു. പ്രകൃതി രമണീയത നിറഞ്ഞുനിൽക്കുന്ന ഹിമാചൽപ്രദേശിലെ ചേതോഹരമായ ദൃശ്യങ്ങൾ വിവരിക്കുക പ്രയാസമാണ്. വാനത്തെ വെല്ലുവിളിച്ചുനിൽക്കുന്ന ഹിമവാന്റെ ഗംഭീരമായ ശിഖരങ്ങൾ ഭൂമിയുടെ വൈജയന്തികളെപ്പോലെ നിലകൊണ്ടു. ഹ. ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ ഉഷ്ണക്കാല വസതി ഡൽഹൗസിലായിരുന്നു. അദ്ദേഹം താമസിച്ച ആ വീട് ഇന്ന് ഡൽഹൗസി പബ്ളിക് സ്കൂളാണ്. ഇന്ത്യാപാക് വിഭജനകാലത്ത് അത് അന്യാധീനപ്പെട്ടിരുന്നുവെങ്കിലും പിന്നീടത് തിരിച്ചുകിട്ടു



*ദേരാബാബാനാനാക്കിലെ ഗുരുദ്വാരയിൽ സൂക്ഷിച്ച ബാബാനാനാക്കിന്റെ തിരുവസ്ത്രം - ലേഖകനും ഇസ്റായീലിൽ മിഷ്യനറിയായി സേവനമനുഷ്ഠിക്കുന്ന മൗലവി ശംസുദ്ദീൻ സാഹിബും.*

കയും തുടർന്ന് വിൽക്കുകയും ചെയ്തു. കോടീശ്വരന്മാരുടെ മക്കളാണ് അവിടെ പഠിക്കുന്നത്. മഹാജ്ഞാനിയായിരുന്ന ഖലീഫത്തുൽ മസീഹ് സാനി(റ) തന്റെ വിശ്വപ്രസിദ്ധമായ 'തഫ്സീർ കബീറി'ന്റെ രണ്ട് വാല്യം ഈ വസതിയിൽ വെച്ചാണ് എഴുതി പൂർത്തിയാക്കിയത്. ക്രിസ്തീയ പുരോഹിതനുമായി അദ്ദേഹം ഇവിടെ വെച്ച് നടത്തിയ സംവാദം തഫ്സീർ കബീറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മഹാകവി ടാഗോർ തന്റെ പ്രസിദ്ധമായ ഗീതാഞ്ജലി രചിച്ചതും ഡൽഹൗസിയിൽ വെച്ചാണ്. അപ്രവചനീയവും ആകസ്മികവുമായ പരിണാമങ്ങളിലും ഡൽഹൗസിയിലെ ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ വസതി ഇപ്പോഴും വിജ്ഞാനം പ്രസരിപ്പിക്കുന്ന ഒരു വിദ്യാലയമാണ്. യാദൃച്ഛികവും അനുപൂരകവുമായ ഒരു നൈരന്തര്യമാണ് അതെന്ന് തോന്നി.

ലോകചരിത്രത്തിൽ അറിയപ്പെടാതെ നിലനിന്നിരുന്ന ഒരു കുഗ്രാമമായിരുന്നു ഖാദിയാൻ. എന്നാൽ ഇന്ന് ലോകം മുഴുവൻ അറിയപ്പെടുന്ന ഒരു ആത്മീയ തീർഥാടനകേന്ദ്രമായി അത് മാറിയിരിക്കുന്നു. മതചരിത്ര ഭൂപടത്തിൽ ഖാദിയാൻ ഇന്ന് സ്ഥലം പിടിച്ചിരിക്കുന്നു. ലോകത്തിന്റെ നാനാകോണുകളിൽ നിന്നും സമൂഹത്തിന്റെ വിവിധതലങ്ങളിൽ നിന്നുമുള്ള അനേകം സഞ്ചാരികളും ഭക്തന്മാരും ഖാദിയാനിലേക്ക് പ്രവഹിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഒരു പ്രവചനസാക്ഷാത്കാരമാണ്. ''ജനങ്ങൾ കൂട്ടംകൂട്ടമായി നിന്റെ അരികിൽ വരും. അപ്പോൾ നീ പരിഭ്രമിക്കരുത്.'' എന്ന് അല്ലാഹു വാഗ്ദത്ത മസീഹിനോട് ചെയ്ത വാഗ്ദാനം അക്ഷരാർഥത്തിൽ പുലർന്നുകൊണ്ടിരിക്കുന്ന കാഴ്ച ജീവിച്ചിരിക്കുന്ന ഞങ്ങൾക്കുള്ള ആത്മീയ ദൃഷ്ടാന്തങ്ങളാണ്. അഹ്മദികളും, അമുസ്ലിംകളും പ്രാർഥനയുടെ അനുഗ്രഹം തേടി ലോകത്തിന്റെ കോണുകളിൽ നിന്നും വർഷന്തോറും ഖാദിയാനിൽ തീർഥാടകരായി എത്തുന്നു.

## വികസിക്കുന്ന ഖാദിയാനിൽ ഇടംതേടി ഒരു മലയാളി

ആകാശത്തിലേക്ക് ഉയർന്നു നിൽക്കുന്ന ഖാദിയാനിലെ വെളുത്ത മിനാരം ആത്മീയഗരിമയുടെ വൈജയന്തിയാണ്. ഖാദിയാന്റെ ആത്മീയ പരിസരം അഹ്മദികൾക്ക് പ്രലോഭനമാണ്. ഭൗതിക നൊമ്പരങ്ങൾക്ക് ആത്മീയാശ്വാസം നൽകുന്ന ഖാദിയാന്റെ കല്ലിലും മണ്ണിലും അലിഞ്ഞുചേരൽ ലോകം മുഴുവനുമുള്ള അഹ്മദികളുടെ അദമ്യമായ ആഗ്രഹമാണ്. ഖാദിയാൻ ബിയാസ് നദീതീരം വരെ വ്യാപിക്കുമെന്ന് മസീഹ് മൗഊദി (അ)ന് അല്ലാഹു വാഗ്ദാനം നൽകി. ഭാവിയിൽ സംഭവിക്കാനിരിക്കുന്ന ഈ പ്രവചനം മുൻകൂട്ടി കണ്ടുകൊണ്ടാണ് പലരും ഈ ആത്മീയ കേന്ദ്രത്തിൽ ഇടം



*ഹസ്റത്ത് അഹ്മദ് (അ) ഹോശിയാർപൂരിൽ ധ്യാനമിരുന്ന കെട്ടിടത്തിന്റെ പ്രധാന കവാടം*

കണ്ടെത്താൻ ശ്രമിക്കുന്നത്. എന്റെ ബാല്യകാല സുഹൃത്തും അഹ്മദി യ്യത്ത് ഒരു വികാരം പോലെ ഹൃദയ ത്തിൽ കൊണ്ട് നടക്കുന്ന ഒരു മനുഷ്യ സ്നേഹികൂടിയായ പഴയങ്ങാടിയിലെ 'അസ്സു' എന്ന് ഞങ്ങൾ വിളിക്കുന്ന ഹസ്സൻ കോയയും ഖാദിയാനിൽ തനി ക്കായി ഒരു പാർപ്പിടം (സന്ദർശനകാല വസതി) വാങ്ങുന്നതിന് എത്തിയിരുന്നു. മടക്കയാത്രയിൽ കുട്ടികൾക്ക് സാമ്പ ത്തികമായി വൈഷമ്യം നേരിട്ടപ്പോൾ അദ്ദേഹം അവസരോചിതമായി ഇടപെ ടുകയുണ്ടായി. കുട്ടികളുടെയും ഞങ്ങ ളുടെയും ഹൃദയങ്ങളിൽ നിന്ന് അനി യന്ത്രിതമായ നിലയിൽ ദുആ ഉയർന്നു. അദ്ദേഹത്തിന് അല്ലാഹു അനുഗ്രഹം നൽകട്ടെ.

മെയ് 14-നാണ് ഞങ്ങൾ ഖാദിയാ നിൽ നിന്ന് സ്വദേശത്തേക്ക് തിരിച്ചത്. ഹ. മിയാൻ സാഹിബിന്റെ നേതൃത്വ ത്തിൽ മസ്ജിദ് മുബാറക്കിൽ വെച്ച് യാത്രയയപ്പ് പ്രാർഥനയുണ്ടായിരുന്നു. ഖാദിയാനിൽ നിന്ന് വിടപറയുന്നതി ലുള്ള കുട്ടികളുടെ ദുഃഖം വിങ്ങുന്ന ഹൃദയങ്ങളിൽ നിന്ന് ഗദ്ഗദങ്ങളായി പുറത്തുചാടി അന്തരീക്ഷമാകെ പടർന്നു പിടിച്ചു. അടക്കിപ്പിടിച്ച തേങ്ങ ലുകളും വിതുമ്പലുകളുമായി വിരഹ ദുഃഖം ഹൃദയങ്ങളിൽ നിന്ന് ഹൃദയങ്ങ ളിലേക്ക് പടർന്നുപിടിച്ചുകൊണ്ടിരുന്നു. ഖാദിയാൻ അവരിൽ അത്രയും അലിഞ്ഞുചേർന്നിരുന്നു. ഖാദിയാ നോട് വിടപറയുന്ന അവസരത്തിൽ ഒരി ക്കൽകൂടി എന്റെ കണ്ണുകൾ മസ്ജിദ് മുബാറക്കിൽ കൊത്തിവെച്ച വരികളിൽ പതിഞ്ഞു. 'മൻകാന ദഖലഹു കാന ആമീനൻ' 'ആരാണ് ഇതിൽ പ്രവേശി ക്കുന്നത് അവൻ സമാധാനത്തിലാകും' തികച്ചും അന്വർഥം. ■

---

*(17 -ാം പേജിൽ നിന്ന് തുടർച്ച)*

**ചെയ്തിട്ടുണ്ടോ?**

എവിടെ? അവരൊക്കെ ഭൂതകാലത്തിൽ പിടിച്ചുതൂ ങ്ങുന്നവരാണ്. പ്രസ്ഥാനവും സംഘടനയും ആണ് അവ രുടെ പ്രശ്നം; സാമൂഹ്യനീതിയല്ല. സ്ത്രീ അനുഭവിക്കുന്ന ദുരിതം അവരെ സ്പർശിക്കുന്നേയില്ല. നിങ്ങൾക്കറിയാമല്ലോ, ഇവിടെ അവരൊക്കെ മതനിയമങ്ങൾ പരിഷ്ക്കരിക്കുന്ന തിനെ എതിർക്കുന്നവരാണ്. എല്ലാ മുസ്ലിം രാജ്യങ്ങളിലും പലതരം നിയമപരിഷ്കാരങ്ങൾ വന്നിട്ടുണ്ട്. ഇറാനിലാണ് മുസ്ലിം സ്ത്രീകൾക്ക് ഏറ്റവും മെച്ചപ്പെട്ട ചുറ്റുപാടുള്ള ത്. ഒറ്റ ഉദാഹരണം പറയാം. എത്രകാലം വീടുനോക്കിക്ക ഴിഞ്ഞുവോ, ആ കാലം കണക്കാക്കി ഒരു പ്രത്യേക സംഖ്യ വിവാഹമോചന സമയത്ത് സ്ത്രീക്ക് കൊടുക്കുവാൻ ഇറാനിൽ നിയമമുണ്ട്.

**■ രാഷ്ട്രീയമില്ലാതെ ഇസ്ലാം ഇല്ല എന്ന നിലപാടു കാർ പലരുമുണ്ടല്ലോ?**

ഉണ്ട്. അവർ അധികാരം പിടിച്ചുപറ്റുന്നതിനുവേണ്ടി ഇസ്ലാമിനെ രാഷ്ട്രീയകക്ഷിയായി വെട്ടിക്കുറയ്ക്കുന്നവ രാണ്. അതിനൊരു ആത്മീയ വ്യവസ്ഥ ഉണ്ടെന്ന് അവർ മറന്നുപോകുന്നു. മതം തെരുവിലെ ഹിംസയാക്കി മാറ്റു ന്നത് അവരാണ്. സ്വന്തം വ്യാഖ്യാനമനുസരിച്ചുള്ള ഇസ്ലാമേ അവർ അംഗീകരിക്കൂ. ബാക്കിയുള്ളവരെല്ലാം ശിക്ഷിക്കപ്പെടേണ്ടവരാണ്. അഹ്മദികൾക്കെതിരെ 1950ക ളുടെ തുടക്കത്തിൽ പാകിസ്താനിൽ കലാപം ഉണ്ടായി. ഭീകരമായ ഹിംസ!.

ജമാഅത്തെ ഇസ്ലാമിയുടെ സ്ഥാപകൻ മൗദൂദിയെ ആ കലാപത്തിന് പ്രേരണ നൽകിയതിന്റെ പേരിൽ വധശി ക്ഷയ്ക്ക് വിധിച്ചത് നിങ്ങൾക്കോർമയില്ലേ?

**■ ഓർമയുണ്ട്. അതന്വേഷിച്ച ജസ്റ്റിസ് മുനീറിന്റെ റിപ്പോർട്ടിനെപ്പറ്റി ഞാൻ വായിച്ചിട്ടുണ്ട്.**

ആ റിപ്പോർട്ടിൽ ഈ സന്ദർഭത്തിൽ ഓർക്കാവുന്ന ഗംഭീ രമായ ഒരു വാക്യമുണ്ട്."ആരാണ് മുസ്ലിം എന്ന് കണ്ടെ ത്തുന്നതിൽ രണ്ട് ഉലമമാർ യോജിക്കുകയില്ല; ആരാണ് മുസ്ലിം അല്ലാത്തവൻ, ആരാണ് കൊല്ലപ്പെടേണ്ടവൻ എന്ന് കണ്ടെത്തുന്നതിൽ എല്ലാ ഉലമമാരും എപ്പോഴും യോജി ക്കുന്നു."

**■ ഇസ്ലാമിനെ അഹിംസയോട് ബന്ധിപ്പിച്ചാണ് നിങ്ങൾ എപ്പോഴും സംസാരിക്കുന്നത്.**

അതെ. ഇസ്ലാമും ഹിംസയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. "അന്യായമായി ഒരു മനുഷ്യജീവിയെ കൊന്നവൻ മനുഷ്യവംശത്തെ മുഴു വൻ കൊന്നവന് തുല്യനാണ്" എന്നാണ് ഖുർആനിൽ ഞാൻ വായിച്ചിട്ടുള്ളത്. കരുണയെപ്പറ്റിയാണ് ഖുർആൻ എപ്പോഴും പറയുക. പിന്നെ, ആത്മരക്ഷയ്ക്കും വിശ്വാസസ്വാതന്ത്ര്യ ത്തിനും വേണ്ടിയുള്ള ചെറുത്തുനിൽപ്പുണ്ട്. അത് ഹിംസയോ അക്രമമോ അല്ല; ധർമമാണ്. ഏതു ജീവിയും നിർവഹിക്കുന്ന സ്വധർമം. 'ജിഹാദ്' എന്ന പദത്തെ ശരിക്ക് മനസ്സിലാക്കേണ്ടതുണ്ട്. അത് ആരെയെങ്കിലും വിശ്വാസി യാക്കാനുള്ള യുദ്ധമല്ല, അവിശ്വാസികളെ ഇല്ലാതാക്കാനുള്ള യുദ്ധമല്ല. ആത്മശുദ്ധീകരണത്തിനുവേണ്ടി അവനവനോടും ആത്മരക്ഷയ്ക്കുവേണ്ടി അന്യരോടും നടത്തുന്ന ധർമയു ദ്ധമാണ്. ഇവിടത്തെ മുസ്ലിം പുരോഹിതന്മാരുടെ വ്യാഖ്യാ നങ്ങൾ വിചിത്രമാണ്. പാകിസ്താനിലെ തെരുവുകളിൽ മുസ്ലിംകൾ വിശ്വാസകാര്യത്തിൽ വ്യത്യസ്തരായ അഹ്മദി വിഭാഗത്തെ ചുട്ടുകൊല്ലുന്നത് ധർമം, ഗുജറാത്തിലെ തെരു വുകളിൽ മുസ് ലിംകളെ ഹിന്ദുവർഗീയവാദികൾ ചുട്ടുകൊ ല്ലുന്നത് അധർമം! ഇതെങ്ങനെനീതിയാവും? അധർമമാണെ ങ്കിൽ രണ്ടും ഒരുപോലെ അധർമമാവണം. ധർമമാണെ ങ്കിൽ രണ്ടും ധർമമാവണം! കാരുണ്യവും നീതിബോധവും ഇല്ലാത്തവർ എങ്ങനെ മതവിശ്വാസികളാവും? അവർ എങ്ങനെ ദൈവത്തിന്റെ പേരിൽ സംസാരിക്കും?

*(മാതൃഭൂമി വാരാന്തപ്പതിപ്പ് 13.6.2004)* ■

# മനുഷ്യജീനും കുത്തകാവകാശങ്ങളും

നൂറിൻ അജ്മൽ

**ജീനുകൾ ദൈവത്തിന്റെ സൃഷ്ടിയാണ്. അതിന്മേൽ മനുഷ്യന് കുത്തകാവകാശം പാടില്ല.**

മനുഷ്യജീനുകളുടെ കുത്തകാവകാശത്തെ (പാറ്റന്റിംങ്ങ്) സംബന്ധിച്ച് ധാരാളം സംവാദങ്ങൾ നടക്കുന്നുണ്ട്. ഇത് ചർച്ച ചെയ്യുന്നതിന് മുമ്പായി പാറ്റന്റ് നിയമത്തെക്കുറിച്ചും ശാസ്ത്രലോകത്ത് അതിന്റെ പ്രസക്തിയെക്കുറിച്ചും അറിയുന്നത് സഹായകരമായിരിക്കും.

കണ്ടുപിടുത്തങ്ങളെ പ്രോത്സാഹിപ്പിക്കാനാണ് പാറ്റന്റിംങ്ങ് (കുത്തകാവകാശം) കൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. പാറ്റന്റ് എന്നാൽ വിശാലാർത്ഥത്തിൽ ബൗദ്ധിക സ്വത്ത് (Intelectual Property right) വ്യാവസായിക പ്രാധാന്യമുള്ള ഒരു ഉല്പന്നമോ, ഒരു ഉല്പാദനപ്രക്രിയയോ കണ്ടുപിടിത്തം മുഖേന നിലവിൽ വരുമ്പോൾ സംജാതമാവുന്ന അവകാശമാണിത്. അത്തരത്തിലുള്ള സ്വത്തവകാശം പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുമേൽ ആ കണ്ടുപിടുത്തക്കാരന് ലഭിക്കുന്ന ഉടമസ്ഥാവകാശമാണ് പാറ്റന്റ്. പൊതുജനത്തിനു അതുവരെ ലഭ്യമാകാതിരുന്ന പുതിയ ഉല്പന്നങ്ങൾക്കും, ഉല്പാദന പ്രക്രിയകൾക്കുമാണ് പാറ്റന്റ് നൽകിവരുന്നത്. ഇത് വരെ പ്രാവർത്തികരൂപത്തിൽ ആയിത്തീരാത്ത അഥവാ ഉൽപന്നമോ ഉല്പാദപ്രക്രിയയോ ആയിത്തീരാത്ത വെറും ആശയങ്ങൾക്ക് മാത്രം പാറ്റന്റ് എടുക്കാൻ സാധ്യമല്ല. ബ്രിട്ടനിൽ പാറ്റന്റ് അപേക്ഷകർ എല്ലാ മാനദണ്ഡങ്ങളും പൂർത്തിയാക്കുകയാണെങ്കിൽ അവരുടെ ഉല്പന്നങ്ങൾക്കോ ഉല്പാദന പ്രക്രിയകൾക്കോ പാറ്റന്റ് ഓഫീസ് 20 വർഷത്തെ കുത്തകാവകാശം (പാറ്റന്റ്) നൽകുന്നു. ഇങ്ങനെ ലഭിക്കുന്ന കുത്തകാവകാശം ലാഭത്തിനുവേണ്ടി അയാൾക്ക് മാത്രം വാണിജ്യപരമായി ഉപയോഗിക്കാമെന്നാണ് ഇതിനർത്ഥം. കണ്ടുപിടിത്തക്കാരന്റെ ഈ അവകാശം അയാൾക്ക് വേണമെങ്കിൽ മറ്റൊരാൾക്ക് വിൽക്കുകയോ, ലൈസൻസ് അടിസ്ഥാനത്തിൽ കൈമാറുകയോ ചെയ്യാം. വാസ്തവത്തിൽ പാറ്റൻറ് വ്യവസ്ഥ ശാസ്ത്രജ്ഞന്മാരെ സംരക്ഷിക്കാനുള്ളതാണ്. പ്രത്യേകിച്ച് മരുന്നുകമ്പനികൾക്കും, ജനിതക സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവരുടെ കണ്ടുപിടിത്തങ്ങൾക്ക് മേലുള്ള അവകാശത്തെ സംരക്ഷിക്കാനുമുള്ളതാണ്. എങ്കിൽത്തന്നെയും അവ പ്രയോഗിക്കുന്നത് മനുഷ്യശരീരത്തിലായത് കൊണ്ട് അത് ഗൗരവമേറിയ ചർച്ചക്ക് വിധേയമാക്കേണ്ടതുണ്ട്.

മനുഷ്യ ജിനോം പദ്ധതി എന്നത് ഒരു അന്താരാഷ്ട്ര സംരംഭമാണ്. മനുഷ്യശരീരത്തെ നിയന്ത്രിക്കുന്ന ക്രോമോസോമുകൾക്കകത്തുള്ള ഒരു ലക്ഷത്തോളം ജീനുകളുടെ വിന്യാസക്രമം (മാപ്പിംങ്ങ്) കണ്ടുപിടിക്കുന്ന ഈ പദ്ധതി ഗവേഷകന്മാർ പൂർത്തിയാക്കിക്കഴിഞ്ഞു. ജനിതകരോഗങ്ങളുടെ ചികിത്സക്ക് വേണ്ടി ഈ ഗവേഷണഫലങ്ങൾ പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

1980–ൽ അമേരിക്കൻ സുപ്രിംകോടതി ഡയമണ്ടും ചക്രവർത്തിയുമായുള്ള ഒരു കേസിൽ മനുഷ്യജീവിരൂപങ്ങളുടെ പാറ്റന്റ് ചെയ്യാമെന്ന് വിധിക്കുകയുണ്ടായി. മനുഷ്യജീവിരൂപങ്ങൾക്കുമേൽ കമ്പനികൾക്കും, ഗവേഷണസ്ഥാപനങ്ങൾക്കും ഉടമസ്ഥാവകാശം നൽകുന്ന ഈ വിധി ഉന്നതവൃത്തങ്ങളിൽ അത്യധികം അമ്പരപ്പും ആശ്ചര്യവുമുണ്ടാക്കി. ഇത് മനുഷ്യജീവീ രൂപങ്ങളെ നിലവാരത്തകർച്ചയിലേക്ക് നയിക്കുമെന്ന് കരുതപ്പെടുന്നു. പക്ഷേ അടിസ്ഥാനപരമായ ചോദ്യമിതാണ്: മനുഷ്യന് മനുഷ്യജീവനുമേൽ എങ്ങനെ കുത്തകാവകാശം ലഭിക്കും? അമേരിക്കൻ സുപ്രിംകോടതിയുടെ ഈ വിധിക്കെതിരെ അമേരിക്ക, ബ്രിട്ടീഷ് ഭരണകൂടങ്ങൾ അവരുടെ ഉത്കണ്ഠ പ്രകടിപ്പിച്ചിരുന്നു. മനുഷ്യജീവീരൂപങ്ങളുടെ

*(ശേഷം 39 -ാം പേജിൽ)*

ലേഖനം

# മഹാത്മാ ശ്രീകൃഷ്ണൻ (അ)

മൗലാനാ ബശീർ അഹ്മദ് സാഹിബ് ദഹ്‌ലവി

## ഭാരതവർഷത്തിൽ അല്ലാഹു നിയോഗിച്ച മഹാനായ ഒരുപ്രവാചകനാണ് ഹസ്റത്ത് ശ്രീകൃഷ്ണൻ

മഹാത്മാ ശ്രീകൃഷ്ണൻ ദൈവത്തിന്റെ ഒരു പ്രവാചകനായിരുന്നു എന്നു മനസ്സിലാകുന്നതായി 1904–ൽ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകരായ ഹസ്രത്ത് അഹ്മദുൽ ഖാദിയാനി(അ) പ്രഖ്യാപിച്ചപ്പോൾ മുസ്‌ലിം ലോകത്ത് അതൊരു വലിയ പൊട്ടിത്തെറിയായിട്ടാണ് പരിണമിച്ചത്. 'എന്തു ഇവർ ഹിന്ദുക്കളെയും നബിയാക്കുന്നുവോ?' എന്നു ചിലർ ആശ്ചര്യപ്പെട്ടു ചോദിച്ചുതുടങ്ങി. മറ്റു ചിലർ പരിഹസിച്ചു. എന്നാൽ, അവരുടെ പണ്ഡിതന്മാർ അതെപ്പറ്റി ശാന്തമായി ചിന്തിച്ചപ്പോൾ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകർ പറഞ്ഞതുതന്നെയാണ് നേരെന്ന് അവർക്ക് മനസ്സിലായിത്തുടങ്ങി. ഹിന്ദുക്കളുടെ ഇടയിലും പരമാത്മാവിന്റെ വരിഷ്ഠ ജനങ്ങൾ ഉണ്ടായിട്ടുണ്ടെന്നും ശ്രീകൃഷ്ണൻ അപ്രകാരമൊരു ദിവ്യദൂതൻ തന്നെയായിരുന്നുവെന്നും മുസ്‌ലിം പണ്ഡിതന്മാർ തന്നെ പരസ്യമായി ഏറ്റുപറഞ്ഞു.

"എല്ലാ ജനതകളിലും പ്രവാചകന്മാർ ആവിർഭവിച്ചിട്ടുണ്ട്." (വ ഇൻ മിൻ ഉമ്മത്തിൻ ഇല്ലാ ഖലാഫീഹാനദീറ) എന്നു വിശുദ്ധ ഖുർആൻ ഘോഷിക്കുന്നു. നല്ലതിനെ ഉപദേശിക്കുകയും തിയ്യതിനെ വിരോധിക്കുകയും ദൈവവിശ്വാസത്തെ ജനഹൃദയങ്ങളിൽ ഉറപ്പിക്കുകയും അധർമത്തിന്നെതിരായി ജനങ്ങളെ താക്കീതു ചെയ്യുകയും ചെയ്തിട്ടുള്ള ആത്മഗുരുക്കന്മാർ ഭൂലോകത്തിന്റെ സകല കോണുകളിലും നിവസിക്കുന്ന ജനവിഭാഗങ്ങളിലും അയക്കപ്പെട്ടിട്ടുണ്ടെന്ന് ഖുർആൻ പറയുമ്പോൾ, ഈ ഭാരതവർഷത്തിലും അത്തരം മഹാപുരുഷന്മാർ ആവിർഭവിച്ചിരുന്നിരിക്കേണ്ടതാണല്ലോ. ഭാരത ചരിത്രം പരിശോധിക്കുമ്പോൾ ദൈവികകാര്യങ്ങളിലേയ്ക്ക് ജനങ്ങളെ ക്ഷണിക്കുകയും ധർമോപദേശം ചെയ്കയും ചെയ്തിട്ടുള്ള അനേകം യോഗികളും മുനിമാരും ഋഷിമാരും ഇവിടെ കഴിഞ്ഞുകടന്നിട്ടുണ്ടെന്നു മനസ്സിലാക്കാൻ കഴിയുന്നുണ്ട്. എന്നാൽ, അവരിൽ ആരെക്കാളും അഗ്രിമമായ പദവി അലങ്കരിക്കുകയും ബഹുകോടി ജനങ്ങളുടെ ആദരാന്വിതമായ ഭക്തിശ്രദ്ധകൾക്ക് പാത്രീഭവിക്കുകയും ചെയ്തിട്ടുള്ള മഹാപുരുഷൻ ശ്രീകൃഷ്ണനാണെന്നു കാണ്മാൻ പ്രയാസമില്ല.

ലോകത്ത് കഴിഞ്ഞുകടന്ന പ്രവാചകന്മാരിൽ ചിലരെക്കുറിച്ച് വിശുദ്ധ ഖുർആൻ നമുക്ക് പറഞ്ഞുതരുന്നെങ്കിൽ മറ്റു പലരെക്കുറിച്ചും ഖുർആൻ നമുക്ക് ഒന്നും പറഞ്ഞുതരുന്നില്ല. എന്നാൽ, ദൈവത്തിന്റെ പ്രവാചകന്മാർ എല്ലാ ജനങ്ങളിലും ആവിർഭവിച്ചിട്ടുണ്ടെന്നു പറഞ്ഞുകൊണ്ടും അവരെല്ലാവരും സത്യാത്മാക്കളായിരുന്നുവെന്നു സൂചിപ്പിച്ചുകൊണ്ടും അറിയപ്പെട്ടവരും അറിയപ്പെടാത്തവരുമായ ആ എല്ലാ ദിവ്യാത്മാക്കളിലും വിശ്വസിക്കേണ്ടതു ഒരു മുസ്‌ലിമിന്റെ ധർമമാണെന്നു ഖുർആൻ മനസ്സിലാക്കിത്തന്നിരിക്കുകയാണ്.

### കാർവർണനായ കണ്ണൻ

ഖുർആൻ ഒരു ഭാഗത്ത് ഇപ്രകാരം മനസ്സിലാക്കിത്തരുമ്പോൾ മറ്റൊരുഭാഗത്ത് ഹദീസുഗ്രന്ഥങ്ങൾ ഇതേ സംഗതി തന്നെ കൂടുതൽ സ്പഷ്ടമാക്കിത്തരുന്നു. ഹസ്രത്ത് ശ്രീകൃഷ്ണൻ അല്ലാഹുവിന്റെ ഒരു നബി ആയിരുന്നു എന്ന ഒരു നബിവചനം ഹദീസ് ഗ്രന്ഥങ്ങളിൽ കാണപ്പെടുന്നുണ്ട്. ''ഇന്ത്യയിൽ ശ്യാമളവർണനായ ഒരു നബി ഉണ്ടായിരുന്നു; അദ്ദേഹത്തിന്റെ പേർ കണ്ണൻ എന്നാകുന്നു" (കാനഫിൽ ഹിന്ദി നബിയുൻ അസ്‌വദിൽ ലൗനി ഇസ്മുഹൂ കാഹിന) എന്ന ഒരു ഹദീസ് ദൈലമി ഉദ്ധരിച്ചിട്ടുണ്ട്.* ഭാരതത്തിലെ ജനങ്ങൾ ഹസ്രത്ത് ശ്രീകൃഷ്ണനെ ഒരു വലിയ അവതാരപുരുഷനായിട്ടാണ് കരുതുന്നത്. അദ്ദേഹത്തെപ്പോലെ അത്രയും അധികം ബഹുമാനാദരങ്ങൾക്ക് പാത്രവാനായ ഒരു പ്രവാചകൻ ഭാരതത്തിൽ ഉണ്ടായിട്ടില്ലെന്നാണ് മനസ്സിലാകുന്നത്.

ലോകത്ത് എപ്പോഴെല്ലാം പാപം വർധിക്കുകയും ധർമം നശിക്കുകയും ചെയ്യുന്നുവോ അപ്പോഴെല്ലാം ധർമം ഉപദേശിക്കുകയും അധർമത്തെ നശിപ്പിക്കുകയും ചെയ്യുന്നതിന് അവതാരപുരുഷന്മാർ അഥവാ പ്രവാചകന്മാർ വെളിപ്പെടുന്നു. ഇതാണ് ഭഗവത്ഗീതയും നമുക്ക് പറഞ്ഞുതരുന്നത്.

''യദായദാഹി ധർമസ്യ ഗ്ലാനിർഭവതി ഭാരത

അഭ്യുത്ഥാനമധർമസ്യ തദാത്മാനം സൃജാമ്യഹം

പരിത്രാണായ സാധൂനാം വിനാശായ ച ദുഷ്കൃതാം

ധർമസംസ്ഥാപനാർഥായ സംഭവാമി യുഗേ യുഗേ''

''ധർമത്തിന്നു എപ്പോഴെല്ലാം ഗ്ലാനി ഭവിക്കുകയും അധർമം അഭ്യുത്ഥാനം ചെയ്കയും ചെയ്യുന്നുവോ അപ്പോഴെല്ലാം ഞാൻ അവതരിക്കുന്നു; സധർമികളെ രക്ഷിക്കുവാനും ദുഷ്കർമികളെ ശിക്ഷിക്കുവാനും ധർമത്തെ സ്ഥാപിക്കുവാനും വേണ്ടി ഞാൻ യുഗംതോറും ജനിക്കുന്നു'' (ഗീത 4:7, 8).

ബൈബിളിലെ പോലെതന്നെ ഭഗവത്ഗീതയിലും കാലക്രമേണ ദൈവിക വചനങ്ങളും പ്രവാചകോക്തികളും കലർന്നുപോകയുണ്ടായി. ഈ വചനം ഹസ്രത്ത് ശ്രീകൃഷ്ണനു ലഭിച്ച ഒരു വെളിപാടായിരുന്നിരിക്കണം. ദൈവം അവതരിക്കുന്നതാണെന്നു പറഞ്ഞതുകൊണ്ടു ദൈവം മനുഷ്യരൂപം പൂണ്ടു അവതരിക്കുന്നതാണെന്നു അർഥമെടുക്കേണ്ടതില്ല. ശ്രീകൃഷ്ണൻ ദൈവമായിരുന്നില്ല; ദൈവത്തിന്റെ ഒരു ഭക്തദാസൻ മാത്രമായിരുന്നു. പ്രവാചകന്മാർ തങ്ങളുടെ ജീവിതത്തിലൂടെ ദൈവത്തിന്റെ ഗുണഗണങ്ങളെ പ്രതിഫലിപ്പിക്കുന്നതുകൊണ്ടും പ്രവാചകന്മാരിലൂടെ ദൈവം വെളിപ്പെടുമാറാകുന്നതുകൊണ്ടും പ്രവാചകന്മാരുടെ ആവിർഭാവത്തെ ദൈവാവതാരം എന്നു വിശേഷിപ്പിച്ചിരിക്കുന്നുവെന്നേയുള്ളൂ. വാസ്തവത്തിൽ ദിവ്യാത്മാക്കാളായ നബിമാരും ഋഷിവര്യന്മാരും തങ്ങളുടെ ജീവിതത്തിലൂടെ ദൈവത്തിന്റെ സൽഭാവത്തെ പ്രത്യക്ഷീകരിക്കുന്നതുകൊണ്ടു അവരെപ്പറ്റി അവതാരപുരുഷന്മാർ എന്നു പറയാവുന്നതാണ്. എന്നാൽ അതുകൊണ്ട് അവരുടെതായ മാനുഷ്യകം അവർക്കില്ലാതായിത്തീരുന്നുവെന്നോ അവർ ദൈവങ്ങളാണെന്നോ അർഥമില്ല. മുസ്‌ലിം സമുദായത്തിൽ കഴിഞ്ഞുകടന്നിട്ടുള്ള ഔലിയാക്കന്മാർ അതിനുദാഹരണമാണ്. അവർ തങ്ങൾ ദൈവങ്ങളാണെന്നോ പ്രാർഥനക്കർഹരാണെന്നോ വാദിക്കുകയോ തങ്ങളെ വിളിച്ചു പ്രാർഥിക്കാൻ ഉപദേശിക്കുകയോ ചെയ്തിട്ടില്ല. എന്നിട്ടും കാലക്രമേണ ഏകദൈവവിശ്വാസികളായ മുസ്‌ലിംകൾ തന്നെ അവരിൽ ദൈവികഗുണങ്ങൾ ആരോപിക്കുകയും ദൈവത്തോടെന്നപോലെ അവരെ വിളിച്ചു പ്രാർഥിക്കുകയും ചെയ്യുന്നു. ഹസ്രത്ത് ഈസാനബിയെ ക്രിസ്ത്യാനികൾ ദൈവമാക്കിയതും ഇപ്രകാരം തന്നെയാണ്. ഇതേപ്രകാരം തന്നെയാണ് ഹിന്ദുക്കൾ ശ്രീകൃഷ്ണനെ ദൈവമാക്കി ഉയർത്തുകയും ദൈവത്തോടെന്നപോലെ കൃഷ്ണനെ വിളിച്ചു പ്രാർഥിക്കുകയും ചെയ്യുന്നത്. യഥാർഥത്തിൽ ശ്രീകൃഷ്ണൻ താൻ ദൈവമാണെന്നു വാദിക്കുകയുണ്ടായിട്ടില്ല. അദ്ദേഹം ദൈവത്തിന്റെ ഒരു പ്രവാചകനും മനുഷ്യാത്മാവും മാത്രമായിരുന്നു.

## മർദ്ദിതരുടെ ബന്ധു

ഭാരതത്തിൽ അക്രമവും അനീതിയും അധർമവും തലപൊക്കിയിരുന്ന ഒരു കാലത്താണ് ശ്രീകൃഷ്ണൻ ആവിർഭവിച്ചിരുന്നത്. ദൈവവിശ്വാസം ജനഹൃദയങ്ങളിൽ നിന്നു മറഞ്ഞുപോകയും എങ്ങും അക്രമത്തിന്റെ തേർവാഴ്ച നടക്കുകയും ''കയ്യൂക്കുള്ളവൻ കാര്യക്കാരൻ'' എന്ന സിദ്ധാന്തം നടപ്പിൽ വരികയും ചെയ്തിരുന്ന കാലമായിരുന്നു അത്. അക്കാലത്ത് ശ്രീകൃഷ്ണൻ ആവിർഭവിച്ചു ദൈവവിശ്വാസവും മനുഷ്യസമത്വവും ഉപദേശിച്ചു. ദൈവം ഒന്നാണെന്നും മനുഷ്യരെല്ലാം സഹോദരന്മാരാണെന്നും ആ മഹാത്മാവ് പഠിപ്പിച്ചു. അക്രമത്തിന്നെതിരായി ശ്രീകൃഷ്ണൻ വിരൽചൂണ്ടി. ദ്രോഹിതരുടേയും മർദ്ദിതരുടേയും ഭാഗത്ത് നിന്നുകൊണ്ട് ദ്രോഹികൾക്കും മർദ്ദകർക്കുമെതിരായി ആ പുണ്യാത്മാവ് പൊരുതി.

ദുഷ്ടബുദ്ധികളായ ദുര്യോധനനേയും കൗരവന്മാരേയും സഹായിക്കാൻ പടക്കളത്തിൽ അണിഞ്ഞൊരുങ്ങിയ സൈന്യനായകന്മാരേയും യോദ്ധാക്കളേയും കണ്ടിട്ടു അർജുനൻ പടയും വിട്ടു പാഞ്ഞുപോകാൻ പുറപ്പെട്ടപ്പോൾ ധർമത്തിന്നുവേണ്ടി യുദ്ധം ചെയ്തു വീരമൃത്യു വരിക്കാനാണ് ശ്രീകൃഷ്ണൻ അദ്ദേഹത്തോടുപദേശിച്ചിരുന്നത്. യുദ്ധോദ്യതരായി അണിഞ്ഞൊരുങ്ങിയ തന്റെ പിതാക്കളെയും പിതാമഹന്മാരെയും ആചാര്യന്മാരെയും, മാതുലന്മാരെയും, ഭ്രാതാക്കളെയും, പുത്രന്മാരേയും പൗത്രന്മാരേയും സുഹൃത്തുക്കളേയും എല്ലാം കണ്ടപ്പോൾ അർജുനൻ വിറകൊള്ളുകയും തളരുകയും മൂന്നുലോകത്തിന്റെയും ആധിപത്യം തന്നെ കിട്ടുന്നതായാലും താൻ യുദ്ധം ചെയ്യാൻ തയ്യാറില്ലെന്നു പറഞ്ഞുകൊണ്ടു അമ്പും വില്ലും വലിച്ചെറിഞ്ഞ് തേരിലിരുന്നു കരഞ്ഞുതുടങ്ങുകയും ചെയ്തപ്പോൾ, എന്തുതന്നെ നാശങ്ങൾ വന്നാലും ആരു തന്നെ കൊല്ലപ്പെട്ടാലും തരക്കേടില്ല അക്രമികൾക്കും അധർമികൾക്കും എതിരായി സമരം ചെയ്യണമെന്നു പറഞ്ഞുകൊണ്ട് ശ്രീകൃഷ്ണൻ അർജുനനേയും യുദ്ധസന്നദ്ധനാക്കി. അക്രമിക്കെതിരായി നിഷ്ക്രിയരാവുകയും അക്രമത്തെ ചെറുക്കാതിരിക്കുകയും ചെയ്യുന്നത് അക്രമത്തെ അംഗീകരിക്കലാവുമെന്നു അദ്ദേഹം മനസ്സിലാക്കിയിരുന്നു. ആകയാൽ ധൃതരാഷ്ട്രപുത്രന്മാർക്കെതിരായി യുദ്ധം ചെയ്യുന്നതിൽ അദ്ദേഹം നേതൃത്വം നൽകി. മർദ്ദകർക്കെതിരിൽ ദൈവം മർദ്ദിതരെ സഹായിക്കുമെന്നും എത്രയും വമ്പിച്ച ശത്രുപടയെപ്പോലും സധർമികൾക്ക് ജയിച്ചടക്കാൻ സാധിക്കുമെന്നുമുള്ള ഒരു പാഠവും ആ പുണ്യാത്മാവ് ഇതുമുഖേന നൽകി.

## ഗീതയിൽ 'തൗഹീദ്'

ഞാൻ ഭഗവത് ഗീത പാരായണം ചെയ്തിട്ടുണ്ട്. ഭഗവത്ഗീത ശരിക്കും വായിക്കുന്ന ഒരാൾക്ക് ആ മഹാഗ്രന്ഥം ഏകദൈവതത്വമായാണുപദേശിക്കുന്നതെന്നു കാണ്മാൻ പ്രയാസമില്ല. ശ്രീകൃഷ്ണമഹാരാജ് ഭാരതത്തിൽ ഉപദേശിച്ചതും 'തൗഹീദ്' (ഏകദൈവത്വം) തന്നെയായിരുന്നു. കാലക്രമേണ ഹിന്ദുക്കൾ ബഹുദൈവവിശ്വാസികളും ബിംബപൂജകരുമായി മാറിയിട്ടുണ്ടെങ്കിലും മഹാത്മാ ശ്രീകൃഷ്ണൻ ഏകദൈവത്തിൽ വിശ്വസിക്കുവാനും ഏകദൈവ

ത്തെത്തന്നെ ശരണം പ്രാപിക്കാനുമാണ് ഉപദേശിച്ചിരുന്നതെന്നാണ് ഗീത മനസ്സിലാക്കിത്തരുന്നത്. ഗീതയിൽ പതിനെട്ടാമധ്യായത്തിൽ പറയുന്നു:

''ഈശ്വരഃ സർവഭൂതാനാം ഹൃദ്ദേശേർജ്ജുന തിഷ്ഠതി
ഭ്രാമയൻ സർവഭൂതാനി യന്ത്രാരൂഢാനി മായയാ.
തമേവ ശരണം ഗച്ഛ സർവഭാവേന ഭാരത!
തൽപ്രസാദാൽപരാം ശാന്തിം സ്ഥാനം പ്രാപ്സ്യസി ശാശ്വതം

''ഹേ, അർജുന! യന്ത്രത്തിലേറ്റിവച്ച വസ്തുക്കളെ യന്ത്രമെന്നവണ്ണം സകല പ്രാണികളേയും സ്വമായാശക്തി കൊണ്ടു തൽകർമങ്ങളെ ചെയ്യിച്ചുകൊണ്ടു അന്തര്യാമിയായ ഈശ്വരൻ സകല ഭൂതങ്ങളുടേയും ഹൃദയത്തിൽ സ്ഥിതിചെയ്യുന്നു. ഹേ, അർജുന! നീ ദേഹേന്ദ്രയമനോബുദ്ധ്യാദി സകല ഭാവം കൊണ്ടും അവനെത്തന്നെ ശരണം പ്രാപിക്കുക. അവന്റെ പ്രസാദമുണ്ടായാൽ നീ നിരതിശയമായ ശാന്തിയേയും ശാശ്വതമായ സ്ഥാനത്തേയും പ്രാപിയ്ക്കും" (ഗീത, അ, 18; ശ്ലോ. 61, 62).

സർവശക്തനും, സർവജ്ഞനുമായ ഏകദൈവത്തിൽ വിശ്വസിച്ചു കൊണ്ടും അവനിൽത്തന്നെ ശരണം പ്രാപിച്ചുകൊണ്ടും ജീവിക്കുവാനാണ് ശ്രീകൃഷ്ണൻ ഉപദേശിച്ചിരുന്നത്.

യുദ്ധാനന്തരം ശ്രീകൃഷ്ണൻ നീതിപൂർവമായ ഭരണം നടത്തിയിരുന്നതായും അദ്ദേഹത്തിന്റെ കീഴിൽ സമാധാനവും സമത്വവും കളിയാടിയിരുന്നതായും മനസ്സിലാകുന്നു. അദ്ദേഹം ഒരു ഭാഗത്ത് ദൈവവിശ്വാസം ഉപദേശിച്ചുവെങ്കിൽ മറുഭാഗത്ത് മനുഷ്യസമത്വത്തെക്കുറിച്ചുള്ള പാഠങ്ങൾ നൽകി. അദ്ദേഹം മനുഷ്യസമത്വത്തിന്റെ ഒരു മഹനീയമായ മാതൃക സംഭാവന ചെയ്യുകയുണ്ടായി. അദ്ദേഹത്തിന്റെ സമഭാവനയെ കാണിക്കുന്ന ഒരു സംഭവം ഞാൻ പറയാം:

## ശ്രീകൃഷ്ണന്റെ സമഭാവന

ശ്രീകൃഷ്ണന്റെ ചെറുപ്പകാലത്തുള്ള ഒരു സ്നേഹിതനും സതീർഥ്യനുമായിരുന്നു സുദാമാ. സുദാമാ ഒരു കുചേലനും പട്ടിണിയിൽ വലയുന്ന ഒരാളുമായിരുന്നു. ഒരിക്കൽ സുദാമയും പത്നിയും വയറ്റുപാടിന്ന് നിവൃത്തിയില്ലാതെ വിഷണ്ണരായിരിക്കയായിരുന്നു. സുദാമായുടെ സഹപാഠിയായിരുന്ന ശ്രീകൃഷ്ണ മഹാരാജിന്റെ അടുക്കൽ ചെന്ന് എന്തെങ്കിലും സഹായത്തിന്നഭ്യർഥിക്കാൻ പത്നി അദ്ദേഹത്തോടു പറഞ്ഞു. ശ്രീകൃഷ്ണൻ ഒരു മഹാരാജാവായിരിക്കെ അദ്ദേഹത്തിന്റെ അടുത്തേയ്ക്ക് ഒരു കുചേലനായ താനെങ്ങനെയാണ് പോവുകയെന്നു കരുതി സുദാമാ വൈമനസ്യം കാണിച്ചുവെങ്കിലും ഒടുവിൽ ഭാര്യയുടെ നിർബന്ധം കാരണമായും മറ്റൊരു നിവൃത്തിമാർഗം കാണായ്കയാലും അദ്ദേഹം ശ്രീകൃഷ്ണന്റെ രാജധാനിയിലേക്ക് പോകാൻ തീർച്ചയാക്കി. 'കൃഷ്ണ, കൃഷ്ണ, കൃഷ്ണ, കൃഷ്ണ എന്നു ജപിച്ചുകൊണ്ട് അദ്ദേഹം യാത്രയായി. രാജധാനിയെലത്തിയശേഷം, ഒരു പഴയ ചങ്ങാതി കൃഷ്ണനെ കാണാൻ വന്നിരിക്കുന്നു എന്നു ചെന്നുപറയാൻ ദ്വാരപാലകന്മാരോടാവശ്യപ്പെട്ടു. കുചേലൻ തികച്ചും ഒരു പിച്ചക്കാരന്റെ നിലയിലാണവിടെ ചെന്നിരുന്നത്. അദ്ദേഹത്തിന്നു മുട്ടു മറയ്ക്കൻ മുണ്ടുണ്ടായിരുന്നില്ല. ശരീരമാകെ വിയർത്തും ചേറുപുരണ്ടുമിരുന്നിരുന്നു. ശ്രീകൃഷ്ണൻ കുചേലനെ കണ്ട മാത്രയിൽ ആ പഴയ സ്നേഹബന്ധങ്ങളോർത്തുകൊണ്ടു അതേ നിലയിൽതന്നെ അദ്ദേഹത്തെ കെട്ടിപ്പിടിച്ചു ചുംബിക്കയും അദ്ദേഹത്തെ തന്റെ മണിമഞ്ചത്തിലേറ്റി ശുശ്രൂഷിക്കുകയുമാണ് ചെയ്തത്. നോക്കുക! ശ്രീകൃഷ്ണൻ ഉച്ചനീചത്വവിചാരത്തിന്നെതിരായി എത്ര മഹത്തരമായ ഒരു മാതൃകയാണ് നൽകിയിരിക്കുന്നത്! ഒരു സിംഹാസനത്തിൽ ആരൂഢനായ അദ്ദേഹം പിച്ചക്കാരനായ ആ കുചേല ബ്രാഹ്മണനെ മാറോടണച്ചാശ്ലേഷിക്കുകയും തന്റെ പൂമെത്തയിലിരുത്തി കാൽകഴുകിക്കുകയും ചെയ്യുന്നു. ഇതായിരുന്നു ശ്രീകൃഷ്ണന്റെ സമദർശിത്വം. ഗീത പറയുന്നു:

വിദ്യാവിനയ സമ്പന്നേ ബ്രാഹ്മണേ ഗവിഹസ്തിനി
ശുനിചൈവശ്വപാകേ ച പണ്ഡിതാസ്സമദർശിനഃ

''വിദ്യയും വിനയവുമുള്ള ബ്രാഹ്മണനിലും ഗോവിങ്കലും ഗജത്തിലും ശ്വാവിങ്കലും ചണ്ഡാലനിലും ജ്ഞാനികൾ തുല്യദർശനമുള്ളവരാകുന്നു" (ഗീത.അ, 5; ശ്ലോ. 18).

ശ്രീകൃഷ്ണന്റെ ദൗത്യവും ഉപദേശങ്ങളും ഭാരതത്തിനു പുത്തരിയായിരുന്നില്ല. ശ്രീകൃഷ്ണന്റെ ഉപദേശങ്ങൾ സ്വയംകൃതങ്ങളായിരുന്നില്ല. ഭാരതത്തിൽ ഈ കർമയോഗത്തെ ഉപദേശിച്ചിരുന്ന ജ്ഞാനികളും പ്രവാചകന്മാരും അതിന്നുമുമ്പും ഉണ്ടായിരുന്നു. അവർ ജനതാമധ്യത്തിൽ അവതരിപ്പിച്ച അതേ സന്ദേശം തന്നെയായിരുന്നു ശ്രീകൃഷ്ണനും ഉപദേശിച്ചിരുന്നത്. അതാണ് ഗീത പറയുന്നത്:

ഇമം വിവസ്വതേ യോഗം പ്രോക്തവാനഹമവ്യയം
വിവസ്വാൻ മനമേ പ്രാഹ മനുരിക്ഷ്വാകവേ ബ്രവിൽ
ഏവം പരം പരാപ്രാപ്തമിമം രാജർഷയോ വിദുഃ
സ കാലേ നേഹ മഹതാ യോഗോ നഷ്ടഃ പരംതപ

''അനശ്വരഫലം ദാനം ചെയ്യുന്ന ഈ യോഗം ഞാൻ പണ്ടു സൂര്യദേവന്നുപദേശിച്ചു. അദ്ദേഹമതിനെ സ്വപുത്രനായ മനുവിന്നുപദേശിച്ചു. ആ മനു സ്വപുത്രനായ ഇക്ഷ്വാകു മഹാരാജാവിന്നുപദേശിച്ചു. പരമ്പരാഗതമായ ഈ ജ്ഞാനയോഗത്തെ ജനകാദി രാജർഷികൾ മനസ്സിലാക്കിയിരുന്നു. ആ യോഗം കാലക്രമത്തിൽ നഷ്ടമായി" (ഗീത, അ. 4, ശ്ലോ. 1, 2).

ശ്രീകൃഷ്ണന്റെ കാലം കഴിഞ്ഞപ്പോൾ ലോകം വീണ്ടും അജ്ഞാനാന്ധകാരത്തിലും അധർമകർമങ്ങളിലും മുഴുകിത്തുടങ്ങി. ശ്രീകൃഷ്ണന്റെ മഹത്തായ അധ്യാപനങ്ങൾ ലോകം മറന്നു. അദ്ദേഹത്തിന്റെ പാഠങ്ങളും അദ്ദേഹത്തിന്റെ ചരിത്രവും കാലക്രമത്തിൽ അലങ്കോലപ്പെടുകയും തെറ്റിദ്ധരിക്കപ്പെടുകയും ചെയ്തു. ശ്രീകൃഷ്ണൻ

ഭക്തിയെ വസ്ത്രമായി ഉപമിച്ചുകൊണ്ട് (ലിബാസുത്തഖ്വ) ഭക്തിയുടെ വസ്ത്രം എന്നു ഇസ്‌ലാമികസാഹിത്യത്തിലും കാണപ്പെടാവുന്നതാണ്.

## കൃഷ്ണൻ എവിടെ?

ശ്രീകൃഷ്ണൻ പറയുകയുണ്ടായി: ധർമം എപ്പോഴെപ്പോൾ ക്ഷതപ്പെടുമോ അപ്പോഴപ്പോൾ ഭൂമിയിൽ പ്രവാചകന്മാർ അവതരിക്കുകയും സൽകർമികളെ രക്ഷിക്കയും ദുഷ്കർമികളെ ശിക്ഷിക്കുകയും ചെയ്യുന്നതാണെന്നു. ലോകം ഇന്നു ദൈവത്തെ കൈവെടിഞ്ഞിരിക്കുകയാണ്. ലോകത്ത് ധർമം ക്ഷയിക്കുകയും അധർമം തലപൊക്കുകയും ചെയ്തിരിക്കുന്നു. ഹസ്‌റത്ത് ശ്രീകൃഷ്ണന്റെ പ്രവചനം സത്യമാണെങ്കിൽ നിശ്ചയമായും ഇക്കാലത്തും ശ്രീകൃഷ്ണനെപ്പോലുള്ള ഒരു ആധ്യാത്മികപരിഷ്കർത്താവിനെ ദൈവം എഴുന്നേല്പിച്ചിരിക്കേണ്ടതാണ്. ആ മഹാത്മാവ് ആരാണെന്നു അന്വേഷിക്കേണ്ടത് ശ്രീകൃഷ്ണനിൽ വിശ്വസിക്കുകയും അദ്ദേഹത്തെ ബഹുമാനിക്കുകയും ചെയ്യുന്നവരുടെ കടമയത്രെ.

* *'ഫിർദൗസുൽ അഖ്ബാർ,' 'താരീഖ് ഹമദാൻ'.*

■

വിഷയലമ്പടനായിരുന്നുവെന്നും അദ്ദേഹം വെണ്ണ കട്ടിരുന്നുവെന്നും മറ്റുമുള്ള കഥകൾ പ്രചരിച്ചുതുടങ്ങി. ഇത്തരം കഥകൾ ആ മഹാത്മാവിന്റെ സ്ഥാനത്തിന്നു യോജിക്കാത്തവയാണെങ്കിലും ആ കഥകൾ ആലങ്കാരികമായ ചിത്രാവിഷ്കരണങ്ങളാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ശ്രീകൃഷ്ണൻ ചെറുപ്പത്തിൽ വെണ്ണ കട്ടതായി പറയപ്പെടാറുണ്ട്. കളവ് ചെറുതായാലും വലുതായാലും കളവുതന്നെ. ആകയാൽ ശ്രീകൃഷ്ണനെപ്പോലെ ഇന്ത്യയിൽ ഒരു ധാർമികവിപ്ലവം വരുത്തിയ ഒരു പ്രവാചകനെപ്പറ്റി അദ്ദേഹം കളവ് നടത്തിയിരുന്നു എന്നു നമുക്ക് വിശ്വസിക്കാൻ നിവൃത്തിയില്ല. വാസ്തവത്തിൽ വെണ്ണയെന്നു പറഞ്ഞത് ആധ്യാത്മിക ജ്ഞാനമാണ്. അദ്ദേഹം ചെറുപ്പത്തിൽ തന്നെ ദിവ്യ ജ്ഞാനം കരസ്ഥമാക്കിയിരുന്നു എന്നാണതു മനസ്സിലാക്കിത്തരുന്നത്. അദ്ദേഹം ഗോപികന്മാരുടെ വസ്ത്രം കട്ടുവെന്നും അവരെ നഗ്നകളാക്കിയെന്നും പിന്നീടു വൃക്ഷത്തിനുമുകളിൽ നിന്നു അതു വെച്ചുകാട്ടിയെന്നും കാണിക്കുന്ന ചില ചിത്രങ്ങളുണ്ട്. എന്നാൽ, വസ്ത്രം എന്നതു ഭക്തി അഥവാ സൽസ്വഭാവങ്ങളാണ്. ഭൗമികതയിൽ മുങ്ങിക്കുളിച്ചുകൊണ്ടു ആധ്യാത്മികതയെ മറന്നുപോയ ജനങ്ങൾക്ക് ശ്രീകൃഷ്ണൻ തന്റെ ഉന്നതമായ ആത്മീയസ്ഥാനത്തിരുന്നുകൊണ്ട് ഭക്തിയാകുന്ന വസ്ത്രം വെച്ചുകാട്ടിയെന്ന ആശയമാണ് ആ ചിത്രത്തിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്.

*(35 -ാം പേജിൽ നിന്ന് തുടർച്ച)*

ഉടമാവകാശം സ്വകാര്യക്കമ്പനികൾക്കു ലാഭം ഉണ്ടാക്കാൻ വിട്ടുകൊടുക്കുന്നതിൽ ഈ രണ്ട് ഭരണകൂടങ്ങളും ഉത്കണ്ഠ രേഖപ്പെടുത്തുകയുണ്ടായി.

അമേരിക്കയിലേത് പോലെയല്ല ബ്രിട്ടനിലെ പാറ്റൻറ് നിയമം. ബ്രിട്ടനിൽ മനുഷ്യന്റെയും മൃഗങ്ങളുടെയും ശരീരത്തിന്മേലുള്ള ചികിത്സക്കും സർജറിക്കും ഇംഗ്ലീഷ് നിയമം കുത്തകാവകാശം നൽകുന്നില്ല. അത്തരത്തിലുള്ള ചികിത്സയുടെ ഉദ്ദേശ്യം ജീവൻ നിലനിർത്തുകയാണ്. അത് പാവനമായതിനാൽ ജീവിരൂപങ്ങൾക്ക് മേൽ ആർക്കും തന്നെ ഉടമസ്ഥാവകാശവും കുത്തകാവകാശവും നൽകുന്നില്ല. അതുകൊണ്ട് മനുഷ്യജീനുകൾക്ക് ബ്രിട്ടനിൽ പാറ്റൻറെടുക്കാൻ സാധ്യമല്ല

ജീൻ പാറ്റന്റിംങ്ങിന് അനുകൂലമായി വാദിക്കുന്നവർ പറയുന്നത് അത് മനുഷ്യജീവി രൂപങ്ങളുടെ മേൽ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നില്ല എന്നാണ്. മറിച്ച്, പുതിയ ജീനുകൾ കണ്ടെത്തുന്നതിന് അവരുടെ മുതൽമുടക്കിനെയാണ് അത് സംരക്ഷിക്കുന്നത് എന്നാണ്. സ്വകാര്യമേഖലയിൽ ഗവേഷണം നടത്താനാവശ്യമായി പണം സ്വരൂപിക്കാൻ ഇത്തരം പാറ്റന്റ് നിയമങ്ങൾ വേണമെന്നും സാങ്കേതിക വിജ്ഞാനം ഉപയോഗിക്കാനുള്ള അവകാശം ജീവിരൂപങ്ങളുടെ മേൽ പ്രയോഗിക്കുക മാത്രമാണ് ഇവിടെ ചെയ്യുന്നതെന്നും അവർ വാദിക്കുന്നു.

എന്തായിരുന്നാലും പാറ്റന്റ് നിയമങ്ങൾ ജീവിരൂപങ്ങളിൽ പ്രായോഗിക രംഗത്തുണ്ടാകുന്ന ഫലങ്ങൾ എന്തൊക്കെയായിരിക്കും എന്നതാണ് പ്രധാന കാര്യം. പാറ്റന്റ് നിയമങ്ങൾ ഒരർത്ഥത്തിൽ ഉടമാവകാശവും കുത്തകാവകാശവും നൽകുന്നു. അതുകൊണ്ട് ഒരാൾക്ക് അവനിച്ഛിക്കുംവിധം ഈ അവകാശങ്ങൾ വിനിയോഗിക്കാം. ഇത് എല്ലായ്പ്പോഴും പൊതുജനക്ഷേമത്തിനു പൊതുജനങ്ങൾക്കും അനുകൂലമാവണമെന്നില്ല. വൈദ്യശാസ്ത്രരംഗത്തും ഇത്തരം അവകാശങ്ങൾ ക്ഷേമകരമായി ഉപയോഗിക്കപ്പെടും എന്ന വിശ്വാസത്തോടെ സ്വകാര്യവ്യക്തികൾക്കു സമ്പൂർണ്ണ കുത്തകാവകാശം നൽകുന്നത് ചോദ്യം ചെയ്യപ്പെടേണ്ടതാണ്. അങ്ങനെ കുത്തകാവകാശങ്ങൾ നൽകുന്നത് മൂലം മുഖ്യമായ ഗവേഷണങ്ങൾക്ക് ആവശ്യമായ വിജ്ഞാനങ്ങളുടെ വിനിമയവും തടയപ്പെടുന്നു.

ചുരുക്കത്തിൽ പാറ്റന്റ് അവകാശങ്ങൾ മനുഷ്യൻ കണ്ടുപിടിക്കുന്ന ഉല്പന്നങ്ങളുടെയും ഉല്പാദന പ്രക്രിയകളുടെയും സംരക്ഷണത്തിനുവേണ്ടിയുള്ളതാണ്. എന്നാൽ മനുഷ്യന്റെ ജീനുകൾ സർവ്വസ്രഷ്ടാവായ ദൈവം സൃഷ്ടിച്ചതാണ്. അതുകൊണ്ടുതന്നെ അത് കുത്തകാവകാശങ്ങളുടെ പരിധിക്ക് പുറത്താണ്. ഏറ്റവും നല്ല സ്രഷ്ടാവായ അല്ലാഹു ഖുർആനിൽ പറയുന്നു:

ആകാശങ്ങളെയും ഭൂമിയെയും മുൻമാതൃകയില്ലാതെ സൃഷ്ടിച്ചവനത്രെ (അവൻ).... എല്ലാ വസ്തുക്കളേയും അവൻ സൃഷ്ടിച്ചിരിക്കുന്നു. സർവ്വവസ്തുക്കളെയും സംബന്ധിച്ച് അവൻ നല്ലപോലെ അറിവുള്ളവനുമാകുന്നു. (6:102)

■

കുറിപ്പുകൾ

മുസാഫിർ

# മുജാഹിദുകളുടെയും ജൂതന്മാരുടെയും മസീഹ് നിഷേധം

സമൂഹങ്ങൾ നശിക്കുന്നതിന് മുമ്പായി പ്രവാചകന്മാരെ അയക്കൽ അല്ലാഹുവിന്റെ സുന്നത്താണ് എന്നാണ് വിശുദ്ധ ഖുർആനിൽ നിന്ന് മനസ്സിലാവുന്നത്. 'ഒരു ദൂതനെ അയക്കുന്നത് വരെ നാം ശിക്ഷിക്കാറില്ല' (17:16). 'ഒരു നാടിനേയും അതിന് താക്കീതുകാർ ഉണ്ടായിട്ടല്ലാതെ നാം നശിപ്പിച്ചിട്ടില്ല' (26:209).

ചരിത്രത്തിൽ ഇതിനു മുമ്പില്ലാത്ത വിധം ഇന്ന് മുസ്‌ലിംകൾ ആഭ്യന്തര ജീർണ്ണതക്ക് വിധേയരും യഹൂദി നസാറാക്കളുടെ കഠിനമായ ആക്രമണങ്ങൾക്ക് കുറിമാനവുമാണ്. മുസ്‌ലിംകളുടെ സാർവ്വത്രികമായ ഈ നാശകാലത്തിന് തൊട്ട് മുമ്പ് ഇസ്‌ലാമിൽ വാഗ്ദാനം ചെയ്യപ്പെട്ട വാഗ്ദത്ത മസീഹിനെ നുബൂവ്വത്ത് പദവി നൽകിക്കൊണ്ട് അല്ലാഹു യഥാകാലം അയക്കുകയുണ്ടായി. അദ്ദേഹം ഖിലാഫത്ത് വ്യവസ്ഥ പുനഃസ്ഥാപിച്ചുകൊണ്ട് ദൈവാനുഗ്രഹത്താൽ മുസ്‌ലിംകൾക്ക് രക്ഷാഗേഹം പണിയുകയും ചെയ്തു. അഹ്മദിയ്യാ ഖിലാഫത്ത് എന്ന ഈ ദിവ്യസ്ഥാപനത്തെ സംബന്ധിച്ച് 'സത്യദൂതനി'ൽ വന്ന ഒരു പരാമർശത്തെ മടവൂർ ഗ്രൂപ്പ് മുജാഹിദുകളുടെ മുഖപത്രമായ ശബാബ് (2004 ജൂൺ 25) വിമർശിച്ചിരിക്കുന്നു. ശബാബിന്റെ വിമർശനം ഇങ്ങനെ:

''മിർസാ ഗുലാം എന്ന വ്യാജപ്രവാചകൻ ബ്രിട്ടീഷുകാരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി വിതണ്ഡവാദങ്ങളുമായി രംഗത്ത് വന്നതുകൊണ്ട് ഇസ്‌ലാമിക സമൂഹത്തിന് യാതൊരു ഗുണവുമുണ്ടായിട്ടില്ല. അതിന് മുമ്പെന്നപോലെ അതിനുശേഷവും ഇസ്‌ലാമിന്റെ ശത്രുക്കൾ മുസ്‌ലിം സമൂഹങ്ങൾക്ക് നേരെ അക്രമണങ്ങൾ നടത്തിക്കൊണ്ടിരുന്നിട്ടുണ്ട്. അഫ്ഗാനിസ്ഥാനിലും ഇറാഖിലും പതിനായിരക്കണക്കിന് മുസ്‌ലിംകളെ അമേരിക്കയും കൂട്ടാളികളും കൊന്നൊടുക്കിയപ്പോൾ ഖാദിയാനികളെക്കൊണ്ട് മുസ്‌ലിം സമൂഹത്തിന് എന്തു പ്രയോജനമാണ് ലഭിച്ചത്?" (ശബാബ്. 2004 ജൂൺ 18).

മുസ്‌ലിം സമുദായത്തിന്റെ രക്ഷക്ക് വേണ്ടി അല്ലാഹു അയച്ച വാഗ്ദത്ത മസീഹിനെ നഊദുബില്ലാഹ് വ്യാജനാക്കിത്തള്ളുകയും അങ്ങനെ കാഫിറാക്കി തള്ളിയശേഷം അദ്ദേഹത്തെക്കൊണ്ട് നിഷേധികൾക്ക് പ്രയോജനമൊന്നും ലഭിക്കുന്നില്ലല്ലോ എന്നു പറയുകയും ചെയ്യുന്നതിലെ വിഡ്ഢിത്തവും വൈരുദ്ധ്യവും ശബാബിലെ ഈ മടവൂരി മുജാഹിദിന് മനസ്സിലാവുന്നില്ല. അല്ലാഹു അയച്ച ഒരാളെ നിഷേധിക്കുകയും അയാളിൽ നിന്നുതന്നെ പ്രയോജനം പ്രതീക്ഷിക്കുകയും ചെയ്യുന്നത് വിചിത്രമാണ്. പ്രയോജനത്തിനു പകരം ദൈവക്രോധമാണ് അവർ പ്രതീക്ഷിക്കേണ്ടത്. അവരുടെ മേൽ സംഭവിച്ചുകൊണ്ടിരിക്കുന്നതും അതുതന്നെയാണ്. ആസന്നമായ ശിക്ഷയിൽ നിന്നും രക്ഷിക്കാൻ അല്ലാഹു അയച്ചയാളെ നിഷേധിച്ചതാണ് ദുരിതങ്ങൾക്ക് നിമിത്തം എന്ന് മുജാഹിദുകൾ എന്തുകൊണ്ട് മനസ്സിലാക്കുന്നില്ല? ഒരു പ്രവാചകനെയോ താക്കീതുകാരനെയോ അയക്കാതെ ജനസമൂഹങ്ങളെ ശിക്ഷിക്കാറില്ല എന്ന് അല്ലാഹു ഖുർആനിൽ നിരവധി സ്ഥലങ്ങളിൽ പറഞ്ഞതാണ്.

നാനാഭാഗത്തു നിന്നും ദുരിതങ്ങളുടെയും ശിക്ഷയുടെയും ഘോരവിപത്തുകൾ മുസ്‌ലിം സമുദായത്തിൽ ആഞ്ഞു പതിക്കുമ്പോൾ ജീവൽഗ്രന്ഥമായ ഖുർആന്റെ ഈ അനിഷേധ്യ യാഥാർത്ഥ്യത്തെപ്പറ്റി മുസ്‌ലിംങ്ങൾ ചിന്തിക്കുന്നില്ല. ഖുർആൻ പറയുന്നു:

''ഇന്നു നിങ്ങൾ വിലപിക്കേണ്ട. ഇന്ന് നിങ്ങൾക്ക് നമ്മിൽ നിന്ന് ഒരു സഹായവവും ലഭിക്കുകയില്ല തന്നെ. എന്റെ വചനങ്ങൾ നിങ്ങൾക്ക് വായിച്ചു കേൾപ്പിക്കപ്പെടാറുണ്ടായിരുന്നു. അപ്പോൾ നിങ്ങൾ പിന്തിരിഞ്ഞുപോയിക്കളയുകയായിരുന്നു. അതിനെ സംബന്ധിച്ച് (ഖുർആനെ സംബന്ധിച്ച്) അനുഭാവം നടിച്ചുകൊണ്ടും രാക്കഥ പറഞ്ഞുകൊണ്ടും അസംബന്ധം പുല

### മുസ്‌ലിം സമുദായത്തിന്റെ ശോച്യാവസ്ഥ

'ജനങ്ങളിൽ ഇസ്‌ലാമിന്റെ നാമവും വിശുദ്ധ ഖുർആന്റെ ലിപികളും മാത്രം അവശേഷിക്കുന്ന ഒരു കാലം വരും. പള്ളികൾ ജനനിബിഡമായിരിക്കും. എന്നാൽ അത് സന്മാർഗ്ഗത്തിൽ നിന്നും ശൂന്യമായിരിക്കും. അവരുടെ ഉലമാക്കൾ (മതപണ്ഡിതന്മാർ) ആകാശത്തിൻ കീഴിൽ ഉള്ളവരിൽവെച്ച് ഏറ്റവും ദുഷ്ടന്മാരായിരിക്കും. ഫിത്നകൾ (കുഴപ്പങ്ങൾ) അവരിൽ നിന്നും ഉൽഭവിക്കുകയും അവ അവരിലേക്കു തന്നെ മടങ്ങുകയും ചെയ്യും.'

*(ബൈഹഖി-മിശ്കാത്ത്)*

മ്പുകയായിരുന്നു. അപ്പോൾ അവർ ഈ വാക്കിനെ (ഖുർആനെ)പ്പറ്റി ചിന്തിച്ചിട്ടില്ലേ? അതല്ലെങ്കിൽ അവരുടെ പൂർവ്വ പിതാക്കൾക്ക് വന്നുകിട്ടിയ വല്ലുതുമാണോ അവർക്ക് വന്നിട്ടുള്ളത്? അല്ലെങ്കിൽ അവർ തങ്ങളുടെ ദൂതനെ തിരിച്ചറിഞ്ഞിട്ടില്ലേ? തന്നിമിത്തം അവരദ്ദേഹത്തെ നിഷേധിക്കുകയാണോ? അതല്ല അദ്ദേഹത്തിന് ഭ്രാന്തുണ്ടെന്ന് അവർ പറയുന്നുവോ? പക്ഷേ അദ്ദേഹം അവരുടെ അടുക്കൽ സത്യവും കൊണ്ടാണ് ചെന്നിരുന്നത്. എന്നാൽ അവരിൽ ബഹുഭൂരിപക്ഷവും സത്യത്തെ വെറുക്കുന്നവരാണ്. 'സത്യം അവരുടെ സേച്ഛകളെ പിൻപറ്റിയിരുന്നുവെങ്കിൽ ആകാശങ്ങളിലും ഭൂമിയിലും അവയിലുള്ളവരുമെല്ലാം കുഴപ്പത്തിലാകുമായിരുന്നു. യഥാർത്ഥത്തിൽ അവരുടെ അന്തസ്സിനുള്ള കരുക്കളും കൊണ്ടാണ് നാം അവരുടെ അടുക്കൽ ചെന്നത്. അപ്പോൾ അവർ തങ്ങളുടെ അന്തസ്സിനുള്ള കരുക്കളിൽ നിന്ന് പിന്തിരിഞ്ഞു കളയുന്നവരാണ്." (23: 66–72)

'ഞങ്ങൾ മുഹമ്മദ് നബി(സ)യിൽ വിശ്വസിക്കുന്നില്ല, പക്ഷേ റഹ്മത്തുൽ ലിൽ ആലമീനായ മുഹമ്മദ് നബി(സ)യെക്കൊണ്ട് ഞങ്ങൾക്ക് ഒരു പ്രയോജനവും കാണുന്നില്ലല്ലോ?' എന്ന് യഹൂദികളും ക്രിസ്ത്യാനികളും ചോദിക്കുന്നത് എത്രമാത്രം പരിഹാസ്യമാണോ അത്രയും പരിഹാസ്യമാണ് മുജാഹിദുകളുടെ വാദം. അല്ലാഹു അയക്കുന്ന പുണ്യാത്മാക്കളെ വിശ്വസിച്ച സമൂഹങ്ങളാണ് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കും രക്ഷക്കും പാത്രമാവുക എന്ന് ഖുർആൻ പറയുന്നു.

"അപ്പോൾ അവർക്ക് മുമ്പ് കാലഗതി പ്രാപിച്ചവർക്ക് വന്നുകഴിഞ്ഞ നാളുകൾ പോലുള്ളതല്ലാതെ അവർ പ്രതീക്ഷിക്കുന്നുണ്ടോ? എങ്കിൽ നിങ്ങൾ പ്രതീക്ഷിച്ചു കൊള്ളുക. ഞാനും നിങ്ങളോടൊപ്പം പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്നവരിലുണ്ട്. എന്നിട്ട് നാം നമ്മുടെ ദൂതന്മാരെയും വിശ്വസിച്ചവരെയും രക്ഷപ്പെടുത്തും. അപ്രകാരമാണ് നമ്മുടെ മേലുള്ള ബാദ്ധ്യത എന്ന നിലയിൽ നാം വിശ്വാസികളെ രക്ഷപ്പെടുത്തുന്നത് (10:103–104).

അല്ലാഹു അയച്ച പ്രവാചകന്മാരെ വിശ്വസിക്കലാണ് രക്ഷ. വിശ്വസിക്കുകയും ആ പുണ്യാത്മാക്കളുടെ മാർഗ്ഗദർശനത്തിനു കീഴിൽ ഒരു സമൂഹമായി ജീവിക്കുകയും ചെയ്യുമ്പോൾ അല്ലാഹുവിന്റെ രക്ഷയും സമാധാനവും അവരിൽ വർഷിക്കപ്പെടുന്നു. പ്രവാചക സമൂഹങ്ങളുടെ പരീക്ഷണാത്മകമായ കാലഘട്ടങ്ങളിൽ ലഭിക്കുന്ന ആത്മീയാനുഗ്രഹങ്ങളും, സാംസ്കാരികാഭ്യുന്നതിയും, സമാധാനവുമാണ് ഏറ്റവും മഹത്തായ വിജയങ്ങളെന്ന് യഹൂദികളെപ്പോലെയുള്ള സ്ഥൂല ബുദ്ധികൾക്ക് മനസ്സിലാവില്ല. ഖുർആന്റെ ചരിത്രപാഠമിതാണ്. ഭൗതികവിജയങ്ങൾ അതിന്നു പിന്നാലെ പിൽക്കാലത്തുണ്ടാവുന്ന അപ്രധാന പ്രതിഭാസം മാത്രം. അല്ലാഹു അയച്ചയാൾ തങ്ങൾക്ക് ഭൗതിക വിജയങ്ങളും, ഭരണവും, സമ്പത്തുമെല്ലാം കൊണ്ടുവന്ന് മുസ്ലിം കക്ഷി നേതാക്കന്മാരെയെല്ലാം വേണ്ട സ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ച് അവർ പ്രീതിപ്പെടുത്തിയതിനുശേഷം മസീഹാണെന്ന കാര്യം പരിശോധിക്കാം എന്ന ചിന്ത യഹൂദികളുടേതാണ്. മുജാഹിദുകൾ ഇസ്രയേലീ ജനത്തിന് മസീഹായി വന്ന ഈസാനബി(അ)യുടെ ചരിത്രം ഓർക്കുക. ആ മഹാത്മാവിനെ അവർ വ്യാജനാക്കി തള്ളി. വാഗ്ദത്ത ദൈവരാജ്യവും ഭൗതിക വിജയങ്ങളും പ്രതീക്ഷിച്ചിരിക്കുന്ന അവർ റോമൻ സാമ്രാജ്യത്തിന്റെ പ്രതിനിധിയായി പിലാത്തോസിനെക്കൊണ്ട് ചോദിപ്പിച്ചു: ആ വിജയങ്ങളെല്ലാം കൊണ്ടുവരുന്ന യഹൂദരുടെ രാജാവാണോ നീ'? യേശു പ്രതിവചിച്ചു 'എന്റെ രാജ്യം ഐഹികമല്ല' ഈ മറുപടിയാണ് യഹൂദികളെ അരിശം കൊള്ളിച്ചത്.

ഭരണവും ഭൗതികവിജയങ്ങളും മുസ് ലിംകൾക്ക് സമ്മാനിക്കുന്ന വാളേന്തിയ മസീഹ് ആകാശത്ത് നിന്നുവരുമെന്ന് യഹൂദികളെപ്പോലെ മുജാഹിദുകളും പ്രതീക്ഷിക്കുന്നു. മുസ്ലിംകളെ ആക്രമിക്കുന്ന അമേരിക്കയെയും ബ്രിട്ടനെയും, പാശ്ചാത്യശക്തികളെയും തുണ്ടം തുണ്ടമാക്കുന്ന ലോകസാമ്രാജ്യങ്ങൾ മുസ്ലിംകൾക്ക് സമ്മാനിക്കുകയും ചെയ്യുന്ന മസീഹിന്റെ ഖഡ്ഗമെവിടെയെന്നാണ് മുജാഹിദുകളുടെ വ്യംഗ്യമായ ചോദ്യം. യഹൂദികളെപ്പോലെ മുജാഹിദുകളും മുസ്ലിംകളുടെ വാഗ്ദത്ത മസീഹ് വാൾ കൊണ്ട് യുദ്ധം ചെയ്ത്, സാമ്രാജ്യങ്ങളും, ഭരണകൂടങ്ങളും അളവറ്റ ധനവും തങ്ങൾക്ക് നൽകുമെന്ന് ഗൂഢമായി വിശ്വസിക്കുന്നു. മസീഹ് വന്നിട്ടും ഇതൊന്നും എന്ത് കൊണ്ട് സംഭവിക്കുന്നില്ലാ എന്ന് യഹൂദികളെപ്പോലെ മുജാഹിദുകളും ചോദിച്ചുകൊണ്ട് മസീഹിനെ ആക്ഷേപിക്കുന്നത് നാം കാണുന്നു. മസീഹ് വന്ന് രണ്ടായിരം കൊല്ലം കഴിഞ്ഞിട്ടും വിശ്വസിക്കാൻ കഴിയാതെ അവിശ്വാസികളായി അലയുന്ന യഹൂദികളുടെ വിധി മുസ്ലിം സമൂഹത്തിന്ന് ഉണ്ടാകാതിരിക്കട്ടെ. അല്ലാഹു അയച്ച മസീഹിൽ വിശ്വസിച്ച് അവരുടെ ദുരിതപൂർണ്ണമായ വിധിയിൽ നിന്നും അല്ലാഹു മുസ്ലിം ലോകത്തെ രക്ഷിക്കട്ടെ. നിഷേധത്തിന്റെ ഭയാനകമായ കെടുതികളിൽ നിന്നും അവർക്ക് എത്രയും വേഗം മോചനം ലഭിക്കട്ടെ (ആമീൻ).

■

## ഖാസിയായി നിയമിച്ചു



**കോഴിക്കോട്:** ജ. അശ്റഫ് അലി സിദ്ധീഖ് സാഹിബിനെ ഹുസൂർ തിരുമനസ്സ് കേരള ഖാസിയായി നിയമിച്ചിരിക്കുന്നു. പഞ്ചാബ് യൂനിവേർസിറ്റിയിൽ നിന്ന് എച്ച്. എ. ബിരുദം നേടിയ അദ്ദേഹം കേരളത്തിലെ ആദ്യത്തെ സുബായി അമീറായിരുന്ന മർഹൂം സിദ്ധിഖ് അമീറലി സാഹിബിന്റെ പുത്രനാണ്.

| |
|---|
| വാർത്തകൾ |
| അനുസ്മരണം |

## ഖലീഫത്തുൽ മസീഹിന്റെ ആഫ്രിക്കാ പര്യടനം

**ലണ്ടൻ:** ഖലീഫത്തുൽ മസീഹ് തിരുമനസ്സ് കഴിഞ്ഞ രണ്ട് മാസങ്ങളിൽ നടത്തിയ പശ്ചിമാഫ്രിക്കാപര്യടനം പൂർത്തിയായി. ഘാന ബോർക്കിനോ ഫാസോ, ബെനിൽ, നൈജീരിയ എന്നീ രാജ്യങ്ങളിലെ നൂറു കണക്കിലുള്ള ജമാഅത്തുകൾ ഹുസൂർ തിരുമനസ്സ് സന്ദർശിച്ചു. പര്യടനവേളയിൽ 21 പുതിയ മസ്ജിദുകളും, നിരവധി സ്കൂളുകളും ആതുരാലയങ്ങളും പ്രചാരണ കേന്ദ്രങ്ങളും ഉദ്ഘാടനം ചെയ്യുകയുണ്ടായി.

ഇതിൽ ദഹോമിയിലെ കോട്ടോനനയിലെ ബൈത്തുത്തൗഹീദ് എന്നു പേരിട്ട മനോഹരമായ പടുകൂറ്റൻ പള്ളി പ്രത്യേകം പ്രസ്താവ്യമാണ്. 1987 ൽ നോബൽ സമ്മാന ജേതാവും വിശ്വപ്രശസ്ത അഹ്മദി ശാസ്ത്രജ്ഞനുമായ ഡോ. അബ്ദുസ്സലാം (മർഹൂം) സ്റ്റേറ്റ് ഗസ്റ്റ് ആയി ദഹോമി സന്ദർശിച്ചപ്പോൾ അദ്ദേഹത്തിന് ജുമാ നമസ്കാരത്തിന് അവിടുത്തെ ഏറ്റവും വലിയ പള്ളി സജ്ജീകരിച്ചിരുന്നു. അന്ന് ടിൻഷീറ്റുകൊണ്ടു കുടിൽപോലെ കെട്ടി ഉയർ ത്തിയ മസ്ജിദിൽ അദ്ദേഹം ജുമുഅ നിർവ്വഹിച്ചത് വാർത്താപ്രാധാന്യം പിടിച്ചു പറ്റിയിരുന്നു. ആ പള്ളിയാണ് ഇപ്പോൾ പുനർ നിർമ്മിച്ചത്. ആഫ്രിക്കയിലുടനീളം ജമാഅത്തിൽ പ്രവേശിച്ച നവ അഹ്മദികൾ അടക്കം പതിനായിരക്കണക്കിന് വരുന്ന വൻ ജനക്കൂട്ടങ്ങളാണ് ഹുസൂർ തിരുമനസ്സിനെ സ്വീകരിക്കാനെത്തിയത്.

## പള്ളി ഉദ്ഘാടനം ചെയ്തു

**സെയ്ഗോൺ:** (കംബോഡിയ) : കംബോഡിയയിലെ നോംപാംങ് എന്ന സ്ഥലത്ത് 2000 ചതുരശ്രമീറ്റർ ഭൂമിയിൽ നിർമ്മിച്ച പള്ളി ഉദ്ഘാടനം ചെയ്തു. 2001 നവംബറിലാണ് ഇവടെ ഥമോസ എന്ന സ്ഥലത്ത് ആദ്യമായി ജമാഅത്ത് സ്ഥാപിതമായത്. 2002 ജനവരിയോടെ ഈ പ്രദേശ നിവാസികളിൽ മുഴുവനും ജമാഅത്തിൽ പ്രവേശിക്കുയാണുണ്ടായത്. മസ്ജിദ് നൂറുദ്ദീൻ എന്നാണ് പള്ളിയുടെ പേര്.

**അനുസ്മരണം**

# ഹസ്റത്ത് സാഹിബ് സാദാ മിർസാ മുബാറക്ക് അഹ്മദ് സാഹിബ്



**റബ്വ** : (പാകിസ്താൻ) ഹസ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹിന്റെ പൗത്രനും ഹസ്റത്ത് മുസ്ലിഹ് മൗഊദിന്റെ പുത്രനും സദർ മജ്ലിസ് തഹ്രിക് ജദീദും ആയ ഹസ്റത്ത് സാഹിബ് സാദാ മിർസാ മുബാറക്ക് അഹ്മദ് സാഹിബ് (90) 2004 ജൂൺ 21-ാം തിയതി റബ്വയിൽ ദിവംഗതനായി. ഇന്നാലില്ലാഹി.....

ഹസ്റത്ത് ഖലിഫത്തുൽ മസീഹ് ദ്വിതിയന്റെ ഖിലാഫത്ത് സ്ഥാനാരോഹണത്തിന്നു രണ്ടുമാസങ്ങൾക്കു ശേഷം 1914 മെയ് 9-ാം നുയാണദ്ദേഹം ഖാദിയാനിൽ ഭൂജാതനായത്. പരേതൻ മൗലവി ഫാസിൽ (H.A.), B.A. പരീക്ഷകൾ പാസ്സായതിന്നുശേഷം 1944-ൽ തന്റെ ജീവിതം ജമാഅത്തിന്നുവേണ്ടി വഖ്ഫ് ചെയ്യുകയുണ്ടായി. ജമാഅത്തിന്റെ പല ഉന്നത ഉദ്യോഗങ്ങളും വഹിച്ചതിന്നുശേഷം വക്കീൽ അഅ്ലാ, വക്കീൽ തബ്ശീർ, എന്നീ ഉദ്യോഗങ്ങൾ 1953 മുതൽ 1982 വരെ സ്തുത്യർഹമാംവണ്ണം നിർവഹിക്കുകയുണ്ടായി. 1988 മുതൽ വഫാത്ത് വരെ മജ്ലിസ് തഹ്രീക് ജദീദിന്റെ പ്രസിഡണ്ടായിരുന്നു. അദ്ദേഹം യൂറോപ്പ്, അമേരിക്ക, ഇൻഡോനേഷ്യ, ഇറാൻ, തുർക്കി, ചൈന, ആഫ്രിക്ക എന്നീ നാടുകൾ സന്ദർശിച്ച് അവിടങ്ങളിലുള്ള പ്രചാരണ പ്രവർത്തനങ്ങളെ ഊർജ്ജിതപ്പെടുത്തിക്കൊണ്ടിരുന്നു.

പരേതന്റെ പത്നി, ഹസ്റത്ത് വാഗ്ദത്ത മസീഹിന്റെ പൗത്രിയും നവാബു മുഹമ്മദു അബ്ദുല്ലാഖാൻ എന്നവരുടെ പുത്രിയായിരുന്നു. പുത്രന്മാർ: സാഹിബ് സാദാ മിർസാ മുജീബ് അഹ്മദ്, സാഹിബ് സാദാ ഡോക്ടർ മിർസാ ഖാലിദ് തസ്ലിം അഹ്മദ്, പുത്രി: സാഹിബ് സാദി അമത്തുൽ ബാഖി. നാലാം ഖിലാഫത്തിന്റെ തെരഞ്ഞെടുപ്പു മുബാറക്ക് അഹ്മദ് സാഹിബിന്റെ അദ്ധ്യക്ഷതയിലായിരുന്നു നടന്നത്.

## ഡോ. റസിയാ മസ്ഊദ്

**പഴയങ്ങാടി:** കരുനാഗപള്ളി ജമാഅത്ത് അംഗമായ മസ്ഊദ് അഹ്മദ് സാഹിബിന്റെ ഭാര്യയും പഴയങ്ങാടി സ്വദേശിയുമായ ഡോ. റസിയാ മസ്ഊദ് (57) വെള്ളിയാഴ്ച (11. 06. 2004) കോഴിക്കോട് നിര്യാതയായി.

പഴയങ്ങാടി ജമാഅത്തിലെ ആദ്യകാല അഹ്മദികളിൽപ്പെട്ട മർഹൂം സി. അബ്ദുറഹിം സാഹിബിന്റെ ഇളയ മകളാണ് പരേത. മക്കൾ: ഡോ. ഹസീന ഫസൽ (ട്യൂട്ടർ, കോഴിക്കോട് മെഡിക്കൽ കോളേജ്), ഹസീബ് അഹ്മദ്. ജാമാതാവ്: തിരുവനന്തപുരം ജമാഅത്തു അംഗം ഫസ്ൽ ജമാൽ (കേരള ഹൈക്കോടതി, എറണാകുളം). പരേതക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

■